Date of publication: 9 സെപ്റ്റംബർ 2016
വോള്യം 12 / ലക്കം 3 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## വേറിട്ട അദ്ധ്യാപനവഴികൾ

ഓണം-ബക്രീദ് ആശംസകൾ

# സംഘടിത

സംഘടിത|സെപ്തംബർ 2016 |വോള്യം 12 |ലക്കം 3

**കവർ**-Tearing the Veil by Rani Jha



## വേറിട്ട അദ്ധ്യാപനവഴികൾ

### ചർച്ചാവിഷയം


ഭാഷാഹത്യയും വംശഹത്യയും ചെറുക്കേണ്ട ബോധനം 5
**സിന്ദു സാജൻ**

11 ദലിത് ജീവിതത്തിന്റെ ഉത്തരങ്ങളമായി ലോകൂത്തര
**അമൃത**

ശരീരത്തെ അതിവർത്തിക്കുന്ന ശാരീരവിനിമയങ്ങൾ 14
**ഷർമ്മിള ആർ.**

19 കാഴ്ചാപരിമിതി നിർണ്ണയിക്കേണ്ടാത്ത അധ്യാപനപരിസരങ്ങൾ
**റിം ഷംസുദ്ദീൻ**

‘ഇല്ലെ ഞാൻ പോവാളെ....’ 22
**ഹബീബ**

രാധികയും വിജയും പാഠപുസ്തകങ്ങളാകുന്നതെങ്ങനെ? 25
**സിന്ധു സാജൻ**

30 ’ആശാത്തി’ എന്നത് അവരുടെ പേരല്ല, പിന്നെ...?
**ശ്രീദേവി**

കാമ്പസ് എന്ന പേടി 40
**സെലീന പ്രക്കാനം**

ഒരു വയനാടൻ യാത്രയുടെ ഓർമ്മയ്ക്ക് 52
**മീന**


### അഭിമുഖം


16 വയനാട്ടിൽ നിന്ന് റയോയിലേക്ക്: പന്തയപ്പാതയിലെ വിജയിടീച്ചർ
**കൃഷ്ണവേണി**


## ഫോട്ടോ ഫീച്ചർ : വേറിട്ട അദ്ധ്യാപക മുഖങ്ങൾ


കുഞ്ഞീബിയുടെ ശരിയും തെറ്റും 42
**അമീറ വി.യു.**

കവിത 43
**ഷീജ പാണ്ടലങ്ങാട്ട്**

കേസ് ഡയറി 59
**സ്മിത**

കവിത 10
**സരോജ ജയശങ്കർ**

44 പെൺപക്ഷം
**അജിത കെ.**

55 പുസ്തകയാത്രകൾ
**എം.ഡി.രാധിക**

54 വാസ്തവം
**ഡോ.ജാൻസി ജോസ്**

27 ഉപ്പും മുളകും
**ഗീത**

45 ലേഖനം
**പ്രസീത പി.**

60 റിപ്പോർട്ട്
**അധ്വ. ആസിജ പുല്ലോളിൽ**

61 ശാസ്ത്രം
**സീമ ശ്രീലയം**


**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഷർമ്മിള.ആർ, സോണിയ ജോർജ്, **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ഗുജറാത്തിലെ ഉനയിൽ നിന്നുയർന്ന വൻ പ്രതിഷേധത്തിന്റെയും സംഘാടനത്തിന്റേയും തീപ്പൊരികൾ ദലിതധികാരസ്ഥാപനത്തിന്റെ സമരാഗ്നിയായി ജ്വലിച്ചുയർന്നിരിക്കുന്നു. ഭരണകൂട സവർണ്ണ സ്വാതന്ത്ര്യസങ്കല്പങ്ങളെ വെല്ലുവിളിച്ച് രാധിക വെമുല ആഗസ്റ്റ് 15 ന് ഉദ്ഘാടനം ചെയ്ത റാലി വരും കാലത്തിന്റെ ജനാധിപത്യ പ്രതീക്ഷകളിലേക്കുള്ള ആഹ്വാനമാണ്. മുഖ്യധാരാ മാധ്യമങ്ങളിൽ സ്ഥാനം പിടിക്കാത്ത ഈ പ്രതിഷേധങ്ങൾ കീഴാളമാക്കപ്പെട്ടവരുടെ ശക്തമായ കർതൃത്വസ്ഥാനങ്ങളുടെ അടയാളപ്പെടുത്തലുകൾ കൂടിയാണ്.

ദേശരാഷ്ട്രങ്ങളുടെ യുക്തികളുടെ നടത്തിപ്പുകാരായിട്ടേ എന്നും ഒരോ രാജ്യങ്ങളിലേയും വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലനിന്നിട്ടുള്ളൂ. ദേശഭക്തിയും പൗരബോധവും വളർത്താനും 'രാഷ്ട്ര പുനർനിർമ്മാണ ' ത്തിനുള്ള മാനവശേഷി ഉദ്പാദിപ്പിക്കാനും ലക്ഷ്യമിടുന്ന വിദ്യാഭ്യാസപദ്ധതികൾ വാസ്തവത്തിൽ ധാരാളം ജനവിഭാഗങ്ങളെ പുറത്തു നിർത്തിക്കൊണ്ടാണ് നടപ്പിലാവുന്നത്. വിദ്യാഭ്യാസം മൗലികാവകാശമായിരുന്നിട്ടും സംവരണവും ഫീസ് ആനുകൂല്യങ്ങളുമൊക്കെ നിലവിലുണ്ടായിട്ടും അരികുവൽക്കരിക്കപ്പെട്ടവർക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്നും കയറാമലയാണ്. ഹിംസാത്മകമായ മുഖ്യധാരാമാനകങ്ങൾ ഏറ്റവും 'അനുയോജ്യ'രായവരെ മാത്രം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുകയും നിലനിർത്തുകയും ചെയ്തുപോരുന്നു കാലാകാലമായി.ദലിതർ, ആദിവാസികൾ തുടങ്ങിയവരുടെ ജീവിതങ്ങൾ ഉൾക്കൊള്ളാൻ ശേഷിയില്ലാത്ത വിദ്യാനയങ്ങൾ, അംഗപരിമിതിയുള്ളവരെ ബഹിഷ്കൃതരാക്കി മാറ്റുന്ന കാഴ്ചപ്പാടുകൾ, തെരുവിൽ ജീവിതം ചെലവഴിക്കേണ്ടിവരുന്നവരെയും വേശ്യകളാക്കപ്പെട്ടവരെയും നീചരായി സ്ഥാപിക്കുന്ന സദാചാരവിദ്യാഭ്യാസസംസ്ക്കാരം -ഇവയൊക്കെ ഭേദിക്കാൻ ശേഷിയും ധൈര്യവും കാണിച്ച അധ്യാപകർ ധാരാളമുണ്ട് നമുക്ക് ചുറ്റിലും. വേറിട്ട അദ്ധ്യാപന വഴികളിലൂടെ സഞ്ചരിക്കുന്ന സെപ്റ്റംബർ ലക്കം സംഘടിത വേറിട്ട അദ്ധ്യാപകദിനാശംസകളോടെ സമർപ്പിക്കട്ടെ.



ചർച്ചാവിഷയം

സിന്ദു സാജൻ

# ഭാഷാഹത്യയും വംശഹത്യയും ചെറുക്കേണ്ട ബോധനം

**തന്റേതല്ലാത്ത ഭാഷയിൽ അച്ചടിച്ച പാഠപുസ്തകത്തിലേക്കും തന്റേതല്ലാത്ത ഭാഷ സംസാരിക്കുന്ന അധ്യാപകരുടെ നേർക്കും നോക്കാനാവാതെ ഈ കുട്ടികൾ ക്ലാസ്മുറിയിലും സ്കൂളിലും മൗനത്തിലേക്ക് മടങ്ങുന്നു. സ്വന്തം സംഘത്തിനിടയ്ക്ക് മാത്രം ക്രിയാത്മകതയുള്ളവരും വാചാലരുമാകുന്നു. വിശാലമായ പ്രകൃതിയും കാടും പുഴയും കിളികളും സ്വന്തമായുണ്ടായിട്ടും ആത്മവിശ്വാസം നഷ്ടപ്പെട്ടവരായി മാറുന്നു.**

അട്ടപ്പാടിയിലെ ആദിവാസികൾ അനുഭവിക്കുന്ന വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അന്യവൽക്കരണത്തിന്റെയും അടിച്ചമർത്തലിന്റെയും അടിസ്ഥാനപരമായ കാരണങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്ന ചില കണ്ടെത്തലുകൾ–

ഞാൻ കഴിഞ്ഞ 15 വർഷക്കാലമായി അട്ടപ്പാടിയിലെ അഗളി ഗവ.സ്കൂളിൽ അധ്യാപികയായി ജോലി ചെയ്തുവരികയാണ്. അട്ടപ്പാടിയെ നിരന്തരം നോക്കിക്കാണുകയും ഇവിടെ നിന്ന് പുറത്തു വരുന്ന വാർത്തകളെ പിൻതുടരുകയും ചെയ്യുന്ന ഒരു വ്യക്തികൂടിയാണ്. അധ്യാപിക എന്ന നിലയിൽ ഇവിടത്തെ ആദിവാസി വിദ്യാർത്ഥികളുമായി നേരിട്ട് ഇടപെടുന്നയാൾ കൂടിയായതിനാൽ ഇത്തരം പ്രശ്നങ്ങൾ നിരന്തരം അഭിമുഖീകരിക്കേണ്ടി വരികയും ചെയ്യുന്നു.

ആദിവാസികളുടെ മാതൃഭാഷ മലയാളമല്ല. അട്ടപ്പാടിയിലെ മൂന്നു ഗോത്രവിഭാഗങ്ങൾക്കും (ഇരുള, മുഡുക, കുറുമ്പ) തനതായ ഭാഷയാണുള്ളത്. എന്നാൽ വിദ്യാലയങ്ങളിൽ ഈ ഭാഷ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കില്ല. അഡ്മിഷൻ രജിസ്റ്ററിൽ പോലും മാതൃഭാഷയുടെ കോളത്തിൽ പഠനമാധ്യമമാണ് രേഖപ്പെടുത്തുന്നത്.

കേരളത്തിൽ താമസിക്കുന്നവരായതുകൊണ്ടു



തന്നെ പഠനമാധ്യമം മുഖ്യമായും മലയാളമാണല്ലോ. എന്നാൽ അട്ടപ്പാടിയുടെ ഗോത്രവർഗ്ഗഭാഷകളും ഈ കുട്ടികൾ നിരന്തരസമ്പർക്കത്തിലേർപ്പെടുന്ന മലയാളവും തമ്മിൽ വലിയ അന്തരമുണ്ട്. ഇവ പലപ്പോഴും നേർ വിപരീതാർത്ഥങ്ങളുമാണ്.

കെരെ എന്ന് ആദിവാസിഭാഷയിൽ പറയുന്നത് പുഴ അല്ലെങ്കിൽ തോട് ആണ്. തത്ത എന്നത് ആദിവാസി വിദ്യാർത്ഥിക്ക് വെറും 'കിളി' മാത്രമാണ്. മലയാളപാഠപുസ്തകത്തിലെ ആദ്യാക്ഷരം പഠിപ്പിക്കുന്നതിനായുള്ള തറ എന്താണെന്ന് അവർക്കറിയില്ല. അത്തരത്തിലൊരു തറ അവർ കണ്ടിട്ടേയില്ല. തറ എന്നതിന് അവർ പള്ളിയെന്നാണ് പറയുന്നത്. കാട് എന്നാൽ കൃഷിസ്ഥലവും കപ്പെ എന്നാൽ തവളയുമാണ്. വട്ടമിട്ടിരിക്കാൻ പറഞ്ഞാൽ അവർ പാത്രങ്ങളെടുത്താവും വരുന്നത്. കാരണം വട്ടം അവർക്ക് പാത്രമാണ്. 'പോകില' എന്നുപറഞ്ഞാൽ 'ഞാൻ പോകും' എന്നുതന്നെയാണ് അവരുദ്ദേശിക്കുന്നത്. അരണയും മൈനയും അവർക്ക് റണ്ണെയും കാകുളുവുമാണ്. 'നായ' എന്ന് ആദിവാസി പറഞ്ഞാൽ അതിനർത്ഥം 'ഭാഷ' യെന്നാണ്. ആദിവാസി മുഡുഗ ഭാഷയിൽ 'അമ്മെ' എന്നു വിളിക്കുന്നത് അച്ഛനെയാണ്. അമ്മയെ 'അഗ്ഗെ' എന്നാണ് അവർ വിളിക്കുക. ഒരു നഴ്സറി ക്ലാസിൽ ടീച്ചർ അമ്മയുടെ പേര് ചോദിച്ചാൽ കുട്ടി അച്ഛന്റെ പേരായിരിക്കുമല്ലോ സ്വാഭാവികമായും പറയുക. ഇങ്ങനെ സംഭവിച്ചാൽ അച്ഛനേയും അമ്മയേയും പോലും തിരിച്ചറിയാനാകാത്തവർ എന്ന പേരിൽ സ്വാഭാവികമായും മാറ്റിനിർത്തപ്പെടും. പാർശ്വവത്ക്കരണം ഇവിടെ തുടങ്ങുകയായി.

ആദിവാസിക്കുട്ടിക്കും സ്വന്തമായി ഭാഷയുണ്ട് എന്നും അതിലെ ശബ്ദത്തിന് മലയാളഭാഷയിലെ ശബ്ദങ്ങൾക്കുള്ള അർത്ഥമല്ല ഉള്ളതെന്നും അവരെ അംഗൻവാടി മുതൽ പഠിപ്പിക്കുന്ന അധ്യാപകർക്കും ആദിവാസി ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കും അറിയാതെ വരുന്നു. അഥവാ അറിയാനുള്ള സാഹചര്യം അവർക്ക് ലഭിക്കു



**ആദിവാസിക്കുട്ടിക്കും സ്വന്തമായി ഭാഷയുണ്ട് എന്നും അതിലെ ശബ്ദത്തിന് മലയാള ഭാഷയിലെ ശബ്ദങ്ങൾക്കുള്ള അർത്ഥമല്ല ഉള്ളതെന്നും അവരെ അംഗൻവാടി മുതൽ പഠിപ്പിക്കുന്ന അധ്യാപകർക്കും ആദിവാസി ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കും അറിയാതെ വരുന്നു. അഥവാ അറിയാനുള്ള സാഹചര്യം അവർക്ക് ലഭിക്കുന്നില്ല.**

ന്നില്ല.

നഴ്സറിക്ലാസ് മുതൽ തന്നെ സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താനാകാതെ പരിഷ്കൃതർ എന്ന് സ്വയം ധരിച്ചുവെച്ചിരിക്കുന്ന പുറംലോകത്തിനു മുമ്പിൽ വായ് മൂടിക്കെട്ടി അപകർഷബോധത്തോടെ ജീവിക്കേണ്ടി വരുന്ന ഈ കുട്ടികളുടെ നിസ്സഹായമായ വേദനകൾ നാളിതുവരെ ഏതെങ്കിലും മാധ്യമങ്ങളിലൂടെ വേണ്ടത്ര ഗൗരവത്തോടെ ആവിഷ്കരിക്കപ്പെട്ടിട്ടില്ല.

അട്ടപ്പാടിയിലെ ആദിവാസിമേഖലയിലെ വിദ്യാർത്ഥികളുടെ ഇത്തരമവസ്ഥകൾ മുഖ്യധാരാവിദ്യാഭ്യാസമേഖലയിലും ഇപ്പോഴും കൃത്യമായി അടയാളപ്പെടുത്തിയിട്ടില്ലാത്ത ഒന്നാണ്.

തന്റേതല്ലാത്ത ഭാഷയിൽ അച്ചടിച്ച പാഠപുസ്തകത്തിലേക്കും തന്റേതല്ലാത്ത ഭാഷ സംസാരിക്കുന്ന അധ്യാപകരുടെ നേർക്കും നോക്കാനാവാതെ ഈ കുട്ടികൾ ക്ലാസ്മുറിയിലും സ്കൂളിലും മൗനത്തിലേക്ക് മടങ്ങുന്നു. സ്വന്തം സംഘത്തിനിടയ്ക്ക് മാത്രം ക്രിയാത്മകതയുള്ളവരും വാചാലരുമാകുന്നു. വിശാലമായ പ്രകൃതിയും കാടും പുഴയും കിളികളും സ്വന്തമായുണ്ടായിട്ടും ആത്മവിശ്വാസം നഷ്ടപ്പെട്ടവരായി മാറുന്നു. പ്രകൃതിയുടെ താളങ്ങൾ നന്നായി അറിയാമെന്നതുകൊണ്ടു തന്നെ അതിജീവനത്തിന്റെ പാഠങ്ങൾ കൃത്യമായി ഉൾക്കൊള്ളാനും ഈ കുട്ടികൾക്കാകും. എന്നിട്ടും ജീവിതത്തിൽ ഇവർ പരാജയപ്പെടുന്നു.

അട്ടപ്പാടിയിലെ വിദ്യാലയങ്ങളിലെ അഡ്മിഷൻ രജിസ്റ്റർ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രശ്നത്തിന്റെ ആഴം ബോധ്യപ്പെടും. ആദിവാസികളിൽ ഏതു വിഭാഗത്തിൽപ്പെട്ട കുട്ടിയായാലും ഭാഷയേതെന്ന് ചോദിച്ചാൽ ഇരുളാന്ത്നായ മുഡുഗനായ, കുറുമ്പനായ എന്നൊക്കെയാവും പറയുക. എന്നാൽ അഡ്മിഷൻ രജിസ്റ്ററിൽ ഏകപക്ഷീയമായി ഇതെല്ലാം 'മലയാളം' മാത്രമാകുന്നു.

ഒരുദാഹരണം നോക്കൂ.

രംഗിയുടെയും ചെല്ലന്റെയും മക്കളായ വെള്ളിങ്കിരിയുടെയും സെൽവിയുടെയും സ്കൂൾ സർട്ടിഫിക്കറ്റുകൾ.

ഒരേ വീട്ടിൽ ജീവിക്കുന്ന ഒരേ അച്ഛനമ്മമാരുടെ മക്കളായ സഹോദരന്റെയും സഹോദരിയുടെയും മാതൃഭാഷ വിഭിന്നം! കുട്ടിയുടെ പഠനമാധ്യമമെന്തോ അതാണിവിടെ മാതൃഭാഷയായി രേഖപ്പെടുത്തുന്നതെന്ന് വ്യക്തം.

മാതൃഭാഷ ഏതെന്ന് നിർവ്വചിക്കാനാവാത്ത, സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താൻ അവസരം നിഷേധിക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ ഈയവസ്ഥ ഇവർ നേരിടുന്ന സ്വത്വപ്രതിസന്ധിയുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നു.

എല്ലാ കുട്ടികളേയും സ്കൂളിലെത്തിക്കുന്നതിനുള്ള ധാരാളം പദ്ധതികൾ വിദ്യാഭ്യാസവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോമും പുസ്തകവും ഉച്ചഭക്ഷണവും ലഭ്യമാക്കുന്നതിൽ അതീവജാഗ്രത പു

ലർത്തുമ്പോഴും അടിസ്ഥാനപരമായ ഇത്തരം പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ വേണ്ടത്ര പ്രാധാന്യത്തോടെ എത്തുന്നില്ല എന്നതാണ് പ്രശ്നം.

പൊതുവെ പറഞ്ഞാൽ അട്ടപ്പാടിയെയും ആദിവാസിയേയും രക്ഷിക്കാനായി നടപ്പാക്കുന്ന ഓരോ പദ്ധതിയും ഈയൊരർത്ഥത്തിൽ അവരുടെ തനതു ജീവിതത്തെയും സംസ്ക്കാരത്തെയും  പതുക്കെ ഇല്ലാതാക്കുകയാണ്. ഫലത്തിൽ പ്രശ്നങ്ങളുടെ പുറംപാളിയിൽ മാത്രമായി പ്രശ്നാപഗ്രഥനവും പ്രതിരോധവും ഒതുങ്ങിപ്പോകുന്നു എന്നതാണ് യാഥാർത്ഥ്യം.

ഒരു സമൂഹത്തെ നിശ്ശബ്ദരാക്കുന്നതിൽ അഥവാ പ്രതികരണശേഷി ഇല്ലാത്തവരാക്കുന്നതിൽ ഭാഷാധിനിവേശത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. ഭാഷ ഇല്ലാതാകുന്നതിലൂടെ സംസ്ക്കാരം തന്നെയാണ് ഇല്ലാതാകുന്നത്. അട്ടപ്പാടിക്ക് സംഭവിച്ചിട്ടുള്ള അപചയത്തിനടിസ്ഥാനം ഈ ഭാഷാ നഷ്ടം തന്നെയാണെന്നതിൽ സംശയമില്ല.

മറ്റാരേയും പോലെ ഇന്നത്തെ സാഹചര്യത്തിൽ മൂന്നു വയസ്സു മുതൽ ആദിവാസിക്കുട്ടിയും കുടുംബത്തിൽ നിന്നകലെ പോയിത്തുടങ്ങുന്നു. തങ്ങൾക്കറിയാത്ത ഭാഷ സംസാരിക്കുന്ന ടീച്ചറെ ഭയന്ന് അവർ നിശ്ശബ്ദരാകുന്നു. ഈ മൗനം ജീവിതാവസാനം വരെ ആദിവാസിയെ പിൻതുടരുന്നു.

കേരളത്തിന്റെ മാത്രമല്ല; ലോകത്തിന്റെ തന്നെ ശ്രദ്ധാകേന്ദ്രമായ ആദിവാസിമേഖലയായ അട്ടപ്പാടിയുടെ പ്രശ്നങ്ങൾ ശക്തമായ ഭാഷയിൽ ലോക



ആവശ്യത്തിനുണ്ടായിരുന്നു. ഊരിലെ പൊതുസ്ഥലത്ത് കൂത്ത് നടത്തുകയും പൊതുയിടത്ത് ഭക്ഷണം പാകം ചെയ്ത് ഒന്നിച്ച് കഴിക്കുകയും ചെയ്തിരുന്നു. ഊരിലെ അമ്മമാർ എല്ലാ കുഞ്ഞുങ്ങളുടെയും അമ്മമരായിരുന്നു.

പത്തുവർഷം മുൻപ് വരെ ഒരാണ്ടിനുവേണ്ട മുഴുവൻ ധാന്യങ്ങളും ഓരോ ആദിവാസി ഭവനങ്ങളിലും സംഭരിച്ചുവെച്ചിരുന്നു. പ്രധാന ആഘോഷമായ മല്ലീശ്വരൻ മുടിയിലെ ശിവരാത്രിക്കുവേണ്ടി, ധാന്യാഹാരം ഒഴിവാക്കി പകരം ഭക്ഷിക്കുന്നതിന് ചീരവിത്തുകൾ സൂക്ഷിച്ചിരുന്നു. ഇപ്പോൾ


| | | |
|---|---|---|
| പേര് | വെള്ളിങ്കിരി | സെൽവി |
| പഠിക്കുന്ന ക്ലാസ് | 5 സി | 7 ബി |
| അച്ഛൻ | ചെല്ലൻ | ചെല്ലൻ |
| അമ്മ | രംഗി | രംഗി |
| വീട്ടിൽ സംസാരിക്കുന്ന ഭാഷ | മുഡുഗ | മുഡുഗ |
| പഠന മാധ്യമം | മലയാളം | തമിഴ് |
| മാതൃഭാഷ | മലയാളം | തമിഴ് |

ത്തിനു മുൻപിൽ അവതരിപ്പിക്കപ്പെടാത്തതിന്റെ കാരണവും തനതുഭാഷ നൽകുന്ന സുരക്ഷിതത്വം നഷ്ടമാകുന്നതുതന്നെയല്ലേ?

ആദിവാസിയുടെ ഈ മൗനം നൽകുന്ന സുരക്ഷിതത്വത്തിൽ നാം അധിനിവേശം തുടരുകയാണ്. കൃഷിയിൽ, ഭക്ഷണരീതിയിൽ ആദിവാസിയുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും അധിനിവേശം പിടിമുറുക്കിയിരിക്കുകയാണ്. ഏറ്റവുമൊടുവിൽ ആദിവാസിക്കൂത്തിന്റെ താളത്തിൽ പോലും ഈ അധിനിവേശം ദൃശ്യമാകുന്നു.

135 തരം ഇലക്കറികൾ സ്വന്തമായിട്ടുള്ളവരായിരുന്നു അട്ടപ്പാടിയിലെ ആദിമ ജനവിഭാഗം. റാഗി, ചാമ, തിന, കോറ, കരിമ്പ്, വരഗ് എന്നിവയും കാട്ടുതേനും ഇടക്കൊക്കെ കാട്ടുമൃഗങ്ങളുടെ ഇറച്ചിയും





അട്ടപ്പാടിയിൽ അധികമാരും കൃഷി ചെയ്യുന്നില്ല. ആദിവാസി വീടുകളിലൊന്നിലും വിത്തുകളോ ധാന്യങ്ങളോ ആരും സൂക്ഷിക്കുന്നില്ല.

കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി കിച്ചനും പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള ന്യൂട്രീഷൻ റീഹാബിലിറ്റേഷൻസെന്ററുമാണ് ആദിവാസിക്ക് ഇന്ന് അഭയം. കൃഷിയും തനതുജീവിതവും നഷ്ടമാകുന്നത് സംസ്ക്കാരനാശത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഒരു ജനവിഭാഗത്തിന്റെ ഭാഷയും സംസ്ക്കാരവും ഇല്ലാതാക്കിക്കൊണ്ട് അവരെ ചരിത്രത്തിൽ നിന്ന് ഉൻമൂലനം ചെയ്യുന്ന പ്രക്രിയയാണിപ്പോൾ അട്ടപ്പാടിയിൽ സംഭവിക്കുന്നത്.

**135 തരം ഇലക്കറികൾ സ്വന്തമായിട്ടുള്ളവരായിരുന്നു അട്ടപ്പാടിയിലെ ആദിമ ജനവിഭാഗം. റാഗി, ചാമ, തിന, കോറ, കരിമ്പ്, വരഗ് എന്നിവയും കാട്ടുതേനും ഇടക്കൊക്കെ കാട്ടുമൃഗങ്ങളുടെ ഇറച്ചിയും ആവശ്യത്തിനുണ്ടായിരുന്നു. ഊരിലെ പൊതുസ്ഥലത്ത് കൂത്ത് നടത്തുകയും പൊതുയിടത്ത് ഭക്ഷണം പാകം ചെയ്ത് ഒന്നിച്ച് കഴിക്കുകയും ചെയ്തിരുന്നു. ഊരിലെ അമ്മമാർ എല്ലാ കുഞ്ഞുങ്ങളുടെയും അമ്മമരായിരുന്നു.**

**ഒരു സമൂഹത്തെ നിശ്ശബ്ദരാക്കുന്നതിൽ അഥവാ പ്രതികരണശേഷി ഇല്ലാത്തവരാക്കുന്നതിൽ ഭാഷാധിനിവേശത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. ഭാഷ ഇല്ലാതാകുന്നതിലൂടെ സംസ്ക്കാരം തന്നെയാണ് ഇല്ലാതാകുന്നത്.**



കവിത



സരോജ ജയശങ്കർ

# വര

വരച്ചു ...അല്ല
വരയ്ക്കാൻ ശ്രമിച്ചു
ഒന്നല്ല, ഒരുപാട് ചിത്രങ്ങൾ

അറിയാവുന്ന ചായങ്ങളൊക്കെ
തേച്ച് തേച്ച് ഭംഗിയാക്കി

നോക്കുന്തോറും
ജീവൻ തുടിയ്ക്കും
പോലത് തിളങ്ങി

മിടിയ്ക്കുന്നൊരു
ഹൃദയമുണ്ടതിനെന്ന
തോന്നൽ

മതി വരാതെ
വീണ്ടും വീണ്ടും
മോടി കൂട്ടി ...

കുളിപ്പിച്ച് കുളിപ്പിച്ച്...
അത് പോലായോ!!

എത്ര ചായം തേച്ചിട്ടും
തെളിഞ്ഞു തെളിഞ്ഞു
വരുന്ന വിരക്തിയുടെ
വിറങ്ങലിച്ച വെളുപ്പ് ...

അപ്പോഴാണ് ...

അപ്പോൾ മാത്രമാനറിഞ്ഞത്
വരച്ചതെല്ലാം
വെള്ളത്തിലായിരുന്നെന്നു...

# വെള്ളത്തിൽ വരച്ച വര ...

ഞാൻ ഒരു പൂച്ച
കേൾക്കണം
നിങ്ങളെന്റെ കഥ

പണ്ട് പണ്ട്
പണ്ടെയ്ക്കും പണ്ട്
എനിയ്ക്കുമുണ്ടായിരുന്നൊരു
കൂട്ടുകാരൻ

പാൽ കുടിയ്ക്കുമ്പോൾ
കണ്ണടയ്ക്കണമെന്നു
ഉപദേശിച്ചവൻ
പക്ഷെ ...
വീട്ടുകാർ വന്നപ്പോൾ
അവനെ കണ്ടില്ല!

അവനുവേണ്ടി
അടുക്കളയിൽ നിന്ന്
പൊരിച്ച മീൻ
ഒളിച്ചെടുത്തു
ഞാൻ കള്ളിയായി...
ഒട്ടും കുറ്റബോധമില്ലാതെ !
ഇന്നും
എനിയ്ക്ക് വിളിപ്പേര്
'കള്ളിപ്പൂച്ച '.

അവൻ കാട്ടിത്തന്ന
സ്വപ്നങ്ങൾ
വാറ്റിയാണ് ഞാൻ
മദിര ചമച്ചത്
ആ മത്തിൽ മുങ്ങാതെ
അവനൊഴിഞ്ഞു...

അപ്പോൾ
ഞാൻ അവനുവേണ്ടി
കരുതിവെച്ച മീൻതല
ഉറുമ്പുകൾക്ക്
സദ്യയാവുകയായിരുന്നു

പ്രണയാഘാതം
സമ്മാനിച്ച ഉണങ്ങാത്ത
പൊള്ളലിൽ
ഇന്നും
ചൂടുവെള്ളപ്പേടിയുമായി
ഞാൻ ...



# ദലിത് ജീവിതത്തിന്റെ ഉത്തരങ്ങളുമായി ലോകൂത്തര



അമൃത

കേരളസമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ വിദ്യാഭ്യാസപുരോഗതിയെ ലക്ഷ്യം വച്ച് ജയ് ബീം ഇന്റർനാഷണലുമായി സഹപ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനമാണ് ലോകൂത്തര ലീഡർഷിപ്പ് അക്കാദമി. ഇന്നത്തെ സമകാലീന സാമൂഹ്യസാഹചര്യത്തിൽ ദലിത്/ആദിവാസി വിദ്യാർത്ഥികൾ നേരിട്ട് കൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ധാരാളം ചർച്ചകൾക്കും തർക്കങ്ങൾക്കും ദിനംപ്രതി നാം കാഴ്ചക്കാരായിക്കൊണ്ടിരിക്കുകയാണ്. പ്രൈമറി വിദ്യാഭ്യാസം മുതൽ വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലമായ ഗവേഷണ മേഖലയിൽ പോലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ദലിത്/ആദിവാസി വിഭാഗത്തിലുള്ളവരും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും കൊഴിഞ്ഞ് പോക്കും ഗൗരവമായി പരിഹരിക്കപ്പെടേണ്ട ഒന്നാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ ഭൂരി



ആധുനിക വിദ്യാഭ്യാസമേഖല കച്ചവട/വിപണി മൂല്യ/സാമ്പത്തിക ലാഭക്കൊതിയോടെ മാത്രം പ്രവർത്തിക്കുകയും വിദ്യാർത്ഥികൾക്ക് അറിവ് നൽകുക എന്നതിലുപരി കച്ചവടലാഭക്കൊതിക്കായി കേരളത്തെ പിടിമുറുക്കിയിരിക്കുകയാണ്.

ഈയൊരു സാഹചര്യത്തിലാണ് ഇതിൽ നിന്നും വിഭിന്നമായി ലോകൂത്തര ലീഡർഷിപ്പ് അക്കാദമി, മാവേലിക്കര വേറിട്ട് നിൽക്കുന്നത്. കാരണം, പത്താംക്ലാസ്സിനും പ്ലസ് ടുവിനും ഉന്നത മാർക്ക് നേടി വിജയിക്കുന്ന വിദ്യാർത്ഥികളെയല്ല ലോകൂത്തര കാത്തിരിക്കുന്നത്. പത്താംക്ലാസ്സിലും പ്ലസ്ടുവിലും പരാജയപ്പെട്ട അല്ലെങ്കിൽ പാതിവഴിയിൽ പഠനം ഉപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യ ഇംഗ്ലീഷ് വിദ്യാഭ്യാസവും ഭാഷാപഠനവും കമ്പ്യൂട്ടർ വിദ്യാഭ്യാസവും ഹോസ്റ്റൽ ജീവിതത്തിലൂടെ നൽകുകയും ധ്യാനാഭ്യാസം,

പക്ഷവും ദലിത്/ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. ഇത്തരം വിദ്യാർത്ഥികളുടെ പഠനരംഗത്ത് നിന്നുള്ള പിൻവാങ്ങലിനും തോൽവികൾക്കും കാരണങ്ങൾ ഏറെയാണ്. സമൂഹത്തിലെ ഉയർന്ന സാഹചര്യങ്ങളിൽ നിന്ന് എത്തുന്ന വിദ്യാർത്ഥികൾക്കൊപ്പം പലപ്പോഴും പഠനനിലവാരത്തിൽ ഒപ്പം എത്താൻ സാമ്പത്തികപരാധീനത നേരിടുന്ന വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല. ഇതിന് കാരണം പലതാണ്. ഈ വിദ്യാർത്ഥികളുടെ സാമൂഹികപശ്ചാത്തലം വളരെ ഗൗരവത്തോടെ നിരീക്ഷണം നടത്തേണ്ടതുണ്ട്.

കുടുംബപശ്ചാത്തലവും പരിമിത ജീവിതസാഹചര്യങ്ങളും വിദ്യാർത്ഥികളെ പഠനരംഗത്ത് നിന്ന് പിൻവലിക്കുന്നു. ഇത്തരം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള അറിവില്ലായ്മ പഠനരംഗത്ത് വില്ലനായ് തീരുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഓരോ വിദ്യാർത്ഥികളെയും ഉയർന്ന വിദ്യാഭ്യാസത്തിന് അർഹരാക്കണമെങ്കിൽ വ്യക്തിപരമായ പോരായ്മകളും കഴിവുകളും കണ്ടെത്തി പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. അതല്ലായെങ്കിൽ പഠനരംഗത്ത് നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് വളരെ വലിയ അളവിൽ വർദ്ധിക്കുക തന്നെ ചെയ്യും. എന്നാൽ ഈയൊരു സാഹചര്യം നിലനിൽക്കെ,



**എല്ലാ വിദ്യാർത്ഥികളെയും ഒരേ ചട്ടക്കൂടി നുള്ളിൽ പൊതു കാഴ്ചപ്പാടിലൂടെ അഭ്യാസ ചെയ്യിക്കുമ്പോൾ വിദ്യാർത്ഥിക ളുടെ സാമ്പത്തിക അരക്ഷിതാവസ്ഥയും കുടുംബപശ്ചാത്തലവും ഓരോ വിദ്യാർത്ഥികളെയും കലാലയ മുറ്റത്ത് നിന്ന് തൂത്തെറിയുന്നതിന് കാരണമാകും. ഈയൊരാശയം മുന്നിൽവെച്ചു കൊണ്ടു തന്നെ വിദ്യാർത്ഥികളോട് ഇടപെടുന്ന നയങ്ങൾക്കും കാലാനുസൃതമാറ്റം അനിവാര്യമാണ്.**

വ്യക്തിത്വവികസന പരിശീലനം എന്നിവയിലൂടെ ഉത്തരവാദിത്വബോധവും നേതൃത്വപാടവവുമുള്ള വിദ്യാർത്ഥികളായി വളർത്തിയെടുക്കുകയും ചെയ്യുന്ന പ്രവർത്തനം കാഴ്ചവെച്ചുകൊണ്ടിരിക്കുകയാണ് ലോകൂത്തര ലീഡർഷിപ്പ് അക്കാദമി. മാത്രമല്ല പിന്നീട് അവർ പരാജയപ്പെട്ടിടത്ത് നിന്ന് വിജയത്തിന്റെ വഴികൾ ചവിട്ടി കയറുന്നതിനുള്ള മാർഗം കൂടി ലോകൂത്തര ഈ വിദ്യാർത്ഥികൾക്ക് മുൻപിൽ തുറന്ന് കൊടുക്കുന്നുണ്ട്. 2009 ഡിസംബറിൽ കോട്ടയത്ത് ഏഴ് ദിവസം നീണ്ട് നിന്ന ഒരു ആമ്പൽ കമ്മ്യൂണിക്കേറ്റീവിലൂടെയാണ് ലോകൂത്തരയുടെ തുടക്കം. അന്നു മുതൽ എല്ലാ വർഷവും കേരളത്തിലുടനീളം ഏകദിന, ദ്വിദിന, ത്രിദിന ശില്പശാലകളുമായി ലോകൂത്തര മുന്നോട്ട് പോകുന്നു. ഇങ്ങനെ തുടർച്ചയായ അഞ്ച് വർഷത്തെ അനുഭവപാഠവത്തിന്റെ വെളിച്ചത്തിൽ സാമ്പത്തികപിന്നോക്കാവസ്ഥയിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിച്ച് ഇംഗ്ലീഷും കമ്പ്യൂട്ടറും പഠിക്കുവാൻ കഴിയുന്ന ഒരു അക്കാദമി സ്വന്തമായി തുടങ്ങുക എന്ന ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ട് 2012-ൽ ചാരിറ്റബിൾ ആക്ട് പ്രകാരം ലോകൂത്തര ചാരിറ്റബിൾ ട്രസ്റ്റ് ആയി രജിസ്ട്രർ ചെയ്യുകയും 2014ൽ ലോകൂത്തര ലീഡർഷിപ്പ് അക്കാദമി എന്ന പേരിൽ കല്ലുമലയിൽ സ്ഥാപനം ആരംഭിക്കുകയും ചെയ്തു.



ഡോ.അംബേദ്ക്കറുടെ വിദ്യാഭ്യാസ കാഴ്ചപാടുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുതിയ തരത്തിലുള്ള നിലപാടുകളും കാഴ്ചപ്പാടും മുന്നോട്ട് വെച്ച് പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ ലോകൂത്തര അക്കാദമി തീർച്ചയായും പുനർവായിക്കപ്പെടേണ്ട ഒന്നുതന്നെയാണ്.

എല്ലാ വിദ്യാർത്ഥികളെയും ഒരേ ചട്ടക്കൂടിനുള്ളിൽ പൊതു കാഴ്ചപ്പാടിലൂടെ അഭ്യാസം ചെയ്യിക്കുമ്പോൾ വിദ്യാർത്ഥികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥയും കുടുംബപശ്ചാത്തലവും ജാത്യാവസ്ഥകളും പല വിദ്യാർത്ഥികളെയും കലാലയ മുറ്റത്ത് നിന്ന് തൂത്തെറിയുന്നതിന് കാരണമാക്കും. ഈയൊരാശയം മുന്നിൽവെച്ചു കൊണ്ടു തന്നെ വിദ്യാർത്ഥികളോട് ഇടപെടുന്ന നയങ്ങൾക്കും കാലാനുസൃതമാറ്റം അനിവാര്യമാണ്.

ലോകൂത്തര ലീഡർഷിപ്പ് അക്കാദമിയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെക്കുറിച്ച് തിരിഞ്ഞുനോട്ടം നടത്തിയപ്പോൾ മനസ്സിലായത് കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്ന് കണ്ടെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികളെ ലോകൂത്തര അക്കാദമിയുടെ പരിശീലനങ്ങളിലൂടെ മികച്ചപ്രകടനം കാഴ്ചവെക്കുന്നവരും ആത്മവിശ്വാസമുള്ളവരും ആക്കി തീർക്കാൻ അക്കാദമിക്ക് സാധിച്ചിട്ടുണ്ടെന്നതാണ് ഇത് പരിശീലനം കഴിഞ്ഞ വിദ്യാർത്ഥികൾ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്കുള്ള പരിശീലനത്തിന് പുറമെ യോഗ, മെഡിറ്റേഷൻ, തുടങ്ങിയവയിലൂടെ നിരന്തരമായി പുതിയൊരു ജീവിത ക്രമവും ആരോഗ്യമുള്ള മനസ്സും ശരീരവും വിദ്യാർത്ഥികൾക്ക് പ്രധാനം ചെയ്യാൻ അക്കാദമിക്ക് സാധിച്ചിട്ടുണ്ട്.

സമകാലീന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിപണി മൂല്യം നോക്കി വിദ്യാഭ്യാസക്കച്ചവടം നടത്തുമ്പോൾ തങ്ങളുടെ ജാതിവർഗ്ഗപശ്ചാത്തലങ്ങളാൽ സാമൂഹികമായി ബഹിഷ്കൃതരായി വിദ്യാഭ്യാസം നഷ്ടപ്പെടുന്ന വിദ്യാർത്ഥിസമൂഹത്തിന് പുത്തനുണർവും പ്രതീക്ഷയും പ്രദാനം ചെയ്യുകയാണ് ലോകൂത്തര എന്ന അക്കാദമിക് സ്ഥാപനം.



ഷർമ്മിള ആർ.



# ശരീരത്തെ അതിവർത്തിക്കുന്ന ശാരീരവിനിമയങ്ങൾ

'ശ്ലിഷ്ടാക്രയ കസ്യചിദാത്മ സംസ്ഥാ
സംക്രാന്തിരന്യസ്യ വിശേഷ യുക്താ
യസ്യോഭയം സാധു സ ശിക്ഷ കാണാം
ധുരി പ്രതിഷ്ഠാപയി തവ്യ ഏവ.'

ചിലർക്ക് നിറഞ്ഞ അറിവുണ്ടായിരിക്കാം.

മറ്റു ചിലർക്കാവട്ടെ ഉള്ള അറിവിനെ മറ്റുള്ളവരിലേക്ക് പകർത്താൻ അസാധാരണമായ കഴിവുണ്ടായിരിക്കും. ആരിലാണോ ഇവ രണ്ടും ഒത്തുചേർന്നിരിക്കുന്നത് അവരാണ് ശ്രേഷ്ഠഗുരുക്കന്മാർ. മുകളിൽ പറഞ്ഞ കാളിദാസകാവ്യം അന്വർത്ഥമാക്കുന്നത് ചുരുക്കം ചില വ്യക്തിജീവിതങ്ങളാണ്. അവരിൽ ഒരാളാണ് തൃശൂരിലെ സംഗീതാധ്യാപികയായ കൃഷ്ണഗോപിനാഥ്. 'തൻവഴി തനിവഴി' എന്ന് മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട്, മാനസികവെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങളെ സംഗീതത്തിന്റെ താളവഴികളിലേക്ക് കൊണ്ടുവന്നിരിക്കുകയാണ് കൃഷ്ണടീച്ചർ.

ഓട്ടിസം ബാധിച്ച കുട്ടികൾ പൊതുവെ അന്തർമുഖരായിരിക്കും. ചില കാര്യങ്ങളിൽ സാമാന്യത്തിലധികം ബുദ്ധിയുണ്ടാവുമെങ്കിലും ഏതെങ്കിലും ഒരു വിദ്യ അഭ്യസിക്കാനുള്ള ക്ഷമയോ, ഓർമ്മ



## ക്ലാസ്സിൽ ചേർക്കുമ്പോൾ സംസാരശേഷി തീരെ ഇല്ലാതിരുന്ന മണികണ്ഠ നെ നിറഞ്ഞ സദസ്സിനു മുന്നിൽ പാടിക്കാൻ കഴിഞ്ഞു എന്നത് തന്നെ യാണ് ഈ കഠിനപരിശ്രമത്തിന്റെ അംഗീകാരം.

ശക്തിയോ ഇവരിൽ കാണണമെന്നില്ല. തികച്ചും അപ്രതീക്ഷിതമായ ചില സ്വഭാവവ്യത്യാസങ്ങൾ പ്രദർശിപ്പിച്ചുവെന്നും വരാം. ഇങ്ങനെയുള്ള കുട്ടികളെ സംഗീതം ഔഷധമാക്കിക്കൊണ്ട് സാധാരണജീവിതത്തിലേക്ക് ഒരു പരിധിവരെയെങ്കിലും കൊണ്ടുവരികയെന്നത് അത്യന്തം ശ്രമകരവും അസാധാരണമായ ക്ഷമ ആവശ്യമുള്ളതുമായ അധ്യാപനപ്രവർത്തിയാണ്. കൃഷ്ണടീച്ചറുടെ ഈ നിശ്ചയദാർഢ്യമാണ് ഓട്ടിസവും ഡൗൺ സിൻഡ്രോമും ബാധിച്ച 21 കുട്ടികൾക്ക് പുതുജീവിതം നൽകുന്നത്. രണ്ട് കുട്ടികളിൽ തുടങ്ങിയ ക്ലാസ് വളർന്നത് ടീച്ചറുടെ തികഞ്ഞ പരിശ്രമത്തിലൂടെയും കുട്ടികളുടെ മാതാപിതാക്കളുടെ സഹകരണത്തിലൂടെയുമാണ്. ക്ലാസ്സിൽ ചേർക്കുമ്പോൾ സംസാരശേഷി തീരെ ഇല്ലാതിരുന്ന മണികണ്ഠനെ നിറഞ്ഞ സദസ്സിനു മുന്നിൽ പാടിക്കാൻ കഴിഞ്ഞു എന്നത് തന്നെയാണ് ഈ കഠിനപരിശ്രമത്തിന്റെ അംഗീകാരം. മണികണ്ഠൻ മാത്രമല്ല, പൂജയും, സൗമ്യയും ആൽവിനും അമലുമടക്കം നിരവധിപേർ. മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കൂടാതെ സാധാരണ വിദ്യാർത്ഥികളും ഇവിടെ സംഗീതപഠനത്തിനെത്തുന്നുണ്ട്. ആദ്യദിനങ്ങളിൽ സാധാരണ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് തങ്ങളുടെ കുഞ്ഞുങ്ങൾ ഈ കുട്ടികളുടെ കൂടെയിരുന്നു വിദ്യ അഭ്യസിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ, കൃഷ്ണടീച്ചറുടെ നിശ്ചയദാർഢ്യം എല്ലാം മാറ്റിമറിച്ചു. ഇന്ന് അമ്പതിലേറെ കുട്ടികൾ ഇടകലർന്ന് ഇവിടെ നിറഞ്ഞ തൃപ്തിയോടെ സംഗീതത്തിലും സംഗീതോപകരണവാദനത്തിലും വൈദഗ്ദ്ധ്യം നേടുന്നു.

തങ്ങളുടെ കുഞ്ഞുങ്ങളുടെ അഭൂതപൂർവ്വമായ മാറ്റം പൂർണ്ണതൃപ്തിയോടെ ഉൾക്കൊള്ളുകയാണ് മാതാപിതാക്കൾ.

സ്നേഹപൂർണ്ണമായ പരിചരണവും ക്ഷമയും നിരന്തരപരിശ്രമവും അസാധ്യമായതിനെ സാധ്യമാക്കി തീർക്കുന്നതിനുള്ള ഉത്തമോദാഹരണമാണ് തൃശൂർ പൂങ്കുന്നം ചക്കാമുക്കിലെ 'പ്രാർത്ഥന' എന്ന ഈ വിദ്യാലയം.





ചർച്ചാവിഷയം
അഭിമുഖം

കൃഷ്ണവേണി

# വയനാട്ടിൽ നിന്ന് റയോയിലേക്ക്: പന്തയപ്പാതയിലെ വിജയിടീച്ചർ

ഇത് വയനാട് ജില്ലയിലെ കാക്കവയൽ ഗവ.സ്കൂളിൽ നിന്നും മുപ്പത്തിരണ്ട് വർഷത്തെ ദീർഘ ഔദ്യോഗിക ജീവിതത്തിൽ നിന്നും റിട്ടയർ ചെയ്ത വിജയി ടീച്ചർ. റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുകയല്ല അവർ. ഇപ്പോൾ 'വിജയ് ജ്യോതി റിക്രൂട്ട്മെന്റ് സെന്റർ' എന്ന പേരിൽ ഒരു PRTC (Pre-primary recruitment centre) നടത്തുന്നു. ഒപ്പം മീനങ്ങാടിയിലെ പ്രൈവറ്റ് സ്കൂളായ സെന്റ് പീറ്റേഴ്സ് & സെയിന്റ് പോൾസിൽ കായികാദ്ധ്യാപികയായും ജോലി ചെയ്യുന്നുണ്ട്. റിയോ ഒളിംപിക്സിൽ പങ്കെടുത്ത ഗോപി മുതൽ ഒട്ടേറെ പേരെ ടീച്ചർ കണ്ടെടുത്തതാണ്. നമുക്ക് അവിശ്വസനീയം എന്ന് തോന്നാവുന്ന ടീച്ചറുടെ സ്വന്തം ജീവിതത്തിലേക്ക്–

1. ടീച്ചറുടെ കുടുംബ പശ്ചാത്തലം വിശദമാക്കാമോ?

വടകരയ്ക്കടുത്ത് മടപ്പള്ളിയിലാണ് ജനിച്ചു വളർന്നത്. വീട്ടിൽ അച്ഛനും അമ്മയും ഞങ്ങൾ ഏഴ് മക്കളും. അച്ഛൻ അദ്ധ്യാപകനായിരുന്നു. ഒരു സാധാരണ കുടുംബം. ചെറുപ്പത്തിലേ പഠനത്തോടൊപ്പം കലാകായികരംഗത്തും എനിക്ക് താല്പര്യമുണ്ടായിരുന്നു. പഠനകാലത്ത് നാടകങ്ങളിലൊക്കെ അഭിനയിച്ചിട്ടുണ്ട്. താല്പര്യം കായികരംഗത്തായതിനാൽ കായികാദ്ധ്യാപിക പരിശീലനം കഴിച്ചു. ഏറെ വൈകാതെ തന്നെ കാക്കവയൽ ഗവ.ഹൈസ്കൂളിൽ നിയമനം ലഭിച്ചു. പിന്നെ അതായി ജീവിതം



2. ടീച്ചർ കണ്ടെടുത്ത കായികപ്രതിഭകൾ ഏറെയാണ്. കൂടാതെ ജില്ലയിൽ കായികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താനും ടീച്ചർക്ക് സാധിച്ചിട്ടുണ്ട്. അതെങ്ങനെയെന്ന് വ്യക്തമാക്കാമോ?

സ്കൂളിൽ കായികാദ്ധ്യാപകരുടെ ക്ലാസ്റൂം ഗ്രൗണ്ട് തന്നെയാണ്. സ്കൂൾ സമയം തുടങ്ങുമ്പോൾ തന്നെ ഞാൻ ഗ്രൗണ്ടിലുണ്ടാകും. സാധാരണ പി.ടി ക്ലാസ്സുകൾ ആഴ്ചയിൽ ഒന്നോ രണ്ടാഴ്ചയിൽ ഒന്നോ ആണല്ലോ. ഇതൊരിക്കലും മതിയാവാറില്ല. ഗ്രൗണ്ടിൽ ഓടിച്ചാടിക്കളിക്കുന്ന പിഞ്ചുകുട്ടികളെ ഞാൻ സൂക്ഷ്മമായി നിരീക്ഷിക്കും. അവരുടെ ശരീരഘടന, താല്പര്യം എന്നിവയിൽ നിന്നും അവരെ മനസ്സിലാക്കാനാവും ചിലരുടെ ശൈലിയാവും ആകർഷകം. ഒപ്പം അവരുടെ കുടുംബപശ്ചാത്തലം, ആരോഗ്യകാര്യങ്ങൾ, ഭക്ഷണശീലങ്ങൾ എന്നിവയും. എന്റെ പ്രിയശിഷ്യരുടെ വീടുകളിലൊക്കെത്തന്നെ ഞാൻ പോയിട്ടുണ്ട്. അവരെന്റെ വീട്ടിലും നിത്യസന്ദർശകരാണ്.

ആമ്പൽ മീറ്റിന് മാത്രമായി ഞാൻ പരിശീലിപ്പിക്കാറില്ല. നിത്യേന ജൂൺ മാസം മുതൽ തന്നെ പരിശീലനം ആരംഭിക്കും. വയനാട്ടിലെ കാലാവസ്ഥയും ജീവിതരീതിയും ദീർഘദൂരഓട്ടങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. സ്പ്രിന്റേഴ്സിനെ ഇവിടെ കണ്ടിട്ടേയില്ല. ഗോപി, സിന്ധു, ശ്രീദേവി, റീന, അജു ബിബിൻ തുടങ്ങിയവർക്ക് വളരെ ചെറുപ്പത്തിൽ തന്നെ പരിശീലനം നൽകിയിരുന്നു. ഇവരൊക്കെ അന്തർദ്ദേശീയ തലങ്ങളിൽ മെഡൽ വാങ്ങിയവരും സ്പോർട്സ് ക്വാട്ടയിൽ തന്നെ ജോലി ലഭിച്ചവരും ആണ്.

തീർച്ചയായും കാക്കവയൽ ഗവ.സ്കൂളിന് കായികരംഗത്തുണ്ടായ മികവ് മറ്റ് സ്കൂളുകളേയും അക്കാര്യം ശ്രദ്ധിക്കാൻ നിർബന്ധിതരാക്കി എന്നു തന്നെ ഞാൻ കരുതുന്നു. അതിലെനിക്ക് അഭിമാനം ഉണ്ട്.

3. രക്ഷിതാക്കളും സഹപ്രവർത്തകരും സഹായിച്ചിരുന്നോ?

തീർച്ചയായും. സ്കൂളിലെ സഹപ്രവർത്തകർ എന്നെ അന്നും ഇന്നും തുണയ്ക്കുന്നുണ്ട്. എല്ലാ അർത്ഥത്തിലും എന്നെ സഹായിക്കുന്നുണ്ട്. പക്ഷേ, രക്ഷിതാക്കളുടെ കാര്യം അതല്ല. അതേക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടാവാം കുട്ടികളെക്കുറിച്ച് അന്വേഷിക്കാറേ ഉണ്ടായിരുന്നില്ല. കൊടിയ ദാരിദ്ര്യത്തിലും എന്റെ കുട്ടികളെ എനിക്ക് സഹായിക്കേണ്ടി വന്നിട്ടുണ്ട്. ഓടിത്തളർന്നു വരുന്ന എന്റെ കുഞ്ഞുങ്ങൾക്ക് ഭക്ഷണവും വെള്ളവും കൊടുക്കേണ്ടത് എന്റെ ആവശ്യമായിരുന്നു.

സ്കൂൾ PTA ചിലപ്പോഴൊക്കെ സഹായിക്കാറുണ്ടായിരുന്നു. ഞാനതിന് കണക്കു പറഞ്ഞ് കാശു

മേടിക്കാൻ മടി കാണിച്ചു എന്നതാവാം ശരി.

ഈയിടെ റിട്ടയർമെന്റിനോടനുബന്ധിച്ചു 'ഗുരു വന്ദനം' എന്ന പേരിൽ കുട്ടികൾ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. വളരെ കാലമായി ഞാൻ ആഭരണങ്ങളൊന്നും തന്നെ ധരിക്കാറില്ലായിരുന്നു. അന്നെനിക്ക് അവർ സമ്മാനിച്ചതാണ് ഇതൊക്കെ. മരണ സമയത്തല്ലാതെ ഇതൊന്നും അഴിച്ചുവെക്കരുതെന്നാണ് അവരുടെ നിർദ്ദേശം.

(ടീച്ചർ അന്ന് കനമുള്ള ലോക്കറ്റ് ചെയിനും വളകളും അണിഞ്ഞിരുന്നു. ഇത് പറയുമ്പോൾ ടീച്ചർക്കൊപ്പം കേട്ടു നിന്ന ഞങ്ങളുടെ കണ്ണുകളും നിറഞ്ഞൊഴുകി)

4. *വളരെ ദുരിതപൂർണ്ണമായിരുന്നു വ്യക്തിജീവിതം എന്നറിയാം. അതേക്കുറിച്ച് ?*

എന്റെ ഭർത്താവ് ശിവദാസൻ. ബിസിനസ്സുകാര



റയോ ഒളിംപിക്സിൽ പങ്കെടുത്ത ശിഷ്യൻ ഗോപിനാഥിനൊപ്പം

നായിരുന്നു അദ്ദേഹം. മകനുണ്ടായി ഏറെ താമസിയാതെ നട്ടല്ലിനേറ്റ ഒരു ക്ഷതം കാരണം അദ്ദേഹം കിടപ്പിലായി. ഒറ്റ മകൻ വിഷ്ണു സെറിബ്രൽ പാൾസി രോഗിയായിരുന്നു. പ്രാഥമിക ആവശ്യങ്ങൾക്കു പോലും അവനെ എടുത്തുകൊണ്ട് പോവണം. മകൻ 14 വർഷവും ഭർത്താവ് 8 വർഷവും തീരെ കിടപ്പിലായിരുന്നു. രണ്ടുപേരെയും എനിക്ക് ഒറ്റയ്ക്ക് ശുശ്രൂഷിക്കേണ്ടി വന്നു. എന്റെ കുട്ടികളിൽ ഒരാൾ എന്നെ സഹായിക്കാൻ വരാറുണ്ടായിരുന്നു. അവൾക്കെന്തെങ്കിലും കൊടുക്കണം. വീടിന്റെ വായ്പ, നിത്യച്ചെലവുകൾ, രണ്ടുപേർക്കും മരുന്നുകൾ ഒക്കെ എന്റെ ശമ്പളം കൊണ്ടു മാത്രം നടത്തിക്കൊണ്ടു പോവുക ഏറെ വിഷമം തന്നെയായിരുന്നു. അതിനിടക്ക് ഞാനും ഒന്ന് വീണ് കിടപ്പിലായിപ്പോയി. ജീവിതദുഃഖങ്ങളെ ഞാൻ അതിജീവിച്ചത് ജോലിയിൽ പൂർണ്ണമായും സ്വയം സമർപ്പിച്ചുകൊണ്ടായിരുന്നു. എനിക്ക് പൂർണ്ണപിൻതുണയും സഹകരണവും തന്ന എന്റെ പ്രിയഭർത്താവ് 3 വർഷം മുൻപും മകൻ 5 വർഷം മുൻപും മരിച്ചു പോയി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ അതൊക്കെ എങ്ങനെ നേരിടാനായി എന്ന് അത്ഭുതം തോന്നാറുണ്ട്.

ഇന്നെനിക്ക് കാര്യമായ ആരോഗ്യപ്രശ്നങ്ങളില്ല എന്നു തന്നെ പറയാം. ഏത് നേരവും നില്പായതിനാൽ വെരിക്കോസ് ഇടയ്ക്ക് പ്രശ്നമുണ്ടാക്കും. ഇപ്പോൾ രാവിലെ ചില എക്സർസൈസൊക്കെ ചെയ്യാറുണ്ട്.

5. *ഇപ്പോഴത്തെ ജീവിതം?*

എന്റെ സ്ഥാപനം വിജയ്ജ്യോതി PRTC യിലും മീനങ്ങാടി സ്കൂളിലുമായി രാവിലെ 6.30 മുതൽ വൈകുന്നേരം 7 വരെ തിരക്കിൽ തന്നെ. വീട്ടിലെ അടുക്കള ഉപയോഗിക്കുന്നത് വല്ലപ്പോഴും മാത്രം. വലുതായി ജോലിനേടിപ്പോയ എന്റെ കുഞ്ഞുങ്ങളും എന്റെ സഹപ്രവർത്തകരും എന്നെ നന്നായി സ്നേഹിക്കുകയും ശ്രദ്ധിക്കുകയും പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഞാൻ സന്തുഷ്ടയാണ്.

6. *പുതിയ രീതികൾ അറിയിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാറുണ്ടോ?*

തീർച്ചയായും നമ്മൾ എപ്പോഴും up to date ആയിരിക്കണം. നെറ്റിൽ നിന്നൊക്കെ പുതിയ രീതികൾ കാണാറുണ്ട്. എനിക്കറിയാത്തവ കണ്ടെത്തുന്നതിന് കുട്ടികൾ എന്നെ സഹായിക്കുന്നുണ്ട്.

7. *കായികാദ്ധ്യാപിക ആയിട്ടും സാരിയല്ലാതെ Track suit ധരിച്ച് ടീച്ചറെ കണ്ടിട്ടില്ല.*

ആദ്യകാലത്ത് ഞാൻ ട്രാക്സ്യൂട്ട് ധരിക്കാറുണ്ടായിരുന്നു. പിന്നീട് ഞാൻ തന്നെ അത് വേണ്ടെന്ന് വെച്ചതാണ്. തീർത്തും സാധാരണക്കാരോ ദരിദ്രരോ ആയിരുന്നു എന്റെ കുഞ്ഞുങ്ങൾ. അവരുടെ മുന്നിൽ അതുവേണ്ടെന്ന് വെച്ചതാണ്. ഗ്രൗണ്ടിലിറങ്ങുമ്പോൾ തൊപ്പി വെക്കാറുണ്ട്. അതിലൊന്നുമല്ലല്ലോ കാര്യം.

8. *ടീച്ചറുടെ സ്വപ്നങ്ങൾ?*

ഏറെയുണ്ട്. എന്റെ കുഞ്ഞുങ്ങളെ ഏറെ ഉയരങ്ങളിൽ എത്തിക്കണം. അവർക്ക് ജീവിക്കാൻ നല്ല ജോലി വേണം. സ്നേഹിക്കാൻ കുടുംബം വേണം. ഓരോരുത്തരുടേയും വ്യക്തിപരമായ കാര്യങ്ങളിൽ ഞാനിടപെടാറുണ്ട്. ഒരമ്മയുടെ അവകാശത്തോടെ. അവരാണെന്റെ സർവ്വസ്വവും.

പിന്നെ സമൂഹം അരികിലേക്ക് മാറ്റിനിർത്തിയ ഒരു പാട് പേരുണ്ട് ഇവിടെ. അത്തരം ഓരോ ഇട

*ശേഷം പേജ് 35 ൽ*



ചർച്ചാവിഷയം

റീം ഷംസുദ്ദീൻ

# കാഴ്ചാപരിമിതി നിർണ്ണയിക്കേണ്ടാത്ത അധ്യാപനപരിസരങ്ങൾ

ഒന്നര വർഷമായി അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിട്ടെങ്കിലും (അസ്ഥിരം), മറ്റു അനവധി തൊഴിൽരഹിതരെയും പോലെ ഞാനും തൊഴിലന്വേഷണം ആരംഭിച്ചിട്ട് നാളുകൾ ആയിരുന്നു. ഒട്ടനവധി അഭിമുഖങ്ങളിൽ പങ്കെടുത്തു. എന്നാൽ മറ്റു തൊഴിൽ അന്വേഷകരിൽ നിന്നും വ്യത്യസ്തമായി എന്റെ അഭിമുഖഅനുഭവങ്ങൾ തീരെ ഭീതിദം ആയിരുന്നില്ല. മറിച്ചു തികച്ചും കൗതുകങ്ങളായ അനുഭവങ്ങളാണ് പങ്കെടുത്ത മിക്ക അഭിമുഖ പരീക്ഷകളും എനിക്ക് സമ്മാനിച്ചത്. നെറ്റ് പരീക്ഷയുടെ ഫലം വന്നയുടനെ ഓരോ കോളേജിലേക്കും അപേക്ഷകൾ അയക്കാൻ തുടങ്ങി, പിന്നാലെ ഇന്റർവ്യൂവും. ചില ഇന്റർവ്യൂ അനുഭവങ്ങൾ.

കേരളത്തിൽ പങ്കെടുത്ത മിക്ക കോളേജുകളിലെയും ഇന്റർവ്യൂ അനുഭവങ്ങൾ ഏറെക്കുറെ ഒരുപോലെ ആയതു കൊണ്ട് കലാലയത്തിന്റെ പേര് പരാമർശിക്കുന്നതിൽ പ്രത്യേകിച്ച് ഒരു കാര്യവും ഇല്ലാത്തതിനാൽ പേര് തൽക്കാലം വിടാം. ലേശം പരിഭ്രമത്തോടെ ആയിരുന്നു ആദ്യത്തെ അഭിമുഖ പരീക്ഷയെ ഏറ്റുമുട്ടിയത്. ഇംഗ്ലീഷ് ഭാഷയിലാണ് ബിരുദം എന്നതിനാൽ എനിക്ക് കുറച്ചൊക്കെ അറിയാവുന്ന മേഖലയിൽ ഒന്ന് വിശദമായി വായിച്ചു, എന്റെ ഗവേഷണത്തെപ്പറ്റി തലങ്ങും വിലങ്ങും ആലോചിച്ചു, കവിതാശകലങ്ങൾ കാണാതെ പഠിച്ചു, ചില പ്രധാനപ്പെട്ട ഉദ്ധരണികൾ ഓർത്തു വച്ചു, അങ്ങിനെ ആദ്യത്തെ ഇന്റർവ്യൂ. പക്ഷെ എന്റെ ഭയപ്പാടുകളേയും ആശങ്കകളെയും തകർത്തെറിഞ്ഞു കൊണ്ട് ബോർഡ് അംഗങ്ങൾ എന്നോട് ചോദിയ്ക്കാൻ തുടങ്ങി, 'കാഴ്ചയില്ലാതെ എങ്ങിനെയാണ് phonetics പഠിപ്പിക്കുക? നിങ്ങൾ എങ്ങിനെയാണ് കുട്ടികൾ എഴുതുന്നത് ശരിയാണോ എന്ന് നോക്കുക'? it's a valid question, എന്ന ഭാവത്തിൽ എല്ലാവരും ഗൗരവപൂർവ്വം "yes" എന്ന് പറഞ്ഞു നിശബ്ദരായി. എനിക്ക് phonetics script അറിയാമെന്നും,

അതിന്റെ ഷേപ്പ് എനിക്ക് ബോർഡിൽ എഴുതാൻ കഴിയുമെന്നും പറഞ്ഞു നോക്കി. പക്ഷെ കുട്ടികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ട് ആയിരിക്കുമെന്ന് ബോർഡ് അംഗങ്ങൾ ശാഠ്യം പിടിച്ചു. സ്വതവേ ഇത്തരം കാര്യങ്ങളിൽ തെല്ലൊന്നു അസ്വസ്ഥ ആകാറുള്ള ഞാൻ, പക്ഷെ അന്ന് ബോർഡിന്റെ ഗൗരവകരമായ ഈ ചോദ്യം കേട്ടു  കൗതുകം പൂണ്ടു പുഞ്ചിരിച്ചു. ഞാൻ തെളിയിക്കേണ്ടാത്ത  എന്തോ ഒന്ന് സ്പഷ്ടമായി തെളിമയോടെ ഇന്റർവ്യൂ ബോർഡിനു മുന്നിൽ കിടക്കുന്നുണ്ടായിരുന്നു. ഞാൻ യാത്ര തുടർന്നു, മറ്റൊരു ഇന്റർവ്യൂവിലേക്ക്. ആ കോളജിന്റെ പ്രിൻസിപ്പലുടെ പ്രശ്നം ഇതായിരുന്നു, 'നിങ്ങൾക്ക് ഒരു ക്ലാസ്സിൽ 60-70 കുട്ടികളെ പഠിപ്പിക്കേണ്ടി വരും. അവരെ എങ്ങിനെ നിങ്ങൾ നേരിടും അതൊരു വല്യ നമ്പർ അല്ലെ'? കുട്ടികളെ മാനേജ് ചെയ്യാൻ ഉള്ള ധൈര്യവും ആത്മവിശ്വാസവും ഉണ്ട് എന്ന് ഞാൻ പറഞ്ഞു. മാത്രവും അല്ല, ഒരു ക്ലാസ്സിനെ അഭിമുഖീകരിക്കുമ്പോൾ എന്റെ കാതുകളും മൂക്കും മറ്റും അതീവ ജാഗ്രതയിൽ ആയിരിക്കുമെന്നും ഞാൻ കൂട്ടിച്ചേർത്തു . 'കുട്ടികൾ ക്ലാസ്സിൽ ശ്രദ്ധിക്കുന്നുണ്ടോ എന്ന് എങ്ങിനെ മനസ്സിലാക്കും? അവർ മറ്റു വല്ല കാര്യങ്ങളിലും ഏർപ്പെട്ടാലോ'? ഇതായി അവരുടെ പ്രശ്നം. ഞാൻ രോഷാകുലയായി, 'സർ, കുട്ടികൾ പഠിക്കാൻ ആണ് കോളജിലേക്ക് വരുന്നത്. അവർക്ക് വേണ്ടത് കൊടുത്താൽ അവർ നമ്മോടു സഹകരിക്കും. കാരണം ഞാനും ഒരു സ്ഥാപനത്തിൽ വിദ്യാർത്ഥിയായിരുന്നു'.  കാലം ഏറെ ചെന്നിട്ടും ഈ ചോദ്യങ്ങൾക്കൊന്നും പഴക്കമായില്ല. ഒരേ ചോദ്യം ഒരു അക്ഷരം പോലും തെറ്റാതെ ആവർത്തിക്കപ്പെട്ടു. പഠിപ്പിക്കൽ എന്റെ ഇഷ്ട തൊഴിൽ ആണെന്നും, അത് ഞാൻ ആത്മാർത്ഥമായി ചെയ്തുകൂടായ്ക ഇല്ല എന്നും ഈ രണ്ടു ഇന്റർവ്യൂബോർഡുകൾക്കും മനസ്സിലാവായ്ക അല്ല, മറ്റു പല രാഷ്ട്രീയങ്ങളെയും ഒളിപ്പിച്ചു വക്കാൻ അവർ എന്റെ വൈകല്യത്തെ പ്രയോജനപ്പെടുത്തുകയാണ്, ഒരു നല്ല ഇന്റർവ്യൂ  പോലും നടത്താതെ. യഥാർത്ഥത്തിൽ എന്റെ വിഷയത്തിൽ എനിക്ക് എന്തെങ്കിലും ഗ്രാഹ്യം ഉണ്ടോ എന്നത് പോലും അവരുടെ വിഷയം ആയിരുന്നില്ല.  വളരെ ചുരുക്കം ചില ഇടങ്ങളിൽ മാത്രമേ എനിക്ക് വിശദമായ ഒരു ഇന്റർവ്യൂ അറ്റൻഡ് ചെയ്യേണ്ടി വന്നിട്ടുള്ളു. അവ ഒന്നും കേരളത്തിൽ ആയിരുന്നില്ല എന്നതാണ് വാസ്തവം. ഒരു ഇന്റർവ്യൂ  ബോർഡിനെയും ഞാൻ ഇവിടെ അധിക്ഷേപിക്കുക അല്ല, പക്ഷെ സ്വയം അധിക്ഷേപിക്കുന്ന നിലയിലേക്ക് ഒരു കോളേജിന്റെ ഇന്റർവ്യൂ ബോർഡും  എത്തരുത്. അത് അവിടെ പഠിക്കുന്ന കുട്ടികളെ മുഴുവനായും



**അംഗപരിമിതരായ കുട്ടികളോടുള്ള സമീപനങ്ങൾ ഇപ്പോഴും ചില സ്ഥാപനങ്ങളിൽ എങ്കിലും വളരെ ദ്രവിച്ചതു ആണ്. ടെക്നോളജിയും മാധ്യമങ്ങളും ഇപ്പോഴും അവർക്ക് വേണ്ടി പ്രയോജനപ്പെടുത്താത്ത സ്ഥാപനങ്ങൾ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ഇനിയും കമ്പ്യുടർവല്കൃത പരീക്ഷ സമ്പ്രദായം അങ്ങപരിമിതരിലേക്ക് പൂർണ്ണമായും എത്തിയിട്ടില്ല.**

ബാധിക്കും.  ഒരാളെ വ്യക്തിഹത്യ ചെയ്യുന്ന രീതിയിൽ ഒരു ബോർഡും  പെരുമാറാൻ പാടില്ല. ഇവരൊക്കെ എന്തെങ്കിലും കാണിക്കട്ടെ, എന്ന് ആലോചിക്കുക അല്ലാതെ, ഇത്തരം വ്യക്തിഹത്യക്ക് പിന്നാലെ പോകാനോ ആർ.ടി.ഐ. ഫയൽ ചെയ്യാനോ ആരും മുതിരില്ല. അത് കൊണ്ട് പ്രത്യേകിച്ച് ഒരു ലാഭവും ഇല്ല എന്ന് എനിക്കും എന്നെപ്പോലുള്ള മറ്റുള്ളവർക്കും അറിയാം.

മറ്റൊരു ഇന്റർവ്യൂബോർഡിന്റെ പ്രതികരണം ഇങ്ങനെ ആയിരുന്നു, 'ഞങ്ങളുടെ കുട്ടികൾക്ക് ഒരു മെന്ററെ  ആണ് ആവശ്യം. അത് ഭിന്ന ശേഷിക്കാരിയായ നിങ്ങൾക്ക് ബുദ്ധിമുട്ടായിരിക്കും'. 'ഭിന്നശേഷി' എന്ന വാക്ക് കൊണ്ട് അറിയപ്പെടാൻ എനിക്ക് ഒരു താല്പര്യവും ഇല്ല. വൈകല്യം ഒരു കുറവാണു, ശേഷി അല്ല. എന്നാൽ ഈ കുറവിനെ നേരിടാൻ ഒരുപാടു മാർഗ്ഗങ്ങൾ ഉണ്ട് (alternatives). ആ മാർഗ്ഗങ്ങൾ ജീവിതത്തിൽ അവലംബിക്കുകയാണ് വേണ്ടത്. അതിനു വേണ്ടി ഒരു സമൂഹം വ്യക്തിയുടെ കൂടെ നില്ക്കുകയാണ് വേണ്ടത്. കാഴ്ചാപരിമിതി ഒരാളെ താൻ പഠിപ്പിക്കുന്ന കുട്ടികളുടെ മെന്റർ ആകുന്നതിൽ നിന്നും ഒരു രീതിയിലും തടയുന്നില്ല. എല്ലാ കോളേജുകളിലും ഒരു ഭേദവും കൂടാതെ



ഒരു അംഗപരിമിതി ഉള്ള അധ്യാപകനോ അധ്യാപികയോ വേണം എന്നാണ് എന്റെ പക്ഷം. ഇവരുടെ സാന്നിദ്ധ്യത്തിന് ആ സ്ഥാപനത്തിന്റെ മുഖഛായക്ക് തന്നെ ഒരുപാടു മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇത്തരക്കാരായ കുട്ടികൾ ആ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവർക്ക് വേണ്ട അക്കാദമികവും, അക്കാദമികേതരവുമായ ആവശ്യങ്ങൾക്കോ ശബ്ദവും താങ്ങും നല്കാൻ കഴിയും. അംഗപരിമിതർ ആയ കുട്ടികളുടെ ഇതര കഴിവുകൾ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാനും ഇത്തരം അധ്യാപകർക്ക് കഴിയും. പി. ഡബ്ല്യൂ. ഡി. ആക്ടും, റിസർവേഷൻ പോളിസികളും ഒക്കെ കേരളത്തിലെ എയിഡഡ് കോളജുകൾക്ക് ഗ്രീക്കോ ലാറ്റിനോ ആണ്. ചില പി. എസ്. സി. ഇൻർവ്യുകളും വ്യത്യസ്തമല്ല. വർത്തമാന പത്രം എടുത്തു വച്ച് തീരെ കാണാൻ കഴിയാത്ത ഒരാളോട് വായിക്കാൻ പറഞ്ഞിട്ടുണ്ടത്രേ ഒരു ഇന്റർവ്യൂബോർഡ്. ഇത് പത്രവാർത്തയായി കേട്ടതാണ്.

അംഗപരിമിതരായ കുട്ടികളോടുള്ള സമീപനങ്ങൾ ഇപ്പോഴും പല സ്ഥാപനങ്ങളിലും ഒട്ടും ആശാവഹമല്ല. ടെക്നോളജിയും മാധ്യമങ്ങളും ഇപ്പോഴും അവർക്ക് വേണ്ടി പ്രയോജനപ്പെടുത്താത്ത സ്ഥാപനങ്ങൾ ഇന്നും ധാരാളം നമ്മുടെ നാട്ടിലുണ്ട്. ഇനിയും കമ്പ്യൂട്ടർവൽകൃത പരീക്ഷാസമ്പ്രദായം അംഗപരിമിതരിലേക്ക് പൂർണ്ണമായും എത്തിയിട്ടില്ല. അവർ പഠിക്കുന്ന മിക്ക സ്ഥാപനങ്ങൾക്കും, പഠിപ്പിക്കുന്ന ചില അധ്യാപകർക്കെങ്കിലും ഇത്തരം ആവശ്യങ്ങളെപ്പറ്റി ഒരു ധാരണയും ഇല്ല. ഇത്തരം വിഷയങ്ങളിൽ വളരെ വിരളമായി മാത്രമേ ഒരു കോഴ്സോ ക്ലാസ്സോ നടത്തപ്പെടാറുള്ളൂ. ഈ കുട്ടികളൊക്കെ എങ്ങിനെയെങ്കിലും പരീക്ഷ എന്നാ കടമ്പ കടന്നാൽ മതി എന്നതാണ് ചിലരുടെയെങ്കിലും ധാരണ. എത്ര കലാലയങ്ങളിൽ ഇന്ന് റാംബോ ലിഫ്ടോ ഉണ്ട്? വായനശാല എത്രത്തോളം അംഗപരിമിതരെ ഉൾക്കൊള്ളുന്നതാണ്?

ചില കോളേജുകളുടെ മാനേജുമെന്റുകളോട് എന്തുകൊണ്ടാണ് കാഴ്ചാപരിമിതർക്ക് വേണ്ടിയുള്ള കമ്പ്യൂട്ടർ സൗകര്യം ഇല്ലാത്തതു, മറ്റു അംഗപരിമിതർക്ക് വേണ്ട സൗകര്യം ഇല്ലാത്തതു എന്ന് ചോദിച്ചാൽ ഇവിടെ അങ്ങിനെ ഉള്ള കുട്ടികൾ വരാറില്ല എന്നതാണ് അവരുടെ മറുപടി. പിന്നെ നാക്ക്(NAAC) വരണം അത്തരം സൗകര്യങ്ങൾ പുനസ്ഥാപിക്കാൻ. ഓരോ അഞ്ചു വർഷം നടക്കുന്ന കാട്ടിക്കൂട്ടലുകൾക്ക് അപ്പുറം പ്രത്യേക ആവശ്യങ്ങൾ ഉള്ള കുട്ടികളുടെ അവകാശങ്ങൾ വളരെ പരിമിതമായി മാത്രമേ നിവർത്തിച്ചു കിട്ടാറുള്ളൂ. ന്യൂനപക്ഷം വരുന്ന അംഗപരിമിതർ പ്രത്യേക വിഭാഗമാണ്. അവരുടെ നിലനില്പ്പിനെ, അവകാശങ്ങളെ വകവെച്ചു കൊടുക്കേണ്ടതുണ്ട്.

നാട്ടിൽ നിന്നും കഴിഞ്ഞ ദിവസം ഒരു കുട്ടി എന്നെ വിളിച്ചു ചോദിച്ചു, അവരുടെ സർവ്വകലാശാല പരീക്ഷയിൽ phonetics script മായി ബന്ധപ്പെട്ട ചോദ്യം കാഴ്ചാപരിമിതരായ കുട്ടികൾ എഴുതണോ എന്ന്. അവരുടെ സർവകലാശാലയിൽ ഉള്ളവർക്ക് ധാരണയില്ലത്രേ. അധ്യാപകർക്കും അറിയില്ല. എണ്ണത്തിൽ കുറവുള്ള വിഭാഗക്കാരെ ഈ വിദ്യാഭ്യാസരംഗം എങ്ങനെ ആണ് പരിഗണിക്കുന്നത്? വൈകല്യം ദൈവീകമല്ല, മറിച്ചു മാനുഷികമായ ഒരവസ്ഥയാണ്. അത് കൊണ്ട് തന്നെ അംഗപരിമിതരെ കുടിയിരുത്താനും കഴിയില്ല, എല്ലാ മനുഷ്യരെയും പോലെ അവർക്കും ജീവിക്കണം. 'ഭിന്നശേഷിയും', 'ദൈവിക പരിവേഷവും' ഒക്കെ ഒരു തരം കൺകെട്ട് ആണ്. അല്ലെങ്കിൽ ഒരു തരം അന്യവൽക്കരിക്കൽ. എല്ലാവരെയും ഉൾക്കൊള്ളാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസരംഗം സ്വപ്നം കാണുന്നു, എന്നെങ്കിലും സംഭവിക്കും എന്ന പ്രതീക്ഷയോടെ.

ചർച്ചാവിഷയം



# "ഇല്ലെ ഞാൻ പോവാളെ...."



ഹബീബ

ഞാൻ ഇസ്കൂളിൽ പോകാളെ സർ

എനാക്ക് തമ്പി ക്ലാസ്സ്ക്കെ പോകമാട്ടേങ്ക?

ഇസ്കൂൾ ശരിയില്ലേ. എനാക്ക് പോകാക്ക് പിടികാളെ.

നിനാക്ക് എനാക്ക് പിടികാളെ ആരാസ് എനതാസ് പണാങ്കിനാരാ അല്ലെ ടീച്ചർ

നിന്നെ എനതാസ് സോന്നാളാ

ആരുമെ ഒന്തുമെ സോല്ലലെ എനാക്ക് ഇതി പഠിത്താമതി.

ഈ വയസിത് ഇതി ഇരിന്ത് പഠിത്തത് കാര്യാലേ. ഇസ്കൂൾക്ക് പോയിതേ പഠിക്കണോ

ഇല്ലെ ഞാൻ പോവാളെ....'

ബ്രിഡ്ജ് സ്കൂളിലെ ക്ലാസുകൾക്ക് ഇടയിലൂടെ ഉള്ള യാത്രയ്ക്കിടെ ആണ് ഒമ്പത് വയസ്സുകാരനും അവന്റെ ഇൻസ്ട്രക്ടറും നടത്തിയ വർത്തമാനം കേട്ടത്. അവിചാരിതമായി കേൾക്കാൻ ഇടയായതാണെങ്കിലും ഇത്തരം നിരവധി സംഭാഷണങ്ങൾക്കിടയിലൂടെ കടന്നു പോകേണ്ടതായി വന്നിട്ടുണ്ട്. ആരേയും കൂസാതെ ഒറ്റയ്ക്ക് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ചെറിയ ശബ്ദമുള്ള ഈ ഒമ്പത് വയസ്സു



കാരനെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റ ലിൽ നിന്നാണ് അനിമേറ്റർ ബ്രിഡ്ജ് സ്കൂളിലേ ക്ക് കൊണ്ടുവരുന്നത്. തൊക്ക് സംബന്ധമായ അ സുഖം കാരണം ഹോസ്പിറ്റലിൽ അഡ്മിറ്റായിരു ന്നു ഇവൻ. അച്ഛനില്ല. അമ്മ ചെറിയ കുഞ്ഞുങ്ങളെ സംരക്ഷിക്കാനായി ഗത്യന്തരമില്ലാതെ വീട്ടിൽ ത ന്നെയാണ്. അട്ടപ്പാടിയിലെ കുടുംബശ്രീയുടെ പ്രോ ജക്ടിൽ വ്യത്യസ്തമാർന്നതും സ്വാഗതാർഹമാ യതുമായ പ്രോജക്ടിൽ ഒന്നാണ് ബ്രിഡ്ജ്സ്കൂൾ. അട്ടപ്പാടി ആദിവാസി ഊരുകളിലെ സ്കൂളിൽ നി ന്ന് പഠനം പൂർത്തിയാകാതെ കൊഴിഞ്ഞു പോകു ന്ന കുട്ടികളുടെ തുടർ പഠനത്തിനായാണ് ഇത് നട ത്തുന്നത്. 4, 7, 10 ക്ലാസ്സുകളിലെ തുല്യതാ പരീക്ഷ യെ മുൻനിർത്തിയാണ് കുട്ടികൾക്ക് ക്ലാസ്സുകൾ കൊടുക്കുന്നത്. (എന്നാൽ പരീക്ഷയുടെ അടിസ്ഥാ നത്തിൽ മാത്രം ക്ലാസുകൾ നൽകുന്ന രീതിയല്ല നി ലനിൽക്കുന്നത്) ഇതിൽ തുല്യതാപരീക്ഷക്ക് കൃ ത്യമായ പ്രായപരിധി നിശ്ചയിച്ചത് കാരണം ബാ ക്കി വരുന്ന വിദ്യാർത്ഥികൾ സ്കൂളിലേക്ക് പോവാ റുണ്ട്. ഇതിൽ ഒരാളാണ് ഇൻസ്ട്രക്ടറുമായി സം സാരിച്ച ഒമ്പതു വയസ്സുകാരൻ.

ഏഴാംക്ലാസ്സിലെ മിടുക്കിക്കുട്ടിയായ കാളി (ശ രിയായ പേരല്ല). ചെറുപ്പത്തിൽ തന്റെ അടുത്ത് മോ ശമായി പെരുമാറിയ അമ്മാവന്റെ മുഖത്തേക്ക് മുള ക് പൊടി വാരിയെറിഞ്ഞത് വളരെ ലാഘവത്തോ ടെയും ചിരിയോടെയും അവതരിപ്പിച്ച കാളി. ധൈ ര്യവും ഊർജ്ജസ്വലതയും ഉള്ള കൊച്ചുമിടുക്കി എ ന്തിനാണ് തന്റെ പഠനം നാലാം ക്ലാസ്സിൽ വെച്ചവ സാനിപ്പിച്ചതെന്നറിയാൻ എനിക്ക് ആകാംക്ഷ ഉ ണ്ടായിരുന്നു. കാളിക്ക് സ്കൂളിൽ പഠിക്കുക എന്ന ഉത്തരവാദിത്തം മാത്രമല്ല ഉണ്ടായിരുന്നത്. വേറെ ചില ഉത്തരവാദിത്തങ്ങൾ കൂടി അവളുടെ മേൽ ചു മത്തപ്പെട്ടു. ഹോസ്റ്റലിന്റെ പാലിന്റെ ആവശ്യത്തി നായി പാല് കറന്ന് കൊണ്ടുവരണം, പശുവിന് പുല്ല് കൊണ്ടുവരണം (ഏറ്റവും കൂടുതൽ പുല്ല് എ ടുക്കുന്ന ആൾക്ക് കൂടുതൽ ചോറ് ലഭിക്കും) അ ദ്ധ്യാപകരുടെ വസ്ത്രങ്ങൾ പുഴയിൽ കൊണ്ടുപോ യി അലക്കണം. പണിയെടുത്ത് ക്ഷീണിക്കുമ്പോൾ തന്റെ സ്കൂൾ പഠനം അവസാനിച്ചിരുന്നെങ്കിൽ എ ന്നവൾ പ്രാർത്ഥിക്കുമായിരുന്നു പോലും... കാളി നാലാംക്ലാസ്സ് പൂർത്തിയാക്കിയെങ്കിലും വീട്ടിൽ നിന്നും പോയി വരാനുള്ള ബുദ്ധിമുട്ടുകൾ കാരണം പഠനം അവസാനിപ്പിച്ചു. പിന്നീട് ബ്രിഡ്ജ് സ്കൂ ളിൽ എത്തിച്ചേർന്നു. ഇന്ന് ഏഴാംക്ലാസ്സിലെ മിടു ക്കിയായ വിദ്യാർത്ഥിയാണ് കാളി. ആടാൻ, പാ ടാൻ, അഭിനയിക്കാൻ എല്ലാത്തിനും ഉഷാർ. വലിയ തരത്തിലുള്ള അടിമത്തസ്വഭാവം ഞാനടങ്ങുന്ന സ മൂഹം ഇത്തരത്തിൽ ആണല്ലോ രൂപപ്പെടുത്തിയെ ടുത്തത് എന്നാലോചിക്കുമ്പോഴാണ് അമർഷം വർ ദ്ധിക്കുന്നത്.

കാളിയെ പോലെ ഒരുപാടു കുട്ടികൾ ബ്രിഡ്ജ് സ്കൂളിൽ ഉണ്ട്. എന്തുകൊണ്ടാണ് തങ്ങൾക്ക് പാ തി വഴിയിൽ സ്കൂൾ പഠനം അവസാനിപ്പിക്കേണ്ട

**അട്ടപ്പാടിയിലെ കുടുംബശ്രീയുടെ പ്രോജ ക്ടിൽ വ്യത്യസ്തമാർന്നതും സ്വാഗതാർഹ മായതുമായ പ്രോജക്ടിൽ ഒന്നാണ് ബ്രിഡ് ജ്സ്കൂൾ. അട്ടപ്പാടി ആദിവാസി ഊരുക ളിലെ സ്കൂളിൽ നിന്ന് പഠനം പൂർത്തിയാ കാതെ കൊഴിഞ്ഞു പോകുന്ന കുട്ടികളു ടെ തുടർ പഠനത്തിനായാണ് ഇത് നടത്തു ന്നത്. 4, 7, 10 ക്ലാസ്സുകളിലെ തുല്യതാ പ രീക്ഷയെ മുൻനിർത്തിയാണ് കുട്ടികൾക്ക് ക്ലാസ്സുകൾ കൊടുക്കുന്നത്.**

തായി വന്നത് എന്നുള്ളതിന്റെ കാരണങ്ങൾ അതിൽ ഉണ്ടെന്നതാണ് സത്യം. ആ കാരണങ്ങൾ നമ്മെ അസ്വസ്ഥപ്പെടുത്താൻ പോന്നതുമാണ്. എഴുപതിൽ പരം കുട്ടികൾ ഉണ്ട് ബ്രിഡ്ജ് സ്കൂളിൽ. എല്ലാവരും ബഹുമുഖപ്രതിഭകൾ. പലരും പാതിവഴിയിൽ പഠനം ഉപേക്ഷിക്കുവാനുള്ള പ്രധാനകാരണം ആരോഗ്യസംബന്ധമായ പ്രശ്നങ്ങളാണത്രെ. പക്ഷെ ആരോഗ്യകരമായ പ്രശ്നങ്ങളാൽ പഠനം അവസാനിപ്പിക്കുന്ന കുട്ടികൾ വളരെ ചുരുക്കം ആണല്ലോ എന്നാലോചിച്ചപ്പോഴാണ് മറ്റു ചില കാരണങ്ങളിലേക്ക് കൂടി ചെന്നെത്തുന്നത്. അട്ടപ്പാടിയിലെ സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അത്ര തന്നെ അവബോധം ഉണ്ടാകണമെന്നില്ല. അത്തരം ഒരാൾ തനിക്ക് കിട്ടുന്ന ദിവസക്കൂലി കൊണ്ട് പട്ടിണി മാറ്റാനാണ് ശ്രമിക്കുക. ഗവൺമെന്റ് വിതരണം ചെയ്യുന്ന ഭക്ഷണസാമഗ്രികൾ സാധാരണജനങ്ങളിലേക്ക് എത്തിച്ചേരുന്നുണ്ടോ എന്നതും അവ പട്ടിണി മറികടക്കാൻ പര്യാപ്തമാണോ എന്നുള്ളതും ഉറപ്പ് വരുത്താനും നമുക്ക് സാധിക്കില്ല. കാര്യങ്ങൾ ഇത്തരത്തിൽ കെട്ട് പിണഞ്ഞ് കിടക്കുമ്പോൾ സാധാരണക്കാരായ ആളുകൾ അവരുടെ മകളുടെ/മകന്റെ ആരോഗ്യത്തിനായിരിക്കും മുൻഗണന നൽകുക. ഇത്തരത്തിൽ പല കുട്ടികളുടെയും പഠനം പാതി വഴിയിൽ നിന്ന് പോകുന്നു.

ഏഴാംക്ലാസ്സിലെ രണ്ട് വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുവാനുള്ള പ്രധാനകാരണം സുഹൃത്തുക്കൾ ആദിവാസി എന്ന് വിളിച്ച് അപമാനിച്ചതാണ്. ആദിവാസി എങ്ങനെ ആണ് അപമാനം ഉളവാക്കുന്ന വാക്കായത്? കാണുന്നവന്റെ കണ്ണിലെ പരിഹാസം കേട്ട് കേട്ട് കേൾക്കുന്നവന്റെ കൂടി അപമാനമായി തീരുന്നു. പിന്നീട് ഇത്തരം വിളികൾ ആകട്ടെ അപതീക്ഷിതമായ സ്വയം കുറ്റപ്പെടുത്തലിലേക്ക്/സ്വയം താഴ്ത്തിക്കെട്ടുന്നതിലേക്ക് കുട്ടിയെ കൊണ്ടെത്തിക്കുന്നു. മറ്റൊരു നിർവാഹം ഇല്ലാതെ ആകുമ്പോൾ കുട്ടി പഠനം അവസാനിപ്പിച്ച് ജീവിതത്തിൽ നിന്ന് തന്നെ ഒളിച്ചോടുന്നു.

മറ്റ് ചില കുട്ടികൾ പഠിക്കാൻ താല്പര്യക്കുറവ് കൊണ്ടാണ് പഠനം അവസാനിപ്പിച്ചത്. താല്പര്യമില്ലായ്മ ഒന്നോ രണ്ടോ ആളുകൾക്കല്ല ഒരു കൂട്ടത്തിനാണ്. ഇങ്ങനെ ഒരു കൂട്ടത്തിനു താല്പര്യമില്ലായ്മ ഉണ്ടാകുമ്പോൾ ആണ് വിദ്യാഭ്യാസം എന്താണ് എന്നത് അന്വേഷണ വിധേയമാക്കേണ്ടി വരുന്നത്.

അറിവിനെ സ്വീകരിക്കാനുള്ള കഴിവിനെ പരിപോഷിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ പ്രകൃതിയിൽ നിന്നും മനുഷ്യനിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും, പഠിക്കാനുള്ള ആദിവാസിയുടെ സർഗവാസനയെ ക്ലാസ്സുകളിൽ വെച്ച് ഇല്ലാതാക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരേ രൂപവും, ഒരേ ഭാവവും ഒരേ മണവുമുള്ള ഉൽപ്പന്നങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ മുഖ്യധാര വിദ്യാഭ്യാസസമ്പ്രദായങ്ങൾ കാണിക്കുന്ന വ്യഗ്രത പരിഹാസ്യയോഗ്യമെന്നല്ലാതെ മറ്റൊന്നും പറയാൻ ആകില്ല.

**അറിവിനെ സ്വീകരിക്കാനുള്ള കഴിവിനെ പരിപോഷിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ പ്രകൃതിയിൽ നിന്നും മനുഷ്യനിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും, പഠിക്കാനുള്ള ആദിവാസിയുടെ സർഗവാസനയെ ക്ലാസ്സുകളിൽ വെച്ച് ഇല്ലാതാക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരേ രൂപവും, ഒരേ ഭാവവും ഒരേ മണവുമുള്ള ഉൽപ്പന്നങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ മുഖ്യധാര വിദ്യാഭ്യാസസമ്പ്രദായങ്ങൾ കാണിക്കുന്ന വ്യഗ്രത പരിഹാസ്യയോഗ്യമെന്നല്ലാതെ മറ്റൊന്നും പറയാൻ ആകില്ല.**

അട്ടപ്പാടിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കുട്ടി വളർന്ന/ജീവിച്ച പരിതസ്ഥിതികളുമായി ഒരു ബന്ധവുമില്ലാത്ത ലോകത്തെ ആണ് അധ്യാപക സമൂഹം നിരന്തരം ക്ലാസ് മുറിയിൽ ആഘോഷിക്കുന്നത്, അവൾ/അവൻ കേട്ട പാട്ടുകളില്ല കഥകളില്ല ജീവിതങ്ങളില്ല. എന്തിന് കുട്ടിക്ക് സ്വന്തമായി ഒരു ഭാഷ ഉണ്ടെന്ന് പോലും പരിഗണിക്കാത്ത അധ്യാപകർ എത്ര തന്നെ നിറഞ്ഞാടിയിട്ടും എന്തുകാര്യം....

ആദ്യം സ്വയംപര്യാപ്തമായ ഒരു സമൂഹത്തെ ഇല്ലാതാക്കി. ഇന്ന് അവരുടെ കുട്ടികളെയും... അട്ടപ്പാടിയിലെ ജനതയ്ക്ക് അവശ്യം കോടിക്കണക്കിന് രൂപയുടെ ഫണ്ട് അല്ല സ്വന്തമായ അടിത്തറ ആണ്. നിലനിൽക്കാനുള്ള അസ്തിത്വം ആണ്. മാറിയ പുതിയ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇതിനൊരു മോചനം ഉണ്ടാവുകയുള്ളൂ.



ചർച്ചാവിഷയം



സിന്ധു സാജൻ

# രാധികയും വിജയും പാഠപുസ്തകങ്ങളാകുന്നതെങ്ങനെ?

'യുവാവും യുവതിയും തൂങ്ങിമരിച്ച നിലയിൽ'

നക്കുപ്പതി ഊരിലെ വിജയ് (19) രാധിക (17) എന്നിവരെ അഗളി തകരപ്പാടി തോടിന്റെ കരയിലെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. നഞ്ചൻ ശിവകാമി ദമ്പതിമാരുടെ മകനാണ് വിജയ്. മുരുകൻ വിതുകി ദമ്പതിമാരുടെ മകളാണ്. രാധിക. ഇവർ വളരെക്കാലമായി ഇഷ്ടത്തിലായിരുന്നുവെന്ന് പോലീസ് അറിയിച്ചു. കഴിഞ്ഞ ദിവസം കാണാതായതിനെത്തുടർന്ന് അവരെ കണ്ടെത്തി പോലീസ് ഇടപെട്ട് വീട്ടുകാരോടൊപ്പം അയച്ചിരുന്നു. രാത്രിയിൽ ഇവരെ വീണ്ടും കാണാതാവുകയായിരുന്നു. ശനിയാഴ്ച പുലർച്ചെയാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഗവ.ഐ.ടി.ഐയിലെ വിദ്യാർത്ഥിയാണ് വിജയ്. അഗളി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനിയാണ് രാധിക.

ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ മലയാളത്തിലെ ഒരു പ്രമുഖപത്രത്തിലെ ചരമക്കോളത്തിൽ വന്ന വാർത്തയാണിത്. ഈ വാർത്ത അധികമാരുടെയും ശ്രദ്ധയിൽപ്പെട്ടു കാണില്ല. അഥവാ കണ്ടാൽ തന്നെ വളരെ ലഘുവായി വായിച്ച് പോകാൻ കഴിയുന്ന പതിവു വാർത്തകളിലൊന്ന്.

എന്നാൽ മറ്റൊരു പത്രത്തിന് 'കമിതാക്കൾ തൂങ്ങിമരിച്ച നിലയിൽ' എന്നായിരുന്നു തലക്കെട്ട്.

അട്ടപ്പാടിയിലെ ആദിവാസിമരണങ്ങളും ശിശുമരണങ്ങളും അട്ടപ്പാടിയാകെത്തന്നെയും കൗതുകവാർത്തകളാകുമ്പോൾ ഈ മരണം എന്തേ ആരുമറിയാതെ അന്വേഷിക്കാതെ പോയി?

എന്തുകൊണ്ടാണിവർ മരണം സ്വീകരിച്ചത്? അഥവാ സമൂഹത്തിൽ നിന്ന് ഓടിയൊളിച്ചത്? സ്വസ്ഥമായി ജീവിക്കാൻ ഒരിടം ഈ ഭൂമിയിൽ കണ്ടെത്താനാകില്ലെന്ന് ബോധ്യം വന്നതോടെയാണ് രണ്ടുപേരും ഒന്നുചേർന്ന് മരണത്തെ വരിച്ചതെന്ന് സംശയിക്കേണ്ടതില്ല.

ഈ മരണത്തിൽ അറിഞ്ഞോ അറിയാതെയോ നാമെല്ലാം പങ്കാളികളാണ്. ഇവർ രണ്ടുപേരും 'കുട്ടികൾ' ആണത്രെ!

'പ്രായപൂർത്തിയാകാത്ത 'കുട്ടികളെ' സുരക്ഷിതമായി അച്ഛനമ്മമാർക്കൊപ്പം അയച്ചതിൽ എന്താണ് തെറ്റെന്ന്' അധ്യാപകർ നിസ്സഹായതയോടെ ചോദിക്കുന്നു. 'നിയമമനുസരിച്ചല്ലേ ചെയ്യാനൊക്കൂ' എന്ന് പോലീസും കൈമലർത്തുന്നു.

'വേണ്ടത്ര ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തതാണെന്ന്' കൗൺസലിംഗ് വിദഗ്ദരും. 'പ്രായപൂർത്തിയാകാത്ത വിവാഹങ്ങൾ ഉണ്ടാക്കാവുന്ന ശാരീരിക-മാനസിക പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവൽക്കരിച്ചെന്ന്' ആരോഗ്യവകുപ്പും അഭിമാനപൂർവ്വം ആശ്വസിക്കുന്നു.

എങ്കിൽ പിന്നെ ഈ 'കുട്ടികൾക്ക്' എവിടെയാണ് പിഴച്ചത്?

വിവാഹപ്രായമെത്താത്ത 'കുട്ടികളായി' കണ്ടാണ് സമൂഹവും നിയമവും ഇവർക്കു മുൻപിൽ ജീവിത

ത്തിന്റെ വാതിലുകൾ കൊട്ടിയടച്ചത്. എന്നാൽ മരണശേഷം, കേവലം ഒരു ദിവസത്തിനുശേഷം, ഇവർ 'യുവാവും യുവതി' യുമായതെങ്ങനെ?

സ്കൂളിൽ പഠിക്കേണ്ടിയിരുന്ന 'കുട്ടികൾ' കമിതാക്കൾ' ആയതെങ്ങനെ?

'പക്വതയില്ലാത്ത പ്രായത്തിൽ ജീവിക്കാനിറങ്ങിയാൽ മരണം ഉറപ്പ്' എന്ന പാഠം ഒന്നുകൂടി ഉറപ്പിക്കാൻ ഈ മരണം അധ്യാപകരെ സഹായിച്ചു.

മനുഷ്യജീവിതത്തിനുമപ്പുറം മറ്റെന്തൊക്കെയോ ആണ് നിയമമെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ പോലീസിനും സാധിച്ചു.

വിജയും രാധികയും അട്ടപ്പാടിയിലെ ഒരു ഊരിലെ തൊട്ടടുത്ത വീടുകളിൽ താമസിക്കുന്നവരാണ്. രാധിക പത്താംക്ലാസിലും വിജയ് ഐടിഐയിലും പഠിക്കുന്ന കുട്ടികളാണ്. വിജയിന് 19 വയസ്സും രാധികക്ക് 17 വയസ്സും (അൽപം മുതിർന്ന കുട്ടികൾ ആണെന്നേ ഉള്ളൂ!)

ഈ 'കുട്ടികൾക്ക്' പരസ്പരം ഇഷ്ടം തോന്നുന്നു. ആദിവാസിയുടെ പഴയനിയമം അനുസരിച്ചാണെങ്കിൽ ഈ 'കുട്ടികൾക്ക്' ജീവിക്കാനുള്ള പ്രായവും പക്വതയുമെത്തിക്കഴിഞ്ഞു. അവർക്ക് ഒരുമിച്ച് ജീവിക്കാവുന്നതേയുള്ളൂ. എന്നാൽ ആദിവാസിയും പൊതുനിയമങ്ങൾക്ക് വിധേയരാകേണ്ടി വന്നതാണ് ഈ രണ്ടു ജീവനും ഒരുമിച്ച് നഷ്ടപ്പെടേണ്ടി വന്നത്.

മാസങ്ങളായി ഈ 'കുട്ടികൾ' തങ്ങളുടേതായ ജീവിതം കണ്ടെത്താനുള്ള കഠിനമായ മാനസിക സംഘർഷങ്ങളിലായിരുന്നു എന്നു വേണം പറയാൻ.

സ്കൂളിൽ പത്താംക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി പ്രണയത്തിലേർപ്പെടുന്നത് സ്കൂളിന്റെ അച്ചടക്കത്തിനു ചേർന്നതല്ലല്ലോ. 'പഠിക്കേണ്ട പ്രായത്തിൽ പഠിക്കുകയല്ലേ വേണ്ടത്? ഈ പ്രായം പ്രേമിച്ചു നടക്കലായിരുന്നോ നമുക്കൊക്കെ പണി? ഇപ്പോൾ പഠിക്കട്ടെ കുട്ടി– ഈ പ്രായത്തിൽ പ്രണയിക്കുന്നതും ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നതും ഒരു ക്രൈം ആയി കാണുന്ന അധ്യാപകസമൂഹവും വിദ്യാലയനിയമങ്ങളും ഉള്ളിടത്ത് ഈ കുട്ടികൾ എങ്ങനെ സ്കൂളിലേക്ക് തിരിച്ച് പോകും?

സമൂഹം അംഗീകരിക്കാത്ത പ്രണയത്തെ നഖശിഖാന്തം എതിർക്കുന്ന വീട്ടുകാരെ എങ്ങനെ അഭിമുഖീകരിക്കും?

അങ്ങനെ വീട്ടിലും നാട്ടിലും വിദ്യാലയത്തിലും ഇടമില്ലാതാകുന്നതോടെയാണ് ഈ കുട്ടികൾ നാടുവിടാൻ തീരുമാനിച്ചത്. 'ഒളിച്ചോടിയപ്പോഴേക്കും കഥ വീണ്ടും മാറി! കേസായി. അന്വേഷണം പോലീസായി. ഒടുവിൽ ഒരു ബന്ധുഗൃഹത്തിൽ നിന്ന് കയ്യോടെ പിടികൂടി. പോലീസ് സ്റ്റേഷനിൽ വെച്ച് പ്രായപൂർത്തിയാകാത്തവർ വിവാഹം കഴിച്ചാലുള്ള നിയമക്കുരുക്കുകളെക്കുറിച്ച് കുട്ടികളെ ശക്തമായി ബോധ്യപ്പെടുത്താൻ സാധിച്ച പോലീസ് തന്നെ 'സുരക്ഷിതരായി' അവരെ മാതാപിതാക്കളെ ഏൽപ്പിച്ചുവത്രെ!

കൊടുത്തുകൊണ്ട് നമുക്കാർക്കും ഇവരോട് സംവദിക്കാനായില്ലയെന്നത് തീർച്ചയായും മുതിർന്നവരുടെ തെറ്റല്ലേ?

കുട്ടികൾ നിയമം അനുസരിക്കേണ്ടവർ മാത്രമാണെന്ന മുതിർന്നവരുടെ മിഥ്യാധാരണ തന്നെയല്ലേ ഇവിടുത്തെ യഥാർത്ഥ വില്ലൻ? കുട്ടികൾക്ക് മനസ്സിലാവുന്ന രീതിയിൽ ചിന്തിക്കാനും അവർക്ക് സ്വീകരിക്കാവുന്ന രീതിയിൽ കാര്യങ്ങളവതരിപ്പിക്കാനുമുള്ള പക്വതയല്ലേ മുതിർന്നവർ നേടേണ്ടത്? അധ്യാപകർ സംവദിക്കേണ്ടതും കുട്ടികളുടെ ഹൃദയങ്ങളോടല്ലേ? ജീവിക്കാൻ പക്വതയില്ലെന്ന് നമ്മളാക്ഷേപിച്ച കുട്ടികൾ, മരിക്കാൻ പക്വതനേടിയെന്ന് തെളിയിച്ച് നമ്മെ തോൽപ്പിക്കുകയായിരുന്നില്ലേ യഥാർത്ഥത്തിൽ?

തെരഞ്ഞെടുത്ത വഴി തെറ്റല്ല എന്നും തങ്ങളുടെ നന്മക്കുവേണ്ടി മാത്രമാണ് മുതിർന്നവർ ഉപദേശിക്കുന്നതെന്നും ചിന്തിക്കാൻ ഈ കുട്ടികൾക്ക് അവസരം കൊടുത്തില്ല എന്നതാണ് മുതിർന്നവരായ നമ്മൾ ചെയ്ത അബദ്ധം.

കുട്ടികൾ കുട്ടികളാണെന്നും മുതിർന്നവരുടെ ചിന്തകളല്ല അവരെ ഭരിക്കുന്നതെന്നും നാമിനി എന്നാണ് മനസ്സിലാക്കുക?




# സി.എൻ.അഹമ്മദ് മൗലവി പുരസ്ക്കാരം ഡോ.പി.ഗീതയ്ക്ക്

സി.എൻ.അഹമ്മദ് മൗലവിയുടെ പേരിൽ മുസ്ലിം സർവീസ് സൊസൈറ്റി ഏർപ്പെടുത്തിയ പുരസ്കാരം ഡോ.പി.ഗീതയുടെ 1921 ചരിത്രവർത്തമാനങ്ങൾ എന്ന കൃതിക്ക് ലഭിച്ചു. 25000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

ഉപ്പും മുളകും



ഗീത



# പോലീസിന്റെ ആണത്ത ഘോഷങ്ങൾ

**പെണ്ണുങ്ങളോട് മര്യാദ കാട്ടുന്നില്ല എന്നു തന്നെ. ജനമൈത്രിയായാലും വ്യത്യാസമില്ല. കാരണം'ജന'മെന്നത് ആണു മാത്രമാണെന്നു കണക്കാക്കപ്പെടുന്ന ഒരു വ്യവസ്ഥയിൽ പോലീസിനെ പെൺ സൗഹാർദപരമായ സംവിധാനമാക്കണമെങ്കിൽ സവിശേഷ പരിശീലനം തന്നെ നല്കേണ്ടി വരും. ഇത്തരം കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞതിന്റെ ഫലമായി പോലീസ് അക്കാദമികളിൽ ചില ക്ലാസുകൾ പ്രത്യേകമായി നടക്കുന്നുണ്ടെങ്കിലും ഫലം കണ്ടുതുടങ്ങിയിട്ടില്ല. അഥവാ ചില എതിർ ഫലങ്ങൾ ശക്തമാകുന്ന പ്രവണത കാണുന്നുമുണ്ട്.**

നീയൊരു പെണ്ണാണ് വെറും പെണ്ണ് എന്ന് പറഞ്ഞത് സിനിമയിലെ പോലീസുദ്യോഗസ്ഥനാണ്. ഇത് പൗരുഷമുള്ള ഏതു പോലീസിനും ഏതു പെണ്ണിനോടും എവിടെ വെച്ചും പറയാവുന്ന ഒന്നാണെന്ന പൊതുബോധത്തെ ശക്തിപ്പെടുത്തിക്കൊണ്ടാണ് ഈ വാചകം മലയാളി പൊതുബോധത്തിന്റെ കൈയടി ഏറ്റുവാങ്ങിയത്. മലയാള സിനിമയിൽ മമ്മൂട്ടി പോലീസാകുമ്പോൾ മാത്രമുള്ള വാചകങ്ങളായി ഇവ ചുരുക്കപ്പെടുകയല്ല ഉണ്ടായത്. മറിച്ച് സിനിമക്കു പുറത്തുള്ള യഥാർഥ പോലീസിന്റെ ആണധികാരബോധത്തെയും പ്രയോഗത്തെയും പതിന്മടങ്ങു ശക്തിപ്പെടുത്താനുതകിയ അനേക ഘടകങ്ങളിൽ ഒന്നായി മാറുകയായിരുന്നു. ശ്രദ്ധിക്കുക, സിനിമ കൊണ്ടു മാത്രം പോലീസ് ഇങ്ങനെയായി എന്നല്ല ഉദ്ദേശിച്ചത്.പോലീസിന്റെ 'ആണത്ത'ത്തെ അധികരിപ്പിക്കുന്ന മുഖ്യ പ്രേരകമായി സിനിമയിലെ താര പോലീസ് / പോലീസ് താരം പ്രവർത്തിച്ചു എന്നാണ്.

സിനിമയെക്കുറിച്ചല്ല ഈ എഴുത്ത് . പോലീസിനെക്കുറിച്ചാണ്. കാൽ നൂറ്റാണ്ടിലേറെക്കാലമായി സ്ത്രീവാദ പ്രവർത്തകർ പറഞ്ഞു കൊണ്ടേ ഇരിക്കുന്നു, പോലീസ് ശരിയല്ല എന്ന്. പെണ്ണുങ്ങളോട് മര്യാദ കാട്ടുന്നില്ല എന്നു തന്നെ. ജനമൈത്രിയായാലും വ്യത്യാസമില്ല. കാരണം'ജന'മെന്നത് ആണു മാത്രമാണെന്നു കണക്കാക്കപ്പെടുന്ന ഒരു വ്യവസ്ഥയിൽ പോലീസിനെ പെൺ സൗഹാർദപരമായ സംവിധാനമാക്കണമെങ്കിൽ സവിശേഷ പരിശീലനം തന്നെ നല്കേണ്ടി വരും. ഇത്തരം കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞതിന്റെ ഫലമായി പോലീസ് അക്കാദമികളിൽ ചില ക്ലാസുകൾ പ്രത്യേകമായി നടക്കുന്നുണ്ടെങ്കിലും ഫലം

**പോലീസിന്റെ ഈ അതിക്രമത്തിൽ മനംനൊന്തും ഭയന്നുമാണ് കൃഷ്ണകുമാർ ആത്മഹത്യ ചെയ്തത്. ആഭ്യന്തര വകുപ്പിന്റെ കൂടി ചുമതലയുള്ള മുഖ്യമന്ത്രിയെ അഭിസംബോധന ചെയ്തു കൊണ്ടെഴുതിയ ആത്മഹത്യാക്കുറിപ്പിൽ ഇക്കാര്യം കൃഷ്ണകുമാർ വ്യക്തമായി എഴുതിയിട്ടുണ്ട്. തന്നെ ഭീഷണിപ്പെടുത്തിയ പോലീസുകാരന്റെ പേരും അതിലുണ്ട്. എന്നിട്ടതിൽ എന്തു നടപടി ഉണ്ടായി? ജിഷാ സംഭവത്തിൽ ഉണ്ടായതു തന്നെ കുറച്ചു ദൂരം അപ്പുറത്തേക്ക് പോലീസിനെ സ്ഥലം മാറ്റി. അത്ര മാത്രം!**

കണ്ടുതുടങ്ങിയിട്ടില്ല. അഥവാ ചില എതിർ ഫലങ്ങൾ ശക്തമാകുന്ന പ്രവണത കാണുന്നുമുണ്ട്.

സ്ത്രീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കേരളാ പോലീസിന്റെ അലംഭാവവും ശത്രുതാ മനോഭാവവും നാൾക്കുനാൾ വർധിച്ചു വരികയാണ് എന്ന് സമീപകാല സംഭവങ്ങൾ വ്യക്തമാക്കുന്നു. പെരുമ്പാവൂരിലെ ജിഷാ സംഭവം ഒന്നാം തരം ഉദാഹരണമാണ്. ജിഷയുടെ കൊലപാതകവുമായി ബന്ധപ്പെട്ട നിർണായക തെളിവുകൾ മുഴുവൻ നശിപ്പിച്ചത് പോലീസാണെന്നു നമുക്കറിയാം. പ്രതിയെയും സംഭവത്തെയും സംബന്ധിച്ച് പോലീസുണ്ടാക്കിയ കെട്ടുകഥകൾ മാത്രമുണ്ടിപ്പോൾ. പ്രമാദമായ ഒരു കുറ്റം തെളിവുകൾ നശിപ്പിച്ച് തുമ്പില്ലാതാക്കുന്നതിൽ പോലീസ് വഹിച്ച പങ്ക് അദ്ഭുതകരമാണ്.

തലശ്ശേരിയിലെ വാദികളായ ദളിത് പെൺകുട്ടികളോട് പോലീസ് പെരുമാറിയ രീതിയും ഏറെ വിമർശനങ്ങളെ ഉണ്ടാക്കിയിരുന്നു. ദളിത് എന്നോ പെണ്ണ് എന്നോ പരിഗണനയില്ലാതെ അതിനീചമായ ഒരു നിലപാടായിരുന്നു തലശ്ശേരി പോലീസ് സ്വീകരിച്ചത്.

ആലപ്പുഴ കാർത്തികപ്പള്ളിയിൽ കൃഷ്ണകുമാർ എന്ന ഓട്ടോറിക്ഷാ ഡ്രൈവർക്ക് ആത്മഹത്യ ചെയ്യേണ്ട സാഹചര്യമൊരുക്കിയതിൽ പ്രദേശത്തെ പോലീസിന്റെ പങ്കു പുറത്തു വന്നു കഴിഞ്ഞിരിക്കുന്നു. ആത്മഹത്യ ചെയ്തത് ഒരു പുരുഷനാണെങ്കിലും കൃഷ്ണ കുമാറിന്റെ ആത്മഹത്യാസംഭവം നമ്മെ എത്തിക്കുന്നത് ഒരു സ്ത്രീ പ്രശ്നത്തിലാണ്. എന്തിനാണ് കൃഷ്ണകുമാർ ആത്മഹത്യ ചെയ്തത്? മകളെ ഒരു വൻ നിരന്തരമായി ശല്യം ചെയ്തു.അവളതിനു വഴങ്ങാതിരുന്നപ്പോൾ ഫേസ് ബുക്കിലെ അവളുടെ മുഖചിത്രത്തോട് നഗ്നശരീര ഫോട്ടോ ചേർക്കുമെന്നു ഭീഷണിപ്പെടുത്തി. അത്രയുമെത്തിയപ്പോൾ കൃഷ്ണകുമാർ പോലീസിൽ പരാതിപ്പെട്ടു. പോലീസ് എന്തു ചെയ്തുവെന്നോ? കൃഷ്ണ കുമാറിന്റെ വീട്ടിൽ (ഒറ്റമുറിയാണത് ) വന്ന് സിനിമാ സ്റ്റൈലിൽ ഭീഷണിപ്പെടുത്തി കൃഷ്ണ കുമാറിന്റെ മകനെ ചവുട്ടിക്കൂട്ടുമെന്ന്! ആരാണ് ഇതിന് ഇയാൾക്കു ധൈര്യം നല്കിയത്? എന്തായിരുന്നു കൃഷ്ണകുമാർ ചെയ്ത കുറ്റം? തന്റെ മകളെ ഉപദ്രവിച്ചവനെതിരെ പരാതിപ്പെട്ടതോ?

പോലീസിന്റെ ഈ അതിക്രമത്തിൽ മനംനൊന്തും ഭയന്നുമാണ് കൃഷ്ണകുമാർ ആത്മഹത്യ ചെയ്തത്. ആഭ്യന്തര വകുപ്പിന്റെ കൂടി ചുമതലയുള്ള മുഖ്യമന്ത്രിയെ അഭിസംബോധന ചെയ്തു കൊണ്ടെഴുതിയ ആത്മഹത്യാക്കുറിപ്പിൽ ഇക്കാര്യം കൃഷ്ണകുമാർ വ്യക്തമായി എഴുതിയിട്ടുണ്ട്. തന്നെ ഭീഷണിപ്പെടുത്തിയ പോലീസുകാരന്റെ പേരും അതിലുണ്ട്. എന്നിട്ടതിൽ എന്തു നടപടി ഉണ്ടായി? ജിഷാ സംഭവത്തിൽ ഉണ്ടായതു തന്നെ കുറച്ചു ദൂരം അപ്പുറത്തേക്ക് പോലീസിനെ സ്ഥലം മാറ്റി. അത്ര മാത്രം!

ഒരു സ്ത്രീ പീഡന പരാതിയിന്മേൽ നടപടി എടുത്തില്ല എന്നു മാത്രമല്ല ആ സ്ത്രീയെ സംരക്ഷിക്കാൻ ശ്രമിച്ച പുരുഷനെ ആത്മഹത്യയിലേക്കു നയിക്കുക കൂടിയായിരുന്നു പോലീസ് എന്നർഥം.

ഒരു സ്ത്രീക്കു സംരക്ഷകരുടെ ആവശ്യമുണ്ടോ, ആത്മഹത്യ ഭീരുത്വമല്ലേ തുടങ്ങിയ താത്വിക ചർച്ചകൾ നടക്കട്ടെ. ഇവിടെ

ഉന്നയിക്കാൻ ശ്രമിക്കുന്നത്, പോലീസ് എന്തുകൊണ്ട് ഇത്രയധികം സ്ത്രീവിരുദ്ധമായി പെരുമാറിക്കൊണ്ടിരിക്കുന്നുവെന്നതാണ്.

ഭരണകൂടം ശക്തമാകുമ്പോഴാണ് പോലീസ് ഇത്തരത്തിൽ നിഷ്ഠുരമാവുക. അടിയന്തിരാവസ്ഥക്കാലത്ത് അതാണ് സംഭവിച്ചത്.ഗുജറാത്ത് കലാപത്തിലും ഇതുണ്ടായി.

കേരളത്തിൽ പോലീസിന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? അതിശക്തമായ ആണധികാരബോധമാണ് പോലീസിനെ ഇത്രയധികം സ്ത്രീവിരുദ്ധമാക്കുന്ന ഘടകങ്ങളിൽ ഒന്ന്. അതിനുള്ളിൽത്തന്നെ അതിനെതിരായി പൊരുതിക്കൊണ്ടാണ് വിനയയെപ്പോലൊരുവൾ ഉയർന്നു വരുന്നത്. എന്നാൽ പൊതു സമൂഹത്തോടുള്ള ഇടപെടലുകളിൽ പോലീസ് സംവിധാനത്തിനുള്ളിലെ പെണ്ണിന് ഇനിയുമെത്രയോ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.

രാഷ്ട്രീയ സംഘടനകളുടെ ഇടപെടലാണ് പോലീസിനെ സ്ത്രീവിരുദ്ധമാക്കുന്ന മറ്റൊരു പ്രേ രണ സൂര്യനെല്ലി ,ഐസ് ക്രീം പാർലർ മുതലുള്ള മിക്ക സ്ത്രീ പീഡനക്കേസുകളിലും ഇതു വ്യക്തമായതാണ്. കിളിരൂർ കേസന്വേഷണത്തിൽ ബഹു 'കേരളാ ഹൈക്കോടതി പോലീസിനെ പരസ്യവും ശക്തവുമായി വിമർശിക്കുകയും അന്വേഷണ രേഖകൾ മുദ്രവെക്കുകയും ചെയ്തത് ഓർക്കുക. ഇത് നിരന്തരമായി ആവർത്തിക്കുന്നത് നമ്മൾ കണ്ടു കൊണ്ടേ ഇരിക്കുന്നു. പണവും പോലീസിനെ അനീതിപൂർവകമായി

**കേരളത്തിൽ പോലീസിന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? അതിശക്തമായ ആണധികാരബോധമാണ് പോലീസിനെ ഇത്രയധികം സ്ത്രീവിരുദ്ധമാക്കുന്ന ഘടകങ്ങളിൽ ഒന്ന്. അതിനുള്ളിൽത്തന്നെ അതിനെതിരായി പൊരുതിക്കൊണ്ടാണ് വിനയയെപ്പോലൊരുവൾ ഉയർന്നു വരുന്നത്. എന്നാൽ പൊതു സമൂഹത്തോടുള്ള ഇടപെടലുകളിൽ പോലീസ് സംവിധാനത്തിനുള്ളിലെ പെണ്ണിന് ഇനിയുമെത്രയോ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.**

**ആണധികാരഭരണത്തിൻ കീഴിൽ പോലീസ് അതിലേറെ വൃത്തികെട്ട രീതിയിൽ അധികാരം പ്രയോഗിക്കുന്നു. ഫലമോ? പെണ്ണിന് തുല്യനീതി നിഷേധിക്കപ്പെടുന്നു. ഭരണഘടനാ ലംഘനമാണിത് മൗലികാവകാശ നിഷേധം. ഇതിനെതിരെ സ്ത്രീകളിൽ നിന്നു തന്നെ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും ഉയർന്നു വരേണ്ടതുണ്ട്. അതിന് നമ്മൾ സ്ത്രീകൾ സ്വന്തം അവകാശങ്ങളെപ്പറ്റി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു കൊണ്ട് സംഘടിക്കേണ്ടതുണ്ട്. ഒറ്റപ്പെട്ട ശബ്ദങ്ങൾ കേട്ടില്ലെന്നു നടിക്കുകയോ അവഗണിക്കുകയോ ചെയ്യാം.**

സ്വാധീനിക്കുന്ന ഒരു ഘടകമാണ്.

ആണധികാരഭരണത്തിൻ കീഴിൽ പോലീസ് അതിലേറെ വൃത്തികെട്ട രീതിയിൽ അധികാരം പ്രയോഗിക്കുന്നു. ഫലമോ? പെണ്ണിന് തുല്യനീതി നിഷേധിക്കപ്പെടുന്നു. ഭരണഘടനാ ലംഘനമാണിത് മൗലികാവകാശ നിഷേധം.

ഇതിനെതിരെ സ്ത്രീകളിൽ നിന്നു തന്നെ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും ഉയർന്നു വരേണ്ടതുണ്ട്. അതിന് നമ്മൾ സ്ത്രീകൾ സ്വന്തം അവകാശങ്ങളെപ്പറ്റി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു കൊണ്ട് സംഘടിക്കേണ്ടതുണ്ട്. ഒറ്റപ്പെട്ട ശബ്ദങ്ങൾ കേട്ടില്ലെന്നു നടിക്കുകയോ അവഗണിക്കുകയോ ചെയ്യാം.പക്ഷേ സംഘ ശബ്ദങ്ങളെ മറികടന്നു പോവുകയെന്നത് ഒരധികാരിക്കും അധികാര വ്യവസ്ഥക്കും എളുപ്പമല്ല തന്നെ.

പോലീസ് മുമ്പും അധികാരം പ്രയോഗിക്കുന്നവർ തന്നെയായിരുന്നു. കാലം കൊണ്ടു സംഭവിച്ച ചെറിയ മാറ്റങ്ങളിൽ സ്ത്രീക്കനുകൂലമായ വ വളരെ കുറവാണ്. പോലീസ് മാറുമോ എന്നു നമ്മൾ കാത്തിരിക്കണ്ട. നമുക്കു മാറാം. കൂട്ടത്തോടെ മാറാം. കാരണം നമ്മുടെയൊക്കെജീവിതത്തിന്റെ ഊർജത്തിന്റെ മുക്കാൽ പങ്കും ഇത്തരം ഒറ്റപ്പെട്ട കലഹങ്ങൾക്കായി നാം ധൂർത്തടിച്ചു കഴിഞ്ഞു. ഒറ്റക്കാണെന്നു കാണുമ്പോൾ അവർക്കും / ആർക്കും ഭയക്കേണ്ടതില്ല. അതു കൊണ്ട് ഇനിമേൽ കൂട്ടായി പ്രതികരിക്കാം.



# 'ആശാത്തി' എന്നത് അവരുടെ പേരല്ല, പിന്നെ...?



**ശ്രീദേവി**

'പുറങ്കണ്ണു തുറക്കാൻ
പുലർവേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.'

ഓരോ വിദ്യാർത്ഥിയുടെയും അകക്കണ്ണ് തുറപ്പിക്കുക എന്നതുതന്നെയാണ് അധ്യാപകൻ/അധ്യാപികയുടെ ലക്ഷ്യം. അഥവാ വ്യക്തിസത്ത രൂപീകരിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എത്രമാത്രമാണോ അത്രയേറെ പ്രാധാന്യം അധ്യാപകർക്കുമുണ്ട്. ഭാവി തലമുറയെ/സമൂഹത്തെ രൂപകല്പന ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം എന്നത് ഒരു പൊതുബോധമാണ്. ഓരോ സമൂഹവും നിലനിൽക്കുന്ന സാമൂഹ്യപശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് അതിലും മെച്ചപ്പെട്ട ഭാവി സമൂഹത്തിലേക്കു നോക്കുന്ന നോട്ടമാണ് വിദ്യാഭ്യാസം. 'ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് പല സമൂഹത്തിലും പലതായിരിക്കും. തദനുസൃതമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിലും ഉള്ളടക്കത്തിലും രീതിയിലും മാറ്റം വരും. നമ്മുടെ വിദ്യാഭ്യാസം രൂപകല്പന ചെയ്യുമ്പോൾ ഭരണഘടന ഉയർത്തിക്കാട്ടിയ ജനാധിപത്യം, സാമൂഹ്യനീതി, സ്ഥിതിസമത്വം, മതനിരപേക്ഷത തുടങ്ങിയവ ഭാവി സമൂഹത്തിന്റെ സൂചകങ്ങളായി കണക്കിലെടുക്കണം.

മതം, ജാതി, ലിംഗം, പ്രദേശം, ഭാഷ, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലൊ മറ്റേതെങ്കിലും വിധത്തിലോ യാതൊരുവിധ വിവേചനങ്ങൾക്കും ഇടയില്ലാത്ത മാനവികതയിൽ അധിഷ്ഠിതമായ ഒരു സമൂഹമാണ് നാം പ്രതീക്ഷിക്കുന്നത്. [1] വിദ്യാഭ്യാസം എന്തിനുവേണ്ടി എന്നതിന് ഇത്രയേറെ ഉൾക്കാഴ്ചയുള്ള ഒരു സമൂഹത്തിനകത്താണ് നാം ജീവിക്കുന്നത്.



**മതം, ജാതി, ലിംഗം, പ്രദേശം, ഭാഷ, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലൊ മറ്റേതെങ്കിലും വിധത്തിലോ യാതൊരുവിധ വിവേചനങ്ങൾക്കും ഇടയില്ലാത്ത മാനവികതയിൽ അധിഷ്ഠിതമായ ഒരു സമൂഹമാണ് നാം പ്രതീക്ഷിക്കുന്നത്. [1] വിദ്യാഭ്യാസം എന്തിനുവേണ്ടി എന്നതിന് ഇത്രയേറെ ഉൾക്കാഴ്ചയുള്ള ഒരു സമൂഹത്തിനകത്താണ് നാം ജീവിക്കുന്നത്.**

വ്യക്തിത്വവികസനത്തിന്റെ അടിസ്ഥാനപാഠങ്ങൾ വിദ്യാർത്ഥി സ്വായത്തമാക്കുന്നത് പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ച് വിദ്യാർത്ഥി സ്വന്തമായി അറിവ് ആർജ്ജിക്കാനുള്ള ശേഷി നേടുന്ന ഘട്ടം വരെ ഒരു കൈത്താങ്ങ് 'Scaffolding' നൽകി ശേഷം പഠനത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കി നൽകേണ്ട ആൾ (facilitator) എന്ന നിലയിലാണ് അധ്യാപകൻ/അധ്യാപിക പ്രവർത്തിക്കേണ്ടത്. മാറുന്ന വിദ്യാഭ്യാസ ചിന്തകൾക്കനുസരിച്ച് അധ്യാപകന്റേയും വിദ്യാർത്ഥിയുടേയും പ്രയോഗസ്ഥാനങ്ങൾ വ്യത്യസ്തമാകുന്നുണ്ട്. എന്നിരുന്നാലും വിദ്യാർത്ഥിയിൽ നിന്നും വ്യക്തിയിലേക്കുള്ള പരിണാമഘട്ടത്തിന്റെ ഗതിനിർണ്ണയിക്കുന്നതിൽ അധ്യാപകർക്ക് നിർണ്ണായക സ്ഥാനമാണുള്ളത്.

വിദ്യാഭ്യാസം ഒരടിസ്ഥാന ആവശ്യമാണെന്ന് ജനാധിപത്യസമൂഹത്തിനു ബോധ്യപ്പെടുന്നതിന് എത്രയോ മുൻപു തന്നെ നമ്മുടെ പൂർവ്വികർ വിദ്യാഭ്യാസത്തിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ആയ് രാജവംശത്തിലെ കരുനന്തടക്കന്റെ ഒമ്പതാം ഭരണവർഷത്തിൽ എഴുതപ്പെട്ട പാർത്ഥിവപുരം ശാസനത്തിൽ (ക്രി. 866) കാന്തളൂർ മരിയാദയിൽ ശാലയുണ്ടാക്കുന്നതിനെപറ്റി പ്രതിപാദിക്കുന്നുണ്ട്. 'ശ്രീകോയിൽ എടുത്തു വിഷ്ണുഭട്ടാരകരൈ പ്രതിഷ്ഠൈ ചെയ്തു.

പാർത്ഥിവശേഖരപുരമ് എന്റു പേർ ഇട്ടു
കാന്തളൂർ മര്യാദിയാല്
തൊണ്ണൂർ ഐവർ ചട്ടർക്കു ചാലൈ
യുണ്ടെയ്താ–' [2]

എഴുത്ത് വിദ്യയുപയോഗിച്ച് അറിവിനെ ക്രോഡീകരിച്ചതിലൂടെയാണ് ബ്രാഹ്മണസമൂഹം കേരളീയസമൂഹത്തിനു മേൽ അധീശത്വം സ്ഥാപിച്ചത്. ഈ എഴുത്തുവിദ്യനേടിയെടുക്കണം എന്ന ബോധ്യത്തോടു കൂടിത്തന്നെയായിരിക്കണം ഇവിടെ എഴുത്ത് പള്ളിക്കൂടങ്ങൾ രൂപപ്പെട്ടത്. എഴുത്ത് വിദ്യ കൈവശപ്പെടുത്തുന്നതിലൂടെ അറിവിനെയും കൈപ്പിടിയിലൊതുക്കാം എന്ന ലക്ഷ്യം എഴുത്തുപള്ളിക്കൂടങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചിരിക്കണം. അനുഭവത്തിലൂടെ അക്ഷരങ്ങളെ അറിയുന്ന നിലത്തെഴുത്ത് ഇവിടെ പണ്ടേ വേരോടിയിട്ടുണ്ട്. കേരളത്തിന്റെ വിവിധപ്രദേശങ്ങളിൽ ഇന്നും എഴുത്തുപള്ളിക്കൂടങ്ങളുടെ വേരുകൾ കണ്ടെടുക്കാം എന്നത് പ്രാചീനമായ ഒരു വിദ്യാഭ്യാസരീതിയിലേക്കും അതിന്റെ സാധ്യതകളിലേക്കുമാണ് വിരൽചൂണ്ടുന്നത്. പ്രാഥമികവിദ്യാഭ്യാസസ്ഥാപനം-പദ്ധതി എന്ന നിലയിലാണ് എഴുത്തുപള്ളിക്കൂടങ്ങൾ നിലനിന്നിരു

**"ആശാത്തി എന്നത് അവരുടെ പേരല്ല; പിന്നെയെന്ത് എന്ന ചോദ്യത്തിന് നര വീണ് ചുളിഞ്ഞ് തുടങ്ങിയ ചില ഓർമ്മകൾ മാത്രമാണ് ഉത്തരം. എറണാകുളം ജില്ലയിലെ മൂക്കന്നൂർ പഞ്ചായത്തിലെ 'ആഴകം' എന്ന ഗ്രാമത്തിൽ 'ആശാത്തി' എന്നറിയപ്പെടുന്ന ഒരു എഴുപതു വയസ്സുകാരിയുണ്ട്. എഴുത്താണികൊണ്ട് ആഴകത്തേയും തൊട്ടടുത്ത ഗ്രാമങ്ങളിലേയും ഒന്നും രണ്ടും മൂന്നും തലമുറകളെ എഴുത്തുപഠിപ്പിച്ച ശാരദ എന്ന ഒരു വൃദ്ധ. എഴുത്തുപള്ളിക്കൂടം, ആശാൻകളരി എന്നൊക്കെ അറിയപ്പെടുന്ന ഒടുവിലത്തെ കണ്ണി.**



ന്നത്. കുട്ടികളെ എഴുതുവാനും വായിക്കുവാനും ഉച്ചരിക്കുവാനും പ്രാപ്തരാക്കുക എന്നതായിരുന്നു ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.

പ്രാദേശികമായി നിലനിൽക്കുന്ന അറിവുകളും വാമൊഴികളും ഓർമ്മകളുമെല്ലാം സാമ്പ്രദായിക ബൃഹത് ആഖ്യാനചരിത്രത്തിന്റെ പൊള്ളത്തരത്തെ തുറന്നുവെക്കുന്ന പരിണാമഘട്ടത്തിലൂടെയാണ് ഈ എഴുത്തിന്റെ സഞ്ചാരവും. ഓർമ്മകളും അനുഭവങ്ങളും സാധ്യമാക്കുന്ന ചരിത്രത്തിന്റെ ഉയിർത്തുനിൽപ്പ് ആൺ അധികാരചരിത്രത്തിന്റെ (History) പേശീബലത്തെ തളർത്തിക്കളയുന്നുണ്ട്. ആൺചരിത്രങ്ങൾ അസാധുവാക്കി അനുഭവചരിത്രത്തിന്റെ നേർസാക്ഷ്യമാണ് 'ആശാത്തി' .

'ആശാത്തി എന്നത് അവരുടെ പേരല്ല' പിന്നെയെന്ത് എന്ന ചോദ്യത്തിന് നര വീണ് ചുളിഞ്ഞ് തുടങ്ങിയ ചില ഓർമ്മകൾ മാത്രമാണ് ഉത്തരം. എറണാകുളം ജില്ലയിലെ മൂക്കന്നൂർ പഞ്ചായത്തിലെ 'ആഴകം' എന്ന ഗ്രാമത്തിൽ 'ആശാത്തി' എന്നറിയപ്പെടുന്ന ഒരു എഴുപതു വയസ്സുകാരിയുണ്ട്. എഴുത്താണികൊണ്ട് ആഴകത്തേയും തൊട്ടടുത്ത ഗ്രാമങ്ങളിലേയും ഒന്നും രണ്ടും മൂന്നും തലമുറകളെ എഴുത്തുപഠിപ്പിച്ച ശാരദ എന്ന ഒരു വൃദ്ധ. എഴുത്തുപള്ളിക്കൂടം, ആശാൻകളരി എന്നൊക്കെ അറിയപ്പെടുന്ന ഇടത്തിലെ ഒടുവിലത്തെ കണ്ണി.

എലിഞ്ഞിപ്രയിലെ എഴുത്താശാത്തിയായിരുന്ന അമ്മയുടെ മകളായി ജനിച്ച് പതിനാറാം വയസ്സിൽ ആഴകം കണ്ടേശ്വരത്ത് കളരിക്കലേക്ക് വിവാഹം കഴിഞ്ഞുവന്ന ശാരദയ്ക്ക് നിലത്തെഴുത്തിന്റെ ബാലപാഠങ്ങൾ പകർന്നത് അമ്മയാണ്. പതിവായി എഴുത്ത് പഠിപ്പിക്കാൻ പോകുന്ന ഭർത്താവിന്റെ അമ്മയിൽ നിന്നും അച്ഛനിൽ നിന്നും ശാരദ എഴുത്തിന്റെ കൂടുതൽ പാഠങ്ങൾ പഠിച്ചു. തിന്നാനും കുടിക്കാനും ഇല്ലാതിരുന്ന ഒരു കാലത്ത് ഭർത്താവിന്റെ അച്ഛന്റെ ഉപദേശപ്രകാരം തന്റെ ഉപജീവനമാർഗ്ഗമായി എഴുത്തുപഠിപ്പിക്കൽ സ്വീകരിച്ച ശാരദയ്ക്ക് ഇതൊരു ജീവിതവൃത്തി മാത്രമല്ല, ജീവിതം തന്നെയാണ്. ശാരദയിൽ നിന്നും 'ആശാത്തി' യിലേക്ക് തന്നെ ഉയർത്തിയ പുണ്യപ്രവൃത്തി. മണൽ നിരത്തി എഴുത്താണികൊണ്ട് അക്ഷരങ്ങൾ എഴുതി ഉറക്കെ ഉച്ചരിച്ച് വള്ളിപുള്ളി ദീർഘങ്ങൾ തെറ്റാതെ, കൂട്ടെഴുത്തുകൾ ഉറപ്പിച്ച്, കൂട്ടാനും കുറയ്ക്കാനും ആവർത്തിച്ചോർമ്മിപ്പിച്ച് മൂന്ന് തലമുറയ്ക്ക് മുന്നിൽ തലപൊക്കത്തിൽ നിൽക്കുന്ന ആശാത്തി.

പോലീസുകാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, കന്യാസ്ത്രീകൾ, അധ്യാപകർ തുടങ്ങി ഇപ്പോൾ ഒന്നിലും രണ്ടിലും പഠിക്കുന്ന കുട്ടികൾ ഉൾപ്പെടുന്ന ശിഷ്യസമൂഹം സമ്പത്തായുള്ള ഒരു അധ്യാപിക.

എഴുപതു വയസ്സിന്റെ വാർദ്ധക്യം ഓർമ്മകളിലും തൊലിപ്പുറത്തും ചുളിവുകൾ വീഴ്ത്തിയിട്ടുണ്ടെങ്കിലും ഇന്നും എഴുത്ത് കളരിയാശാത്തിയുടെ ആവേശവും ആത്മനിർവൃതിയും നൽകുന്ന ഒന്നാണ്. ഈ പ്രായത്തിലും അവർ അവധിക്കാലത്ത് കുട്ടികളെ എഴുത്ത് പഠിപ്പിക്കുവാൻ പോകുന്നുണ്ട്. ആദ്യകാലങ്ങളിൽ മുപ്പതും നാല്പതും കുട്ടികളെ വരെ ദിവസേന പഠിപ്പിച്ചിരുന്നു.

'അന്ന് ഗവൺമെന്റ് പള്ളിക്കൂടങ്ങൾ കുറവായിരുന്നു. അപ്പോഴൊക്കെ എന്നും കുറേപ്പേരെ പഠിപ്പിച്ചോർന്നു, ഇപ്പോ നാടുനെറയെ സ്കൂളല്ലേ...'

ആഴകത്തു നിന്നും തൊട്ടടുത്തുള്ള ഗ്രാമങ്ങളിലേക്ക് (കരയാമ്പറമ്പ്, മൂക്കന്നൂർ, കറുകുറ്റി, അങ്കമാലി) നടന്നുപോയി  എഴുത്തുപഠിപ്പിച്ചിരുന്ന കാലത്തെക്കുറിച്ച് പറയുമ്പോൾ അവരുടെ കാലുകളിലും കണ്ണുകളിലും ദൂരങ്ങളെ കീഴടക്കുന്ന ഒരോട്ടക്കാരിയുടെ കുതിപ്പും ദൂരക്കാഴ്ചയുമുണ്ടായിരുന്നു.

ഈ കഴിഞ്ഞ അവധിക്കാലത്ത് കുട്ടികളെ പഠിപ്പിക്കാൻ പോയപ്പോൾ കിട്ടിയ 2500 രൂപയെപ്പറ്റി പറയുമ്പോഴുണ്ടായിരുന്ന സന്തോഷത്തേക്കാളേറെ അവർ പ്രസന്നയായത് പണ്ട് എത്രയോ കുട്ടികളെ എഴുത്ത് പഠിപ്പിച്ച് വരുമ്പോൾ മുണ്ടിന്റെ തലക്കലോ തുണസഞ്ചിയിലോ കിടന്നിരുന്ന ഉരി-നാഴിയരിയുടെ കണക്കുകൾ പങ്കിടുമ്പോഴാണ്. ബസ്സിൽ കയറിയാൽ പിന്നിൽ നിന്നോ അടുത്തു നിന്നോ ഒക്കെ വിളി കേൾക്കാം.- 'ആശാത്തീ... കാശു ഞാൻ കൊടുത്തോളാം' ഉച്ചനടത്തങ്ങളിൽ നാരങ്ങാവെള്ള

**എഴുപതു വയസ്സിന്റെ വാർദ്ധക്യം ഓർമ്മകളിലും തൊലിപ്പുറത്തും ചുളിവുകൾ വീഴ്ത്തിയിട്ടുണ്ടെങ്കിലും ഇന്നും എഴുത്ത് കളരിയാശാത്തിയുടെ ആവേശവും ആത്മനിർവൃതിയും നൽകുന്ന ഒന്നാണ്. ഈ പ്രായത്തിലും അവർ അവധിക്കാലത്ത് കുട്ടികളെ എഴുത്ത് പഠിപ്പിക്കുവാൻ പോകുന്നുണ്ട്. ആദ്യകാലങ്ങളിൽ മുപ്പതും നാല്പതും കുട്ടികളെ വരെ ദിവസേന പഠിപ്പിച്ചിരുന്നു.**

**"അന്ന് ഗവൺമെന്റ് പള്ളിക്കൂടങ്ങൾ കുറവായിരുന്നു. അപ്പോഴൊക്കെ എന്നും കുറേപ്പേരെ പഠിപ്പിച്ചോർന്നു, ഇപ്പോ നാടുനെറയെ സ്കൂളല്ലേ..."**

**പ്രൈമറി തലത്തിൽ മാത്രമല്ല സ്കൂൾ തലത്തിൽ തന്നെ 90% ശതമാന ത്തിലേറെ സ്ത്രീകളാണ് അധ്യാപനവൃത്തിയിൽ നിലവിലുള്ളത്. കു ടുംബം, സമൂഹം, വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രത്യേകിച്ച് ബി.എഡ് സെന്റ റുകൾ പോലെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന മെരുക്കലി ന്റെ സദാചാരമൂല്യബോധങ്ങൾ എന്നിവ സാരിയണിഞ്ഞും മമതകാ ട്ടിയും സ്ത്രീയെന്ന രണ്ടാംപൗരത്വത്തെ ഉറപ്പിക്കാനാണ് സ്കൂൾതല ത്തിലെ മിക്കവാറും അധ്യാപികമാർക്ക് കഴിയാറുള്ളൂ.**

മായും ഒരു പൊതിച്ചോറായും കടന്നെത്തുന്ന ഇ ത്തിരിപ്പോന്ന സന്തോഷങ്ങൾ ഓണക്കോടിയു ടെയും വിഷുക്കോടിയുടെയും നീളത്തിൽ മറഞ്ഞു കിടക്കുന്ന ഓർമ്മത്തണുപ്പുകൾ. ഏതുവീട്ടിൽ കയ റിച്ചെന്നാലും കിട്ടുന്ന കസേര, ചായ, സ്നേഹത്തി ന്റെയും ബഹുമാനത്തിന്റെയും മാത്രം മൂല്യമുള്ള നോട്ടുകൾ. 'ഒരിക്കൽ മൂക്കന്നൂർ ആശുപത്രിയിലേ ക്ക് അമ്മയെ കൊണ്ടുപോകുന്ന വഴി മുന്നിൽ ബൈക്ക് നിർത്തി എന്നെ ഓർമ്മയില്ലേ എന്നു ചോ ദിച്ച് ഒരാൾ വന്നു: ന്റെ കൈ പിടിച്ചു. ആശാത്തി... എന്നെയോർമ്മയില്ലേ ആശാത്തി എന്നെ പഠിപ്പിച്ചി ട്ടുണ്ട്. ഞാനിപ്പോ പോലീസിലാ ആശാത്തി വാ എ ന്നു പറഞ്ഞ് ജോണിയുടെ കടയിൽ നിന്ന് മുണ്ട് ഏ റ്റവും വിലകൂടിയത് വാങ്ങിത്തന്ന്, ചായകുടിച്ച് ട്ട് പോയാമതീന്ന് പറഞ്ഞ് അഞ്ഞൂറ് രൂപേം തന്ന്. അ ങ്ങനൊക്കെ വഴീല് വെച്ച് ടീച്ചർമാരേം കന്യാസ്ത്രീ കളെയൊക്കെ കാണും.' അങ്ങിനെയങ്ങിനെ വാ തോരാതെ പറയാനുണ്ട് ആ വൃദ്ധയ്ക്ക്. ശിഷ്യരെ പ്പറ്റി. നാല്പത്തിമൂന്ന് വർഷത്തെ അധ്യാപനകാല ഘട്ടത്തെ ഓർമ്മകളുടെ സങ്കലനങ്ങൾക്കും വ്യവക ലനങ്ങൾക്കും മുന്നിൽ പരാജയപ്പെട്ടും വിജയിച്ചും നിൽക്കുന്ന കൺനിറഞ്ഞ ഒരു ചിരി. അതാണ് 'ആ ശാത്തി'.

ആശാത്തിക്കൊപ്പം 40-45 വർഷം പുറകോട്ട് സ ഞ്ചരിക്കുമ്പോൾ പറയനും, പുലയനും, നായരും ക്രിസ്ത്യാനിയും ഒരുമിച്ചിരുന്ന് എഴുത്ത് പഠിച്ച കേ രളത്തെ കാണാം. ഇത് നവോത്ഥാനം സാധ്യമാക്കി യ സാഹചര്യമാണെന്ന് മനസ്സിലാക്കുമ്പോൾ തന്നെ ഇന്ന് ഓരോ മതക്കാർക്കും ഓരോ ജാതിക്കാർക്കും ഒരു വിദ്യാഭ്യാസസ്ഥാപനമെന്ന നിലയിലേക്ക് കച്ച വടവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ത്തിന്റെ താഴോട്ടുപോക്കിനെ നവോത്ഥാനത്തിന്റെ അനന്തരഫലമനുഭവിക്കുന്ന തലമുറയെന്ന നില യിൽ തലകുനിച്ചു നിന്നു നോക്കാനേ നമുക്കു കഴി യൂ. പ്രാഥമികവിദ്യാഭ്യാസമേഖലയിലടക്കം ഒരു വർ ഷത്തിന് ലക്ഷക്കണക്കിനു രൂപ ഫീസുകൊടുത്ത് നമ്മുടെ കുഞ്ഞുങ്ങളെ കച്ചവടക്കാർക്കു വിദ്യഅഭ്യ സിപ്പിക്കുവാൻ കൊടുക്കാൻ നമുക്കൊരുമടിയുമില്ല. മലയാളം മാധ്യമമായ വിദ്യാലയങ്ങളിൽ തന്റെ മ ക്കൾ പഠിക്കുന്നത് അന്തസ്സുകുറവായി കാണുന്ന അച്ഛനമ്മമാർ മഴയത്ത് കൂണും തകരയും മുളച്ച് പൊന്തിയതു പോലെയുള്ള സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേ ക്ക് തങ്ങളുടെ മക്കളെ തള്ളിവിടുമ്പോൾ സ്വയം വ ഞ്ചിതരാവുകയും ലക്ഷക്കണക്കിന് വരുന്ന വിദ്യാർ ത്ഥികളെ വഞ്ചിതരാക്കുകയുമാണ് ചെയ്യുന്നത്. മാ തൃഭാഷയിൽ പഠിക്കുകയെന്നത് ഓരോ കുട്ടിയു ടെയും ജനാധിപത്യ അവകാശമാണ്. ഏകീകരിച്ച സിലബസ് പോലുമില്ലാതെ ഏതെങ്കിലും ബോർഡു കൾ അവരുടെ മത/മാനേജ്മെന്റ് താല്പര്യത്തിന നുസരിച്ച് അടിച്ചിറക്കുന്ന പാഠപുസ്തകങ്ങൾ പഠി ക്കാനാണ് കുട്ടികളെ ഇത്തരം സ്ഥാപനങ്ങളിലേക്ക് വിടുന്നതെന്ന തിരിച്ചറിവ് ഉണ്ടാകേണ്ട കാലം അതി ക്രമിച്ചിരിക്കുന്നു. ഇവിടെയാണ് പ്രാദേശിക അറി വിനും സംസ്ക്കാരത്തിനും പ്രാധാന്യം നൽകുന്ന പൊതുവിദ്യാഭ്യാസത്തിന്റെ സാധ്യതയെ നാം അ ന്വേഷിക്കേണ്ടത്. പൂട്ടിപ്പോകുന്ന പൊതുവിദ്യാലയ ങ്ങൾക്കൊപ്പം എന്നെന്നേക്കുമായി അടഞ്ഞു പോ കുന്നത് സാംസ്കാരികചരിത്രത്തിന്റെ സാധ്യതകൾ കൂടിയാണ്. 'പ്രാദേശികമായ പ്രതിരോധത്തിലൂന്നി യ ഒരു പാഠ്യപദ്ധതിയാണ് ഇന്ന് പ്രൈമറി സെ ക്കണ്ടറി തലത്തിൽ കേരളത്തിൽ മുന്നോട്ട് വെക്ക പ്പെട്ടിരിക്കുന്നത്. പരിമിതികൾ പലതുമുണ്ടെങ്കിലും പലതലങ്ങളിലും പാളിച്ചയുണ്ടെങ്കിലും വിമർശ നാത്മകബോധമുള്ള ഇടപെടൽ ശേഷിയുള്ള വി ദ്യാർത്ഥിയെ നിർമ്മിക്കുക എന്ന അതിന്റെ പ്രഖ്യാ പിതലക്ഷ്യം ശരിതന്നെ. 'ആശാത്തി എല്ലാ മതക്കാ രെയും ജാതിക്കാരേയും ഒരേ സ്ഥലത്തിരുത്തിയാ പഠിപ്പിച്ചേർക്കണേ; എല്ലാരും ഒരുപോലെയാ ഒരു വ്യത്യാസോം ഇല്ല' . ആശാത്തിയുടെ ഈ വാക്കു കൾ വിരൽചൂണ്ടുന്നത് നമുക്ക് ഓരോരുത്തർക്കും

**സ്ത്രീയും പുരുഷനും ഒരേ തരത്തിൽ അറിവ് നേടുകയും കൈമാറ്റം ചെയ്യുകയും ചെയ്തിരുന്ന ഒരു കാലഘട്ടം എന്നൊക്കെയോ സാധ്യമായിരുന്നു എന്നറിയാത്ത/ ചരിത്രബോധമില്ലാത്ത വിദ്യാഭ്യാസത്തിന്റെ കുഴപ്പം തന്നെയായിരിക്കണമത്. ഉന്നതവിദ്യാഭ്യാസമേഖലയിലെ അക്കാദമിക മൂലധനം അരരമറാശര ഇമുശമേഹ) കയ്യാളുന്നവരിൽ 95% വും പുരുഷന്മാരായി മാറുന്നത് നവോത്ഥാനത്തിന്റെ മേൽപ്പറഞ്ഞ മെരുക്കലുകളുടെ ദുരന്തഫലമാണ്.**

നേരെ തന്നെയാണ്. ഒരു ജനാധിപത്യ സമൂഹത്തിൽ സാമൂഹ്യനീതിയിലും ലിംഗസമത്വത്തിലും തുല്യനീതിയിലും അധിഷ്ഠിതമായ വിദ്യാഭ്യാസ സാഹചര്യം നിലനിർത്തേണ്ടത് നമ്മുടെയൊന്നും ഉത്തരവാദിത്തമല്ലെന്നു കരുതുന്ന നമുക്ക് ഓരോരുത്തർക്കും നേരെ.

പ്രൈമറി തലത്തിൽ മാത്രമല്ല സ്കൂൾ തലത്തിൽ തന്നെ 90% ശതമാനത്തിലേറെ സ്ത്രീകളാണ് അധ്യാപനവൃത്തിയിൽ നിലവിലുള്ളത്. കുടുംബം, സമൂഹം, വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രത്യേകിച്ച് ബി.എഡ് സെന്ററുകൾ പോലെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന മെരുക്കലിന്റെ സദാചാരമൂല്യബോധങ്ങൾ എന്നിവ സാരിയണിഞ്ഞും മമതകാട്ടിയും സ്ത്രീയെന്ന രണ്ടാംപൗരത്വത്തെ ഉറപ്പിക്കാനാണ് സ്കൂൾതലത്തിലെ മിക്കവാറും അധ്യാപികമാർക്ക് കഴിയാറുള്ളൂ. അത് അവരുടേതുമാത്രമായ കുഴപ്പമല്ല. സ്ത്രീയും പുരുഷനും ഒരേ തരത്തിൽ അറിവ് നേടുകയും കൈമാറ്റം ചെയ്യുകയും ചെയ്തിരുന്ന ഒരു കാലഘട്ടം എന്നൊക്കെയോ സാധ്യമായിരുന്നു എന്നറിയാത്ത/ചരിത്രബോധമില്ലാത്ത വിദ്യാഭ്യാസത്തിന്റെ കുഴപ്പം തന്നെയായിരിക്കണമത്. ഉന്നതവിദ്യാഭ്യാസമേഖലയിലെ അക്കാദമിക മൂലധനം (Accadmic Capital) കയ്യാളുന്നവരിൽ 95% വും പുരുഷന്മാരായി മാറുന്നത് നവോത്ഥാനത്തിന്റെ മേൽപ്പറഞ്ഞ മെരുക്കലുകളുടെ ദുരന്തഫലമാണ്. ഇത്തരം തിരിച്ചറിവുകളെ ഭീതിയോടെ മനസ്സിലാക്കുന്ന സാഹചര്യത്തിൽ ആശാത്തി അറിവധികാരത്തിന്റെ പെണ്ണിടത്തെ ചരിത്രത്തിൽ ഉറപ്പിക്കുന്നുണ്ട്. താത്വികമായി മാത്രം അറിവിന്റെയും അധികാരത്തിന്റെയും സ്ഥാനത്ത് പെണ്ണിടങ്ങൾ സൃഷ്ടിക്കണമെന്ന് മുറവിളികൂട്ടുന്ന അക്കാദമിക സമൂഹത്തിനു നേരെ അറിവധികാരം തന്റെ കൂടി അവകാശമാണെന്ന് എന്നോ തിരിച്ചറിഞ്ഞ ആശാത്തി പ്രായോഗികപെണ്ണിടത്തിൽ നിവർന്നു നിൽക്കുന്നുണ്ട്.

അധ്യാപനം തൊഴിൽ മാത്രമായി ചുരുക്കികാണുന്ന അധ്യാപകരുള്ള നമ്മുടെ നാട്ടിൽ പ്രതിഫലേച്ഛയില്ലാതെ വിദ്യാർത്ഥികൾക്ക് അറിവും അക്ഷരവും പകർന്നു നൽകുന്ന 'ആശാത്തി' ഒരു ബദലാണ്. നിറം നോക്കി, ജാതി നോക്കി മതം നോക്കി രക്ഷിതാവിന്റെ ബാങ്കിലെ ബാലൻസ് നോക്കി വിദ്യാർത്ഥികൾക്ക് മുമ്പിൽ അറിവിന്റെ കുത്തകാവകാശികളായി അറിവധികാരത്തെ പ്രയോഗിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അധ്യാപകർക്കും മുന്നിൽ നന്നായി നട്ടെല്ലു നിവർത്തി നിൽക്കുന്നുണ്ട്. ആശാത്തി തലമുറകൾക്ക് അക്ഷരം പകർന്നു നൽകിയതിന് സ്നേഹവും ബഹുമാനവും മാത്രം ഏറ്റുവാങ്ങിക്കൊണ്ടൊരു പെണ്ണുടൽ.

1. വിദ്യാഭ്യാസപരിവർത്തനത്തിനൊരാമുഖം, കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2010 തൃശൂർ.

2. പുതുശ്ശേരി രാമചന്ദ്രൻ, കേരളത്തിന്റെ അടിസ്ഥാനരേഖകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2011.

3. പി.പവിത്രൻ, മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, 2014, മലയാള ഐക്യവേദി

---

*പേജ് 18 തുടർച്ച*

ങ്ങളിൽ നിന്നും ഒന്നോ രണ്ടോ പേർക്കെങ്കിലും മാന്യമായി ജോലി വേണം. ഇന്ന് നേരിടുന്ന പല പ്രശ്നങ്ങൾക്കും നമുക്ക് പരിഹാരം ഉണ്ടാക്കാനാവും. അവരെ നമുക്കൊപ്പം നിർത്താൻ, ചേർത്തുപിടിക്കാൻ നമുക്കാവണം അതിനാണ് നാം ഒരുങ്ങേണ്ടത്.

ഏറെ ചർച്ച ആവശ്യമുള്ള പ്രാധാന്യമേറിയ പ്രശ്നം തന്നെയാണത്. വിജയിടീച്ചർക്കൊപ്പം എത്താനാവില്ലെങ്കിലും ശുഭാപ്തിവിശ്വാസത്തോടെ നമുക്കും പരിശ്രമിക്കാം.

വാൽക്കഷണം

120 കോടി ഇന്ത്യക്കാരെ പ്രതിനിധീകരിച്ച് റിയോ ഒളിമ്പിക്സിൽ പങ്കെടുക്കാൻ പോയവരിൽ ടീച്ചറുടെ അരുമശിഷ്യൻ ഗോപിയും വയനാട്ടുകാരി തൃശ്ശിലേരി ഒ.പി.ജെയ്ഷയും ഉണ്ടായിരുന്നു. ആഘോഷങ്ങൾക്കിടയിൽ ഇവരുടെ സൗകര്യങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കുന്നതിന് ആരെങ്കിലും ഉണ്ടായിരുന്നോ? ഇന്ത്യക്ക് മെഡലുകൾ കിട്ടാതെ പോയതിന് നാമാരെ പഴിക്കണം? രോദനങ്ങൾ ആരു കേൾക്കാൻ!



സെലീന പ്രക്കാനം

# കാമ്പസ് എന്ന പേടി

**10ാം** ക്ലാസ് ഞാൻ ജയിച്ചെന്നറിഞ്ഞപ്പോൾ നാട്ടിലൊക്കെ വലിയ സന്തോഷമായിരുന്നു. കാരണം ആ സമയത്ത് ഞങ്ങളുടെയടുത്തൊന്നും എഴുതുന്ന എല്ലാവരും ജയിക്കത്തില്ല. ജോർജിന്റെ മകൾ ജയിക്കുകയാണെങ്കിൽ നമ്മുടെ സമുദായത്തിലേ കോളേജിൽ തന്നെ അഡ്മിഷൻ വാങ്ങിച്ചുതരാം' എന്ന് പള്ളിയിലെ അച്ചൻ പറഞ്ഞിട്ടുണ്ടായിരുന്നു. പത്തനംതിട്ട കാതോലിക്കറ്റ് കോളേജിൽ. ജനിച്ചയുടനെ അച്ഛൻ സന്തോഷത്തോടെ പള്ളിയിൽ ചെന്ന് സെലീന ജയിച്ചെന്ന് പറഞ്ഞു. ശുപാർശയുടെ കാര്യം പറഞ്ഞപ്പോൾ അവിടെ ആപ്ലിക്കേഷൻ കൊടുത്താൽ മതി കിട്ടും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എന്നാൽ എനിക്കവിടെ അഡ്മിഷൻ കിട്ടിയില്ല. ശുപാർശയു



**അധ്യാപകർ ക്ലാസ്സെടുക്കുമ്പോൾ പോലും നമ്മളെ ശ്രദ്ധിക്കത്തില്ല. നമ്മളിരിക്കുന്ന ഭാഗത്തേക്ക് പോലും അവർ നോക്കത്തില്ല, മറ്റുള്ള കുട്ടികളുടെ മുഖത്തു ശ്രദ്ധിച്ച് അവരോടു മാത്രമായിരിക്കും അധ്യാപകർ സംസാരിക്കുക. അതു കാണുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ വേദനയുണ്ടാകും. ശരിക്കും ഉപേക്ഷിക്കപ്പെട്ട, അവഹേളിക്കപ്പെടുന്ന രീതിയാണ് എനിക്കനുഭവപ്പെട്ടത്.**

ണ്ടായിരുന്നെങ്കിൽ ഞാൻ ഒഴിവാക്കപ്പെടില്ലെന്ന് തീർച്ചയാണ്. പിന്നീട് അച്ഛൻ നേരിട്ടു തന്നെ പള്ളിയിൽ ചെന്ന് ഫാദറിനോട്, 'നിങ്ങളുടെ ഒരു കുട്ടിയായിരുന്നെങ്കിൽ ഈ രീതിയിൽ ഉപേക്ഷിക്കുമോ' എന്ന് ചോദിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. പിന്നീടാണ് റാന്നി സെന്റ് തോമസ് കോളേജിൽ അഡ്മിഷൻ കിട്ടിയത്; സെക്കന്റ് ഗ്രൂപ്പിന്.

സെന്റ് തോമസ് കോളേജിലെ ജീവിതമാണ് കാമ്പസ് നമ്മളെ ഭയപ്പെടുത്തുന്ന സ്ഥലമാണെന്ന് പഠിപ്പിച്ചത്. ഇംഗ്ലീഷിൽ മികച്ച വിദ്യാഭ്യാസം ലഭിക്കാത്തതിന്റെ വലിയ പോരായ്മ അവിടെവെച്ച് തിരിച്ചറിഞ്ഞു. മലയാളം മീഡിയത്തിലാണല്ലോ ഞാൻ പഠിച്ചത്. സ്കൂളിൽ പോകുന്ന സാഹചര്യത്തിൽ വീട്ടിലെ അവസ്ഥവെച്ച് പുറത്ത് ട്യൂഷനൊന്നുമില്ലായിരുന്നു. അപ്പോൾ ജയിക്കാൻ വേണ്ടി പഠിക്കുന്ന ഒരു രീതിയിലേക്ക് സ്വാഭാവികമായും എത്തിച്ചേർന്നു.

മാർക്ക് വാങ്ങണം, ജയിക്കണം അല്ലാതെ ഭാഷാപഠനമൊന്നുമില്ല.

ഭാഷയുടെ പ്രശ്നം, നമ്മള് റെക്കോർഡൊക്കെ എഴുതുമ്പോഴാണ് ഗൗരവമായി അഭിമുഖീകരിച്ചത്. സാറന്മാരുടെ ഭാഗത്തു നിന്നും രൂക്ഷമായ എതിർപ്പും ജാതീയമായ അവഹേളനവും ഉണ്ടായി. പരസ്യമായിട്ടുതന്നെ  അവർ അധിക്ഷേപിക്കുമായിരുന്നു. സ്കൂളിലൊന്നും അങ്ങനെയൊരു അനുഭവമുണ്ടായിട്ടില്ല. കാരണം ഒരുപാട് ദലിത് വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടായിരുന്നു. കോളേജിലാണ് പരസ്യമായി എഴുന്നേൽപ്പിച്ച് നിങ്ങളെപ്പോലുള്ള ഒരുപാട് പേരെ കണ്ടിട്ടുണ്ട്. എല്ലാവരും ഒരുപോലെയാണ്. എന്ന രീതിയിലുള്ള വിമർശനം ഉണ്ടാകുന്നത്. ഓഫീസ് മുറിയിലേക്ക് വിളിപ്പിച്ച് അധിക്ഷേപിക്കുക, കളിയാക്കുക, ശകാരിക്കുക അങ്ങനെയുള്ള അനുഭവം രൂക്ഷമായപ്പോൾ പഠനം അവസാനിപ്പിക്കുകയായിരുന്നു.



അധ്യാപകർ ക്ലാസ്സെടുക്കുമ്പോൾ പോലും നമ്മളെ ശ്രദ്ധിക്കത്തില്ല. നമ്മളിരിക്കുന്ന ഭാഗത്തേക്ക് പോലും അവർ നോക്കത്തില്ല, മറ്റുള്ള കുട്ടികളുടെ മുഖത്തു ശ്രദ്ധിച്ച് അവരോടു മാത്രമായിരിക്കും അധ്യാപകർ സംസാരിക്കുക. അതു കാണുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ വേദനയുണ്ടാകും. ശരിക്കും ഉപേക്ഷിക്കപ്പെട്ട, അവഹേളിക്കപ്പെടുന്ന രീതിയാണ് എനിക്കനുഭവപ്പെട്ടത്. ഫിസിക്സ് പഠിപ്പിക്കുന്ന ടീച്ചറാണ് എന്നെ ഏറ്റവുമധികം ദ്രോഹിച്ചത്. ഞാനൊരുപാട് നേരം അവരുടെ മുമ്പിൽ നിന്ന് കരഞ്ഞിട്ടുണ്ട്. അവരുടെ പേരു പോലും ഓർക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ' നിങ്ങളെപ്പോലുള്ളവർ കോളേജിൽ വരാതിരിക്കുന്നതാണ് നല്ലത്. ഞങ്ങളുടെ സമയം മിനക്കെടുത്താനാണ് നിങ്ങളൊക്കെ വരുന്നത്. ഈ സ്ഥാപനത്തിന്റെ പേര് കളയാനാണ് നിങ്ങളൊക്കെ വരുന്നത്. ഇതുകേട്ട് ഞാൻ കരയുമ്പോൾ 'നിങ്ങളുടെ കണ്ണുനീരു വീഴുന്നയിടം ചീത്തയാകും' എന്നാണവർ പറഞ്ഞത്. അതോടുകൂടി കോളേജെന്ന് പറയുമ്പോൾ പേടിപ്പിക്കുന്ന വൃത്തികെട്ട ഒരു ചിത്രമാണ് മനസ്സിൽ വരുന്നത്. എനിക്ക് മുൻപ് പഠിച്ചിട്ടുള്ള ചില കുട്ടികൾ അവർക്കുണ്ടായ ദുരനുഭവങ്ങളെക്കുറിച്ച് സൂചന തന്നിരുന്നു. എന്നാലും അതിത്ര തീവ്രമാകുമെന്ന് കരുതിയില്ല. നമ്മളെ കാണുമ്പോൾ തന്നെയറിയാം ദലിതരാണെന്ന്. ഒന്ന് സൗന്ദര്യമില്ല, നിറമില്ല അങ്ങനെ ഒരുപാട് കാര്യങ്ങൾ, മറ്റുള്ളവരെ അപേക്ഷിച്ച് നമുക്കൊന്നുമില്ല. കാണുമ്പോൾ ചിരിക്കുന്ന ഒരു അദ്ധ്യാപകന്റെ മുഖവും എനിക്കോർമ്മയില്ല. സവർണരായ മറ്റുള്ള വിദ്യാർത്ഥികളോട് ഇതിനു നേരെ വിപരീതമാണ് അവർ കാണിക്കുന്നത്. ഉന്നതനിലയിൽ ജീവിക്കുന്ന വിപരീതമാണ് അവർ കാണിക്കുന്നത്. ഉന്നതനിലയിൽ ജീവിക്കുന്ന സഹപാഠികളിൽ ഒരു ക്ലാസ്സിൽ പഠിക്കുന്നവരാണെന്ന പരിചയം കാണിക്കാത്തവർ പോലുമുണ്ടായിരുന്നു.

ക്ലാസ്സിനെ വെറുത്തു. അധ്യാപകരെ വെറുത്തു. ആ കോളേജിനെ തന്നെ വെറുത്തു. ഇനിയും ഞാൻ കോളേജിൽ പോയാൽ ആത്മഹത്യ ചെയ്യുമെന്ന് തോന്നി. പോകുന്ന യാത്രയിൽ വണ്ടിയിൽ നിന്ന് എടുത്തുചാടാനൊക്കെ തോന്നിയിട്ടുണ്ട്. ദലിതരായിട്ടുള്ള കുട്ടികൾ സെക്കന്റ് ഗ്രൂപ്പിൽ ചുരുക്കമേയുണ്ടായിരുന്നുള്ളൂ. രണ്ടോ മൂന്നോ പേർ മാത്രം. അവർക്കെല്ലാം എന്റെ അനുഭവം തന്നെയായിരുന്നു. സാമൂഹികവിഭജനങ്ങൾ ഏറ്റവും തീവ്രമായി നിലനിൽക്കുന്ന സ്ഥലം കാമ്പസാണെന്നു മനസ്സിലായത് റാന്നി സെന്റ് തോമസിലെ ഒരു വർഷത്തെ പഠനത്തിലൂടെയാണ്.

ഞാൻ കോളേജിലൊക്കെ ചേരുമ്പോൾ വീട്ടിലുള്ളവർക്കും ബന്ധുക്കൾക്കുമൊക്കെ വലിയ സന്തോഷമായിരുന്നു. സെക്കന്റ് ഗ്രൂപ്പ് കിട്ടിയതു കൊണ്ട് അടുത്തുള്ളവർക്കും വലിയ ഇഷ്ടം. കോളേജിൽ ചെന്നു കുറച്ചു കഴിഞ്ഞപ്പോഴാണ് ഭീകരയാഥാർത്ഥ്യങ്ങൾ നമ്മൾ നേരിട്ടത്.

റാന്നി സെന്റ് തോമസിൽ നിന്ന് മാറി പത്തനംതിട്ട കോ-ഓപ്പറേറ്റീവ്കോളേജിൽ ചേർന്നു. അവിടെ എല്ലാത്തരത്തിലുമുള്ള കുട്ടികളുണ്ടായിരുന്നു. പ്രൈവറ്റായി പഠിക്കാൻ വന്നവരാണധികവും. സാധാരണക്കാർ. അവിടെ ഞാൻ തേർഡ് ഗ്രൂപ്പാണ് പഠിച്ചത്. അതും മുൻനിര ബെഞ്ചിൽ ഇരുന്നുകൊണ്ട്. ഞങ്ങളുടെ സാറന്മാർ എല്ലാവരും പഠിച്ച് നന്നായി മുന്നോട്ട് പോകണമെന്ന ആഗ്രഹത്തോടുകൂടിയാണ് പഠിപ്പിച്ചത്.

സാധാരണക്കാരായ ഒരു വിദ്യാർത്ഥിക്കുപോലും സെന്റ്തോമസ് കോളേജിൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. കാരണം നമ്മുടെ അഭിപ്രായത്തിന് അവിടെ വിലയില്ല. മറ്റുള്ളവരെന്തു പറയുന്നുവോ അതാണ് വലുത്. കോ-ഓപ്പറേറ്റീവ് കോളേജിൽ നിന്നും മനസ്സിലായത് നമ്മൾ പറയുന്ന കാര്യങ്ങൾ ശരിയാണെങ്കിൽ അതംഗീകരിക്കപ്പെടുമെന്നാണ്. അഭിപ്രായസ്വാതന്ത്ര്യമാണല്ലോ ഏറ്റവും വലുത്.

*കടപ്പാട് : ചെങ്ങറ സമരവും എന്റെ ജീവിതവും*
*സെലീന പ്രക്കാനം*

# കുഞ്ഞീബിയുടെ ശരിയും തെറ്റും



അമീറ വി.യു.

സിറാത്തുൽ മുസ്തഖീം...എന്ന പാലം..ഇങ്ങള് കേട്ടിരിക്ക്ണാ??? വാളിനേക്കാൾ മൂർച്ചയാണതിൻമുടി നാരിനേക്കാൾ കനം കുറവാണതിൻമരിച്ചിട്ട് അങ്ങട്ട് ചെല്ലുമ്പഴേ..ഇങ്ങള് ചെയ്ത നന്മേം തിൻമേംഒക്കെ മലക്കോള് രണ്ട് തോളിലും ഇരുന്ന് എഴുതി ബെച്ചിട്ടുണ്ടാകും.മരിച്ച് ചെല്ലുമ്പഴക്ക് അത് മുഴുമനും കണക്ക് കൂട്ടീട്ട് അണുമണി തൂക്കംതിൻമ കൂടീട്ടുണ്ടെങ്കി കാലും തെറ്റി നേരെ നരകത്തീയിലേക്ക് ബീഴും.തെറ്റൊന്നും ചെയ്യാത്തോര് സ്വർഗത്തിലേക്ക്  കുതിരേനെ ചേലിക്ക് കുതിക്കും..ചെലര് ഞമ്മടെ ഞൊണ്ടി ഹസ്സനിക്കാനെ പോലെ നെരങ്ങി നെരങ്ങി പോകും.ചെലരേ പാതിയെത്തുമ്പളേ കാല് തെറ്റി ബീഴും.ഓരെ അപ്പ തന്നെ പാമ്പ് ബിഴുങ്ങും.ചെലര് കേറ്മ്പഴേ പാലം അപ്പാടെ കുലുങ്ങി ഓരെ മറിച്ചിടും...


മദ്രസേലെ വട്ടതാടി വെച്ച ഉസ്താദിന്റെ വർണ്ണനകൾ നീണ്ട് നീണ്ട് പോയപ്പോ കുഞ്ഞീബി ബേജാറായി.സ്വലാത്ത് ചെല്ലീതും ബെല്ലടിച്ചതും എല്ലാരും കലപില കൂട്ടി പോയതും ഒന്നുംഅവളറിഞ്ഞില്ല.

പടച്ചോനെ.. ഇപ്പം ഞാൻ മയ്യത്തായാൽ  ഞാനും പാലത്തിന്റെ മോളീന്ന് ബീഴോ?എന്ത് തെറ്റ് ചെയ്യുന്നോരെ ആണാവോ പടച്ചോൻ പാലത്തിൽ നിന്ന് തള്ളിയിടുക!ഉസ്താദ് പറേണ പോലെ മക്കന ഇടുണ്ട്..ടി വി കാണണില്ല.ഖുറാൻ ഓതണ്ണ്ട്.അർത്ഥമറീല്ലെങ്കിലും ഓതണ്ണ്ടല്ലോ..അപ്പ പിന്നെ സ്വർഗത്തി പോവേരീക്കും..അള്ളാ...ഉമ്മച്ചി അറിയാതെ ഉമ്മച്ചീടെ പെട്ടീന്ന് അഞ്ച് രൂപാ എടുത്ത് കാരക്കാ മിഠായീം തേൻ മിഠായീം ഒക്കെ ബേടിച്ച് തിന്നത് പടച്ചോൻ മലക്കോളെ കൊണ്ട് എഴുതി വെപ്പിച്ചിട്ടുണ്ടാകോ??ഇനീപ്പോ..സ്കൂളില് പോണ വഴീല് അബ്ദുള്ളക്കാന്റെ വീട്ടു പറമ്പിലെ ചാമ്പക്ക മരം കാലിയാക്കീത് മലക്കോള് എഴുതി ബെച്ചിട്ടുണ്ടാകോ??എന്തൊക്കേവും ഈ ഉസ്താദ് പറയുന്ന നന്മേം തിന്മേം...

'പിന്ന്യേ ...അതൊക്കെ ബെല്യ തെറ്റന്ന്യേ..ആര്ടേം മൊതല് കക്കാൻ പാടില്യാന്ന് പഠിപ്പിച്ചിട്ടില്യേ ഞമ്മള്..ഒരു ഈർക്കിലീന്റെ കഷ്ണേങ്കിലും സമ്മതം ചോയിക്കാണ്ട് എടുത്താ നരകത്തീ പോകും...'

സംശയംതീരാതെ രണ്ട് നക്ഷത്ര കണ്ണുകൾ ഉസ്താദിന്റെ നേരെ മിഴിച്ച് നോക്കി...'കുട്ട്യോള് അറിയാതെ തെറ്റ് ചെയ്തെങ്കീ പടച്ചോൻ ക്ഷമിക്കൂലേ...'ചോദിക്കാനാഞ്ഞപ്പോഴാണ് കാൽമുട്ടിന് മോളിലേക്ക് കുഞ്ഞിപ്പാവാട കയറുന്നത് അവളറിഞ്ഞത്.'ബീട്ടില് ള്ളോരല്ലാതെ പെങ്കുട്ട്യോളെ ബേറെ ആരെങ്കിലും കെട്ടിപ്പിടിക്കണത് തെറ്റല്ലേ 'ന്ന ചോദ്യം ഉസ്താദിന്റെ വിരലുകൾക്കിടയിൽ ശ്വാസം മുട്ടി പിടഞ്ഞു..പാലം പാമ്പായി വിഴുങ്ങാൻ വരണത് കുഞ്ഞീബി അറിഞ്ഞു...

പിറ്റേന്ന് പള്ളി പറമ്പിലേക്കുള്ള യാത്രക്ക് ഒരുങ്ങി കിടക്കുമ്പോളും കുഞ്ഞീബീടെ  'ശരിയും തെറ്റും' സംശയം തീർന്നിരുന്നില്ല..തലയ്ക്കാമ്പുറത്ത് ഇരുന്ന് കോട്ടുവായിട്ട് ഖുർആൻ ഓതണ ഉസ്താദിനും തെരക്കായിര്ന്ന് ...മദ്രസയില് വേറെയും കുഞ്ഞീബിമാര് നൻമേം തിൻമേം തൂക്കുന്നത് പഠിക്കാൻ കാത്തിരിക്കണുണ്ടായിരുന്നു...



# മോചനം

ഹോട്ടലിലെ കുശിനിക്കാരനും
പോസ്റ്റുമോർട്ടം നടത്തുന്ന
ഡോക്ടർക്കുമെന്ന പോലെ
ഇപ്പോൾ എനിക്കുമറിയാം
ചോരയോട്ടം നിലച്ച്
ഏറെക്കഴിഞ്ഞതിനെ
കൊത്തിമുറിച്ചാലും
ഒന്നും വരാനില്ലെന്ന്
അതുകൊണ്ടാണു ഞാൻ
നിങ്ങളിട്ടുതന്ന മോതിരം
മത്സ്യത്തിനു
വിഴുങ്ങാൻ കൊടുത്തത്.



# കൂലി

ഓരോ തവണയും
നീയെന്റെ
ചെറു പണസ്സഞ്ചി കാലിയാക്കുമ്പോൾ
ഇത്
ഭോഗത്തിനുള്ള കൂലിയോ
എന്നു ഞാൻ
സംശയിക്കുന്നു.
നമുക്കിടയിൽ
പ്രണയം
മരിച്ചുവീഴുന്നു.

# പെൺപക്ഷം



അജിത കെ.

ഇക്കഴിഞ്ഞ മാസം കേരളത്തിൽ സുപ്രധാന സാമൂഹ്യചലനങ്ങളുണ്ടാക്കാൻ കെൽപ്പുള്ള രണ്ട് സംഭവങ്ങൾ ഉണ്ടായി. ക്വിയർ രാഷ്ട്രീയനിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ട്രാൻസ്ജെൻഡർ പ്രസ്ഥാനത്തിന്റെ ഒരു ഒത്തുചേരൽ കോഴിക്കോട്ടു വെച്ച് നടന്നു. കഴിഞ്ഞ ഏഴ് വർഷങ്ങളായി മഴവിൽവർണ്ണങ്ങളിലുള്ള ഇത്തരം കൂട്ടായ്മകൾ തിരുവനന്തപുരത്തും കൊച്ചിയിലും തൃശൂരുമൊക്കെയായി നടക്കുന്നു. കോഴിക്കോട്ടു വെച്ച് ഇതാദ്യമായാണ് ഇങ്ങനെയൊന്ന് നടക്കുന്നത്. 'ലൈംഗിക സ്വാഭിമാനയാത്ര' (ക്വിയർ പ്രൈഡ് മാർച്ച്) എന്ന് സംഘാടകർ വിളിക്കുന്ന ഈ പ്രസ്ഥാനം, നിലവിലെ രണ്ട് പ്രധാന ലിംഗവിഭാഗങ്ങൾ മാത്രമല്ല, മറ്റൊരു ലിംഗവിഭാഗവും കേരളത്തിലും ഇന്ത്യയിലും ജീവിക്കുന്നുണ്ടെന്നും അവരെ ആണിനേയും പെണ്ണിനെയും പോലെ തന്നെ തുല്യാവകാശങ്ങളുള്ള പൗരന്മാർ/പൗരകൾ ആയി അംഗീകരിക്കണമെന്നും ഇക്കാലമത്രയും സമൂഹം പുറംതള്ളിയതിനാൽ അവരനുഭവിക്കുന്ന വിവേചനങ്ങളും ചൂഷണങ്ങളും പീഡനങ്ങളും തിരിച്ചറിഞ്ഞ് അവർക്ക് പ്രത്യേകസംരക്ഷണവും തൊഴിൽ വിദ്യാഭ്യാസ സംവരണവും നൽകണമെന്നുമൊക്കെയുള്ള ആവശ്യങ്ങളാണ് ഈ പ്രസ്ഥാനത്തിനുള്ളത്. കോഴിക്കോട് ജനസമൂഹം കൗതുകത്തോടെ ഈ സംഭവത്തെ വീക്ഷിച്ചു. ഒപ്പം സ്ത്രീകളെ ലൈംഗികവസ്തുവായിക്കണ്ട് നീചമായി ഉപദ്രവിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന പതിവ് ശീലങ്ങൾ ഒരു വിഭാഗം ഇവിടെയും പ്രദർശിപ്പിക്കുന്നു. അടുത്ത കാലത്തായി അത്തരമൊരു ട്രാൻസ്ജെൻഡറായ ശീതൾശ്യാം എഴുതുന്ന ലേഖനങ്ങൾ നമ്മൾ മാതൃഭൂമി വാരികയിൽ വായിക്കാറുണ്ടല്ലോ. ഈ പ്രസ്ഥാനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 'സംഘടിത' യ്ക്ക് ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുവെന്ന സന്തോഷം ഞാനിവിടെ പങ്കുവയ്ക്കുകയാണ്. ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ സ്ത്രീപ്രശ്നങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. എങ്കിലും സ്ത്രീകൾ അനുഭവിക്കുന്ന പുരുഷാധിപത്യപരമായ അടിച്ചമർത്തലിനേക്കാൾ ഇവരനുഭവിക്കുന്ന പ്രതിസന്ധി ഒന്നുകൂടി ആഴമുള്ളതാണ്. ഇവർ ഒരു രാഷ്ട്രീയപ്രസ്ഥാനമായി ഉണരുമ്പോൾ സമൂഹത്തിലെ പല പഴഞ്ചൻ സദാചാരമൂല്യങ്ങളേയും നിലവിലുള്ള കുടുംബഘടനയേയും അവർ ചോദ്യം ചെയ്യുന്നു. ഇവയെല്ലാം ഗൗരവപൂർവ്വം പഠിക്കേണ്ടതും ആഴത്തിൽ മനസ്സിലാക്കേണ്ടതുമായ വിഷയങ്ങളാണ്.

രണ്ടാമത്തെ സംഭവം ആഗസ്റ്റ് ഏഴാം തിയ്യതി തൃശൂരിൽ നടന്ന ഫെമിനിസ്റ്റ് ചിന്താഗതിയുള്ള കുറേ സ്ത്രീകളുടെ ഒത്തുചേരലാണ്. 1996ൽ രൂപീകരിക്കപ്പെട്ട കേരള സ്ത്രീവേദി സ്ത്രീകളുടെ രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ ഏറെ ചലനങ്ങളുണ്ടാക്കി. കേരളത്തിലെ കുപ്രസിദ്ധമായ കുറേ ലൈംഗികവാണിഭകേസുകളിൽ നീതിക്കുവേണ്ടി സമൂഹത്തെ ഒന്നാകെ പിടിച്ചു കുലുക്കുന്ന ശക്തമായ പോരാട്ടങ്ങൾ നടത്തിയ സ്ത്രീവേദി വർഷങ്ങൾ കഴിഞ്ഞപ്പോൾ അതിനകത്തെ പല അഭിപ്രായവ്യത്യാസങ്ങളും വിരുദ്ധമായ സമീപനരീതികളും കൊണ്ട് ഏതാണ്ട് ഒന്നുരണ്ട് വർഷമായി നിർജ്ജീവമായിരുന്നു. സ്ത്രീപ്രസ്ഥാനങ്ങൾ ശക്തമായി ഇടപെടേണ്ട പ്രശ്നങ്ങൾ ഏറെയുണ്ടായിട്ടും അത്തരം ചലനങ്ങൾ ഏറെ ദുർബലമാണെന്ന ബോദ്ധ്യമുള്ളവരും ആ അവസ്ഥയിൽ അസ്വസ്ഥരുമായ ഒരു കൂട്ടം സ്ത്രീപ്രവർത്തകരും ഫെമിനിസ്റ്റ് ആഭിമുഖ്യമുള്ള സ്ത്രീകളുമാണ് അന്ന് തൃശൂരിൽ ചേർന്നത്. എല്ലാവർക്കും ഒരു പുത്തനുണർവ്വുണ്ടായതുപോലെ ആ യോഗത്തിനു ശേഷം പെൺകേരളം എന്ന ഒരു വാട്സ്അപ് ഗ്രൂപ്പ് ഉണ്ടായിട്ടുണ്ട്. ഒരുപാട് സ്ത്രീകൾ, പല മേഖലകളിലമുള്ളവർ അതിൽ പങ്കുചേരുന്നതും ചെറുതും വലുതുമായ പ്രശ്നങ്ങളിലിടപെട്ട് അഭിപ്രായങ്ങൾ പറയുന്നതും കാണുന്നു. മാത്രമല്ല, ചെറിയ പ്രവർത്തനങ്ങളും അവർ ചെയ്തു തുടങ്ങിയിട്ടുണ്ട്. സ്ത്രീകളുടെ ഒരു രാഷ്ട്രീയസംഘടന ഉണ്ടാക്കണമെന്നും അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോഴേക്കും അമ്പത് ശതമാനം സ്ത്രീകൾക്ക് നിയമസഭാ പ്രാതിനിധ്യം ഉണ്ടാകുന്ന രീതിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നുമൊക്കെ ഈ ഗ്രൂപ്പിൽ ചർച്ചകളുണ്ടായി. സ്ത്രീകളുടെ ഇത്തരം കൂട്ടായ്മകൾ ശക്തിപ്പെട്ടുവരണമെന്ന പൊതുവായ ധാരണ അവിടെ പ്രതിഫലിച്ചു. വർഷങ്ങൾക്കു ശേഷമുള്ള ആ ഒത്തുചേരൽ പൊതുവെ സ്ത്രീപ്രവർത്തകർക്ക് ആവേശവും ആത്മവിശ്വാസവും നൽകിയെന്നു പറഞ്ഞാൽ ഒട്ടും അധികമാവില്ല.

ലേഖനം



പ്രസീത പി.

# ലിംഗനീതിയും വിശ്വാസത്തിന്റെ രാഷ്ട്രീയവും

## ശബരിമല സ്ത്രീപ്രവേശനത്തെ സംബന്ധിച്ചുള്ള ചില നിരീക്ഷണങ്ങൾ

അടുത്തകാലത്തായി സുപ്രീംകോടതിയുടെ ഇടപെടലോടുകൂടി ശബരിമലയിലെ സ്ത്രീപ്രവേശനം ഗൗരവപൂർവ്വമുള്ള ചർച്ചകൾക്ക് വിഷയമായിരിക്കുകയാണല്ലോ? ഇതുസംബന്ധിച്ച നിലപാടുകളെല്ലാം ചെന്നുചേരുന്നത്,നെടുനാളായി നിലനില്ക്കുന്ന വിശ്വാസങ്ങളുമായി ബന്ധമുള്ള ഇത്തരം വിഷയങ്ങളെ സമൂഹമനസ്സിന്റെ പൊതുബോധവുമായി തട്ടിച്ചുകൊണ്ടുവേണം ചർച്ചചെയ്യാനെന്നതിലാണ്.ആനിലയ്ക്ക് ശബരിമലയും പൊതുബോധപുനക്രമീകരണവും ഭരണകൂട ഇടപെടപെടലുംഎന്ന വിഷയത്തെക്കുറിച്ചുള്ള ചില ആലോചനകളാണ് ഈ ലേഖനത്തിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ശബരിമലപോലുള്ള വിശ്വാസകേന്ദ്രങ്ങൾ പുലർത്തിപ്പോരുന്ന സ്ത്രീവിരുദ്ധതകളെക്കുറിച്ചുള്ള വളരെ ആഴവും പഴക്കവുമുള്ള അസ്വസ്ഥതകൾ കൂടി ഈ എഴുത്തിനാധാരമാണെന്ന് പറഞ്ഞുകൊള്ളട്ടെ.

ഈ വിഷയത്തിൽ ദേവസ്വം ബോർഡിന്റേതും പൊതുബോധത്തിന്റേതുമായി നമുക്ക് കിട്ടുന്ന വാദങ്ങളെ-10നും 50നും ഇടയിലുള്ള സ്ത്രീകളെ മാത്രമാണ് മാറ്റിനിർത്തുന്നത്, അതിൽ ലിംഗവിവേചനമില്ല, തുല്ല്യത സംബന്ധിച്ച ഭരണഘടനാ പ്രശ്നങ്ങളില്ല, മതസ്ഥാപനപ്രവേശനം മൗലികാവകാശമായി ഉന്നയിക്കാനാവില്ല എന്നുതുടങ്ങിയ വാദങ്ങളെ-സാമൂഹ്യവും ചരിത്രപരവുമായ പ്രശ്നമായി അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. നിലനില്ക്കുന്ന ഈ ആചാരക്രമത്തിന് ഭംഗം വരുത്താതിരിക്കാനായിസ്ത്രീകൾ മാറിനില്ക്കേണ്ടതുണ്ട് എന്നതിന് സാമാന്യമായും സമകാലികമായും ഉയർന്നുകേൾക്കുന്ന ചില ന്യായങ്ങൾ ആദ്യം പരിശോധിക്കാം.

ഒന്ന്, ആ പ്രദേശത്തിന് ഇനിയും ജനലക്ഷങ്ങളുടെ ഭാരം താങ്ങാൻ കെല്പില്ല. രണ്ട്, ശബരിമലയിലെ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന തിക്കിലും തിരക്കിലും സ്ത്രീകൾക്ക് അവരുടെ മാനം കാക്കാനുള്ള വഴികൾ അതിവിദൂരമാണ്. മൂന്ന്, കാലങ്ങളായി നിലനില്ക്കുന്ന വിശ്വാസങ്ങളെ കോടതി പോലുള്ള ആധുനിക ഭരണകൂടോപകരണങ്ങൾക്ക് ഇടപെട്ട് മാറ്റാൻ അധികാരമില്ല. ഈ വാദങ്ങൾ സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. ശബരിമലയിലെ പാരിസ്ഥിതിക പ്രതിസന്ധികൾ നാം പറയുന്നതുപോലെ തന്നെ ഭീതിതമാണ്. കാനനസമൃദ്ധികൾ നശിപ്പിക്കാനല്ലാതെ നമുക്ക് കെട്ടിയുണ്ടാക്കാൻ കഴിയുന്നതുമല്ല.

എന്നാൽ ഇവിടെ ശബരിമലയെ സംരക്ഷിക്കാനുള്ള പോംവഴി സ്ത്രീകളുടെ മാറിനില്ക്കൽ എന്ന താണോ? വർദ്ധിച്ചുവരുന്ന അയ്യപ്പഭക്ത-ജനത്തി രക്കും ആവാസ വ്യവസ്ഥക്കനുയോജ്യമായ ജീവ നോപാധികളും എന്ന വിഷയത്തെ അർഹിക്കുന്ന ഗൗരവവും ആത്മാർത്ഥതയുമുപയോഗിച്ച് ഏതൊക്കെ വഴികളിലൂടെ നേരിടാമെന്നാലോചി ക്കേണ്ട സമയം എപ്പോഴോ അധിക്രമിച്ചിരിക്കുന്നു. അത് ശബരിമലയുടെ മാത്രം പ്രശ്നമല്ലതാനും. സ്ത്രീകളും കൂടി ജോലികളന്വേഷിച്ച് നഗരങ്ങളിൽ ചേക്കേറാൻ തുടങ്ങിയതുകൊണ്ടാണ് നഗരവത്ക്ക രണത്തിന് വേഗത കൂടിയത് എന്ന് നമുക്ക് വാദി ക്കാമോ? അതുകൊണ്ട് ചെന്നൈ പ്രളയം പോലു ള്ളവ ഒഴിവാക്കാൻ സ്ത്രീകളെ അവിടുന്ന് നാട്ടിലെ അടുക്കളകളിലേക്ക് മാറ്റുക

എന്നാലോചിച്ചാലോ? കേരളത്തിന്റെ മാത്രമല്ല ലോകത്തിന്റെ തന്നെ പാരിസ്ഥിതിക പ്രതിസന്ധി കൾക്ക് പ്രാദേശികാടിസ്ഥാനത്തിലുള്ള സുസ്ഥിര വികസനഅജണ്ടകൾ കൊണ്ടുവന്ന് നടപ്പിലാക്കാൻ ആരെക്കൊണ്ടാകുമെന്ന വേദനാകരമായ സംശയം കൂടി ഇതോടൊപ്പമുണ്ടാകുന്നു. ശബരിമലയിൽ നിന്ന് വർഷാവർഷം പിരിഞ്ഞ് കിട്ടുന്ന കോടികളും അവിടെ സാധ്യമാകുന്ന പാരിസ്ഥിതിക സഹവാസ വുമെന്ന വിഷയം എന്നെങ്കിലും സഹർത്തിക്കപ്പെ ടുമോ?

രണ്ടാമത്തെ വിഷയം സ്ത്രീകളുടെ മാനം വിറ്റുതുലയ്ക്കേണ്ടിവരുമെന്നത്, ഏത് ഭക്തന്റെ മേലും പഴിചാരാതെ കഴിക്കാൻ ഇത്തിരി പാടുത ന്നെ. കാരണം തിക്കും തിരക്കും ശരീരബലം കൊണ്ടുമാത്രമുള്ളതായാലും പീഡിതമാവുകയേ ഉള്ളൂ. എന്നാൽ ആളുതിക്കിത്തിരക്കിയേറുന്ന ഇടം താണ ചന്തയാവുകയാണെങ്കിൽ സ്ത്രീയുടെ മാനം കാക്കേണ്ടത് ആരുടെ ബാധ്യത? ഭക്തിലഹരിയിൽ കത്തിയാളുക കാമമാണെങ്കിൽ ആരെ നിയന്ത്രി ക്കണം? കടിച്ചത് പട്ടിയാണെങ്കിലും ശരിയാക്കേ ണ്ടത് മറ്റാരേയുമല്ല. 'നിർഭയ' പെൺകുട്ടി എന്തിന് വൈകി വീട്ടിൽനിന്ന് വെളിയിലേക്കിറങ്ങി എന്ന ചോദ്യം നമ്മോട് ചിലർ ചോദിച്ചിട്ടുണ്ട്. ഇപ്പോഴും ചോദിക്കാറുമുണ്ട്. കാട്ടുചെന്നായ്ക്കൾ ഇളകിമറി യുന്ന ഇരുട്ടിലെ തെരുവ്, ആയുസ്സിന്റെ പകുതി സ്ത്രീക്ക് ഇടമാവുകയില്ലെന്ന് ആരെങ്കിലും പറ ഞ്ഞാൽ ഇനിയുള്ള കാലത്തെ പെൺകുട്ടികൾ കേട്ടുനില്ക്കുകയില്ലെന്ന് തന്നെയാണ് തോന്നുന്ന ത്. അവർ പാതിരാമാരത്തോണുകൾ സംഘടിപ്പി ക്കുന്നത് പല രീതികളിലാവും.

മൂന്നാമത്തെ പ്രശ്നം ആചാരങ്ങളിലിടപെ ടാൻ കോടതിക്കധികാരമില്ലെന്നതാണ്. അതുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രയോഗങ്ങളുടേയും ചരിത്രം നമ്മുടെ അനുഭവത്തിന്റെ തുറസ്സിലുണ്ടല്ലോ. എല്ലാ സമരങ്ങളെയും അന്തിമ വിജയത്തിലെത്തിക്കാൻ ജനാധിപത്യത്തിൽ അതിന്റെ ഉപകരണങ്ങൾ കൂടി യുണ്ടായ ചരിത്രമുണ്ട്. അങ്ങനെസ്ത്രീ സ്വത്തിനവ കാശിയായി, വോട്ടവകാശിയായി, വീടിന്റെ ഉമ്മ റത്ത് മാത്രമല്ല ഭരണകേന്ദ്രങ്ങളിലും വിജ്ഞാന-ഗ വേഷണ കേന്ദ്രങ്ങളിലും കയറിപ്പറ്റി. ജനവിശ്വാസ ങ്ങളും നിയമവ്യവസ്ഥയും കൈകോർത്ത് നിർമ്മി ച്ചെടുക്കുന്ന മനുഷ്യ സ്വാതന്ത്ര്യത്തിന്റെ അത്തരം ചരിത്രത്തെക്കുറിച്ച് ഏറെ വിവരിക്കേണ്ടതില്ലെന്ന് തോന്നുന്നു. 'സ്ത്രീകളെയും അടിമകളെയും' പൊതുവേദികളിലെത്തിക്കാൻ നടത്തിയ നിയമ നിർമ്മാണങ്ങൾ നമ്മുടെ സമൂഹത്തിൽ രൂഢമൂലമാ യിരുന്ന പല വിശ്വാസങ്ങളെയും പരിഷ്ക്കരിച്ചിട്ടു



ണ്ടല്ലോ!വീട്ടകങ്ങളെയും പൊതു ഇടങ്ങളെയും ഒരു പോലെ സമരവേദിയാക്കിക്കൊണ്ടാണ് സ്ത്രീവാദ സമരങ്ങളൊക്കെയും മുന്നേറിയിട്ടുള്ളത് എന്ന വസ്തുതകാണാൻ ജെ.ദേവികയുടെ എഴുത്തിലെ സൂക്ഷ്മതലങ്ങളിലൂടെ കടന്നുപോകാവുന്നതാണ്. അതിലേറെയും സ്ത്രീ ശരീരശുദ്ധിയേക്കുറിച്ചുള്ള സംശയങ്ങളോടേറ്റുമുട്ടിയതിന്റേതുമാണ്. രാവിലെ കുളിച്ച് ശുദ്ധം മാറിയേ സ്ത്രീകൾ അടുക്കളയി ലേക്ക് കടക്കാവൂ എന്ന അലിഖിത നിയമങ്ങൾ ഇപ്പോഴും ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാ ണ്. സ്ത്രീ ശരീരത്തെക്കുറിച്ചാലോചിക്കുമ്പോൾ നവദ്വാരങ്ങളിൽനിന്നും പുറപ്പെടുന്ന അഴുക്കിനെ

ക്കുറിച്ചാലോചിക്കുക, നിങ്ങൾക്ക് വെറുപ്പുണ്ടാകും എന്ന സ്ത്രീവിലക്കിന്റെ തന്നെ പാഠങ്ങളരുവിട്ട നാടാണ് നമ്മുടേതെന്ന് സ്മാർത്ഥവിചാരത്തെക്കുറിച്ചുള്ള പുസ്തകത്തിൽ ആലങ്കോട് ലീലാകൃഷ്ണൻ എടുത്ത് പറയുന്നുണ്ട്. അതേ ഇടം തന്നെയാണ് മഹിളാളീമഹാസ്പദ കാവ്യപ്രപഞ്ചത്തില ാറാടി സ്ത്രീശരീരവർണ്ണനയിൽ സാഹിത്യചരിത്രം തന്നെ ഒതുക്കിക്കെട്ടിയതും. കൂട്ടിലടയ്ക്കപ്പെട്ട സ്ത്രീക്ക് സ്വയം കൂടുതുറന്ന് പുറത്തുവന്നാൽ കിട്ടുന്ന ആകാശമാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് ഉദ്ഘോഷിക്കാൻ വി.ടി.ഭട്ടതിരിപ്പാട് എന്ന മഹാൻ തന്റെ ജീവിത കാലം മുഴുവൻ ഉഴിഞ്ഞുവെച്ചു എന്നതും നാം മറന്നുകൂടാത്തതാണ്. ആ ജീവിതത്തോട് നീതിപുലർത്താൻ ഇവിടുത്തെ ആണിനും പെണ്ണിനുമുണ്ട് ഉത്തരവാദിത്വം.



വീട്ടകസമരങ്ങളിൽ നിന്ന് സ്ത്രീസമത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ സമൂഹമധ്യത്തിലേക്കു കൂടി സമാന്തരപാതയൊരുക്കിയപ്പോഴാണ് നമ്മുടെ സംസ്കാരത്തിലെ പുഴുക്കുത്തുകൾ ലോകം കൂടുതൽ വ്യക്തതയോടെ കാണാൻ തുടങ്ങിയത്. തെക്കൻ തിരുവിതാംകൂറിലെ നായർചട്ടമ്പികളെ വെല്ലുവിളിച്ചുകൊണ്ട് കുപ്പായവും മേൽവസ്ത്രവും ധരിക്കാൻ തയ്യാറായ ചാന്നാർ സ്ത്രീകൾ, അയ്യങ്കാളിയുടെ ആഹ്വാനം കേട്ട് കല്ലും മാലയും പൊട്ടിച്ചെറിഞ്ഞ പുലയസ്ത്രീകൾ തുടങ്ങി എത്രയോ സമരപഥങ്ങൾ ഉടലെടുത്തത് ചരിത്രമുറങ്ങുന്ന വിശ്വാസ-ആചാര ഗോപുരങ്ങളെ കിടിലംകൊള്ളിച്ചുകൊണ്ടാണ്. സ്ത്രീകൾ സ്വന്തം വിവിഹക്കാര്യത്തിൽ അഭിപ്രായം പ്രകടിപ്പിക്കുന്നതോ അത് സ്വീകരിക്കപ്പെടുന്നതോ ആയ അവസ്ഥ നമ്മുടെ കാരണവ-പുരുഷരക്ഷാകർതൃ കേന്ദ്രിത ചിന്തയ്ക്ക് ആലോചിക്കാൻ ഇപ്പോഴും പ്രയാസം നിലനില്ക്കുന്നുണ്ട്. ഓരോ കാലത്തെയും നാട്ടാചാരങ്ങൾ മതവത്ക്കരിക്കപ്പെട്ട ഉറച്ച വിശ്വാസങ്ങൾ തന്നെയായിരുന്നു. അവയെ ഊട്ടിയുറപ്പിക്കാൻ സ്ത്രീയുടെ സദാചാരം തന്നെയായിരുന്നു ഉപാധിയായി കണ്ടിരുന്നത്. എത്രയേറെ പൊതുവത്ക്കരിക്കപ്പെട്ടിട്ടും 'വീട്ടമ്മ'യ്ക്ക് മേലുള്ള അധിക ബാധ്യതയായി മാത്രം സ്ത്രീയുടെ സാമൂഹ്യ ഇടപെടലിനെകാണാൻ കഴിയുന്ന നമ്മുടെ പൊതുബോധത്തെ ആചാരമാമൂലുകൾ പറഞ്ഞ് പിടിച്ചുകെട്ടാനേഇത്തരം വിലക്കുകൾ സഹായിക്കുകയുള്ളൂ.അതുകൊണ്ടുതന്നെ ശബരിമല: സ്ത്രീപ്രശ്നമല്ല അത് പുരുഷകേന്ദ്രിത വിശ്വാസങ്ങളുടെ സംരക്ഷണ പ്രശ്നം മാത്രമാണെന്ന നിലയെ കൂടുതൽ വ്യക്തമായ നിലയിൽ പുനഃപരിശോധിക്കേണ്ടതുണ്ട്.

ശബരിമല പ്രവേശനാധികാരം കൊണ്ട് എന്ത് സ്ത്രീസമത്വമാണ് ഉണ്ടാവാൻ പോകുന്നത് എന്ന പൊതുബോധകേന്ദ്രിതമായ ചോദ്യത്തെയാണ് ഈ പ്രശ്നം നേരിടുന്നത്.അതിനായി സ്ത്രീകളിൽ ഇതുയർത്തുന്ന വിശ്വാസവുമായി മാത്രം ബന്ധമുള്ള സംശയങ്ങൾ ഏതുരീതിയിൽ ചർച്ചചെയ്യപ്പെടുന്നു എന്നു നോക്കാം.

നെടുനാളായി പുണ്യപാവനദേശമെന്ന് വാഴ്ത്തിക്കേട്ട, നിഗൂഢമായ ഇടത്തിലേക്ക് കയറിചെല്ലുക എന്നത് ഏതൊരു ഭക്തയുടേയും മനസ്സിലുയരുന്ന മൗലികമായ ആഗ്രഹമാകും. ദൈവികത മനുഷ്യനു വേണ്ടിയാണെങ്കിൽ സ്ത്രീക്ക് മാത്രമോ പുരുഷനു മാത്രമോ ആയി ഒരു ദൈവമോ എന്ന് ചോദിച്ചുപോകും. പ്രകൃതിതന്നെ പാതി സ്ത്രീയും പാതി പുരുഷനുമായേ വരൂ എന്ന് ഭക്തർ വിശ്വസിക്കേണ്ടതില്ലേ? എന്നാൽ തലമുറകളായി കേട്ടുപരിചയിച്ച വിലക്കുകൾ നില്ക്കേ ഈ ദൈവികത തനിക്ക് ആശ്രയമാകുന്നതെങ്ങനെഎന്ന സംശയവും ഉയർന്നുവന്നേക്കാം. ഇനിയതുമല്ല നാടുതോറുമുള്ള ശാസ്താ ക്ഷേത്രങ്ങളിലൊന്നുമില്ലാത്ത വിലക്ക് എങ്ങനെശബരിമലയിൽ മാത്രമുണ്ടായി എന്നും ചോദിച്ചുപോകും.അതിന് ബലം നല്കുന്നതാണ് നിത്യബ്രഹ്മചാരിയായ അയ്യപ്പൻ കഥ. പുരാണിക് എൻസൈക്ലോപീഡിയയുടെ പുറം 1246-ൽ ശാസ്താവിന് പൂർണ്ണയെന്നും പുഷ്ക്കലയെന്നും രണ്ട് ഭാര്യമാരും സാത്യകൻ എന്ന ഒരു പുത്രനുമുള്ളതായി സങ്കല്പക്കപ്പെടുന്നു എന്നു കാണുന്നു. ഇതിൽനിന്നുരുത്തിരിയുന്നത്, പണ്ടുകാലത്ത് കൊടും വനപ്രദേശത്തേക്ക് സ്ത്രീകൾ കയറുന്നതിലുള്ള ബുദ്ധിമുട്ടോർത്ത് കല്പിച്ചുകൂട്ടിയ നിയമാവലി പിന്നത്തെ ശാസ്ത്രമായതാണ് എന്ന് സംശയിക്കുന്നതിൽ ന്യായമില്ലേ എന്നതാണ്. ഇപ്പോഴത്തെ തിക്കിത്തിരക്കിന്റെ ഭക്തിസാന്ദ്രതയിൽ പുണ്യദർശനസുഖമാർജിക്കാമെന്നു കരുതുന്നതിലും കാര്യമുണ്ടാവില്ല. കാരണം ശബരിമലയെന്നല്ല, എല്ലാ ദൈവികതയും ഉള്ളിൽ തെളിയുന്ന യാഥാർത്ഥ്യമാണ് സ്ത്രീക്ക്. അല്ലെങ്കിൽ

ഇന്നും സ്ത്രീക്ക് പല ആസ്വാദ്യതകളും ഉള്ളിൽ പേറി താലോലിക്കാവുന്നത് മാത്രമാണ്.
അതിനുമപ്പുറം സാമൂഹ്യവ്യവസ്ഥയിൽ തുല്യാധികാരത്തിന്റെ ഗുണഫലങ്ങൾ ഉണ്ടാക്കാൻ വിശ്വാസകേന്ദ്രങ്ങൾക്ക് ബാധ്യതയില്ലേ എന്ന ചോദ്യത്തിന് സാമൂഹ്യശാസ്ത്രപരമായിതന്നെ സാധുത കണ്ടെത്താവുന്നതാണ്. അതാണ് ഇനി ചർച്ചചെയ്യാനുദ്ദേശിക്കുന്നത്.

ശബരിമല അയ്യപ്പൻ ചരിതത്തെക്കുറിച്ച് പ്രചാരത്തിലുള്ള നിരവധി കഥകളിൽ ചിലത് പരിശോധിച്ചാൽതന്നെ ഇതിന്റെ ആഴം മനസ്സിലാവും. ഏറെ പ്രചാരം നേടിയ അയ്യപ്പൻ ചരിതത്തിലൊന്ന് അയ്യപ്പൻ ഹരിഹരപുത്രനാണെന്നതാണ്. ഒരിക്കൽ സന്ദർഭവശാൽ (കഥ ചുരുക്കുന്നു) മഹാവിഷ്ണു മോഹിനീരൂപം സ്വീകരിച്ച് മാദകസുന്ദരിയായി പ്രത്യക്ഷയായത് കണ്ട് പ്രണയപരവശനായ ശിവൻ പ്രസ്തുത മോഹിനീരൂപവുമായി പ്രണയലീലകളാടിയതിന്റെ ഫലമായി ഹരിഹരപുത്രനായി അയ്യപ്പൻ പിറന്നു എന്നൊരു കഥ. ഹരിയുടെ(ശിവൻ)യും ഹര(ശിവൻ)ന്റെയും പുത്രൻ എന്ന വിശ്വാസത്തിൽ തന്നെയുണ്ട് സ്ത്രീയുടെ സൃഷ്ടിസാന്നിദ്ധ്യത്തെ നിഷേധിക്കുന്ന തത്വം. ഇതിന്റെ കൂടെ പ്രചരിച്ച കഥ അതിലേറെ ശ്രദ്ധേയമാണ്. സ്വന്തം പുത്രന്മാരെ അധികാരത്തിലേറ്റാൻ വേണ്ടി മറ്റു പുത്രന്മാരോട് എന്ത് ക്രൂരതയും കാട്ടാവുന്ന കൈകേയീ കോംപ്ലക്സിലൂടെ സ്ത്രീവിരോധം വളരുന്നത് നമുക്കേറെ പരിചിതമാണല്ലോ. ശിവ-വിഷ്ണു മഹാശക്തികൾ കൈലാസ-വൈകുണ്ഠങ്ങളിലേക്ക് പിന്മടങ്ങിയപ്പോൾ കാട്ടിൽ ഒറ്റപ്പെട്ട അയ്യപ്പനെഎടുത്തുവളർത്തുന്ന പന്തളത്ത് രാജശേഖര രാജാവിന്റെ ഭാര്യയുടെ അസൂയയുടെ കഥയാണ് അയ്യപ്പചരിതത്തിലൂടെ പ്രചാരം നേടിയ ഈ സ്ത്രീവിരുദ്ധത. അയ്യപ്പന്റെ ദിവ്യചൈതന്യത്തിൽ അസൂയപൂണ്ട രാജപത്നി സ്വന്തം മകന് രാജ്യഭരണം ലഭിക്കില്ലേയെന്ന സംശയത്തിൽ അയ്യപ്പനെവിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ചു. എന്നാൽ ദിവ്യചൈതന്യത്താൽ അതിൽനിന്ന് രക്ഷപ്പെട്ട അയ്യപ്പനെപുലിപ്പാലിനായി കാട്ടിലേക്കയക്കുന്നത് ഈ വളർത്തമ്മ കൃത്രിമരോഗം നടിച്ചാണെന്നതാണ് നാട്ടിൽ പാട്ടായ കഥ. പുത്രധർമ്മത്തെയും അജയ്യശക്തിയേയും വാനോളം വാഴ്ത്തുന്ന പുരാണ കഥാപാരമ്പര്യം ഇന്നും സ്ത്രീയുടെ/അമ്മയുടെ ക്രൂരതയിൽ ചെന്ന് തരിച്ചുനില്ക്കുന്നു എന്നത് ഇതിന്റെ ഉപപാഠം.'സ്ത്രീയെ എനിക്കും നിനക്കും തമ്മിലെന്ത്?'എന്ന് അതിതീവ്രമായി നൈതികവേദനപങ്കുവെച്ച എം.ഗോവിന്ദന്റെ താത്രീവിചാരം ഇവിടെ ഓർത്തുപോവുകയാണ്. ഏത് പാപത്തിന്റെയും വഴി ഏറ്റുവാങ്ങി നാടിനെരക്ഷിക്കേണ്ടത് സ്ത്രീയുടെ കടമയാകുന്നു.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലുമുണ്ട് ഈ ദൈവകഥയുടെ പുനരാഖ്യാനം. അയ്യപ്പൻ പാതി മലയാളിയാണെന്നത് ഈ കഥയിൽ ശ്രദ്ധേയമാണ്. കാട്ടിൽനിന്ന് കിട്ടിയ അയ്യപ്പനെപാണ്ഡ്യരാജ്യത്ത് സേനാനായകനാക്കി വാഴിച്ചതിൽ അസൂയ മൂത്ത തദ്ദേശ സൈനികർ രാജപത്നിയെ പാട്ടിലാക്കി അയ്യപ്പ വിരോധം വളർത്തുന്നു. കാട്ടിൽ പോയി അടുത്തിടെ പ്രസവിച്ച പുലിയുടെ പാലുകൊണ്ട് വന്ന് ചികിത്സിച്ചാൽ ഭേദമാകുന്ന മാരകരോഗമഭനയിക്കുന്ന രാജ്ഞിയുടെ ക്രൂരതയെ അയ്യപ്പൻ ജയിക്കുന്നത് ദിവ്യശക്തികൊണ്ടുതന്നെ. വിജയിച്ചു തിരിച്ചെത്തിയ അയ്യപ്പൻ പിന്നീട് മലയാളരാജ്യത്ത് സ്ഥിരവാസമുറപ്പിച്ച് പൂർണ മലയാളിയായെന്ന് ഒരു കഥ. അയ്യപ്പൻ പുലിപ്പാലിനായി പുറപ്പെട്ട അന്നുമുതൽ രാജാവ് മനോവിഷമം സഹിക്കാനാവാതെ രാജ്യംവിട്ട് അലയാൻ തുടങ്ങിയത്രെ. അയ്യപ്പൻ ശബരിമലയിൽ വസിക്കുന്നുണ്ടെന്ന് ഒരുനാൾ സ്വപ്നദർശനമുണ്ടായി രാജാവ് അവിടെ വന്ന് ക്ഷേത്രം പണിയിച്ച് ആചാരവിധികൾ നിർദ്ദേശിച്ചു എന്ന് ഈ കഥയെ വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപീഡിയയിലൂടെ* വായിച്ചെടുക്കാനാവുന്നു. ദുഷ്ടമൃഗങ്ങൾ നിറഞ്ഞ ആ വനപ്രദേശത്ത് എന്നും മനുഷ്യർ താമസിച്ച് പൂജകളും മറ്റും നടത്താൻ പ്രയാസമുള്ളതിനാൽ മാസംതോറും അഞ്ചുദിവസം മാത്രം പൂജ നടത്തിയാൽ മതിയെന്നും മകരസംക്രാന്തി വാർഷിക വിശേഷ ദിവസമായിരിക്കണമെന്നും അന്നുമുതൽ അഞ്ചുദിവസം ദേവനെഎഴുന്നള്ളിച്ച് ഉത്സവമായി ആചരിക്കണമെന്നും നിർദ്ദേശിച്ചതായി വായിക്കാനാവുന്നു. മകരമാസം അഞ്ചാം തീയ്യതിതോറും ഒരു കുരുതിയും നടത്താമെന്നും നിശ്ചയിച്ചു. ഇപ്പോൾ ഈ രീതികളിൽ അല്പം മാറ്റം വന്നിട്ടുണ്ട് എന്നും പ്രസ്തുത കൃതി പറയുന്നു. അപ്പോൾ ഇനി എന്തൊക്കെ മാറ്റങ്ങൾ ആവാമെന്നാലോചിക്കാൻ ഇടമുണ്ടെന്നും കാണുമല്ലോ?

മതങ്ങൾ അടിസ്ഥാനപരമായി മാനവസ്നേഹത്തിന്റെ സന്ദേശവാഹക ധർമ്മമാണ് അതിന്റെ പ്രാരംഭത്തിൽ മുന്നോട്ടുവെച്ചത് എന്ന് ചിന്തിക്കാവുന്നതാണ്. കാരണം മാനവ സ്നേഹത്തിന്റെ ഏറ്റവും സുന്ദരമായ ആശയങ്ങൾ ലോകത്തിന് നല്കുന്നത് മതങ്ങളാണ്.മതങ്ങൾക്കുള്ളിൽ തന്നെ സാമൂഹ്യബോധനവീകരണവും മനുഷ്യസ്വാതന്ത്ര്യത്തിന്റെ സാംസ്കാരിക മാനങ്ങളും പ്രധാനമായ കാലത്തെയാണ് ഇത് കാണിക്കുന്നത്. എന്നാൽ പില്ക്കാല പുരോഹിത പാരമ്പര്യം എല്ലാ മതങ്ങളേയും ചില ചട്ടക്കൂടുകളിൽ ഒതുക്കി നിർത്താൻ പാടുപെടുകയായിരുന്നു. അതിന്റെ തെളിവുകളാണ് എല്ലാ മതങ്ങളിലുമുള്ള ഇത്തരം വിലക്കുകൾ. ചില തലങ്ങളെങ്കിലും ഇവിടെ വ്യക്തമാക്കാൻ കഴിയും.അശുദ്ധവും  വർജനീയവും ആയ ഒരു പദാർത്ഥമായി സ്ത്രീ ശരീരത്തെ വ്യാഖ്യാനിക്കുന്നതിൽ ഒരു മതവും പിന്നിലല്ല.

മദ്ബഹായിലും ശ്രീകോവിലിലും പള്ളിയിലും പ്രവേശിക്കുന്നതിൽനിന്നും സ്ത്രീക്കുള്ള വിലക്ക് ഇന്നും മുടക്കം കൂടാതെ തുടരുന്നുണ്ട് എന്ന് മ്യൂസ് മേരി എഴുതിയത് ഈയടുത്ത് ഭാഷാപോഷിണിയിലൂടെ വായിച്ചിരുന്നു.

ഇന്ത്യയിലെ ആദ്യ സി.എസ്.ഐ പട്ടക്കാരിയായ സ.ഫ്ളോറൻസ് ദീനദയാൽ പുരോഹിത വൃത്തിയിലേക്കുള്ള എന്റെ നടപ്പാത നിരവധി യാതനകളും പോരാട്ടങ്ങളും നിറഞ്ഞതായിരുന്നു എന്ന് രേഖപ്പെടുത്തിയത് മിനി ആലീസ് പുനർചിന്തയ്ക്ക് വിഷയമാക്കിയതും ഇവിടെ കൂട്ടിവായിക്കാവുന്നതാണ്. ക്രിസ്തുമതത്തിൽ, അപൂർവ്വമായെങ്കിലും പുരോഹിതരായി പുണ്യകാർമ്മികത്വത്തിലേക്ക് സ്ത്രീകൾ എത്തിപ്പെട്ടതിനെക്കുറിച്ച് അവർ എഴുതിയിട്ടുണ്ട്.ക്രിസ്തീയ വിശ്വാസത്തിൽ ആർത്തവ കാലത്തെ സ്ത്രീകളെ മാറ്റിനിർത്തുന്നില്ല എന്നതും പ്രാധാനമാണ്.എങ്കിലുംആത്മീയതയിലെ ഉയർന്ന പദവി ഏത് മതത്തിലും സ്ത്രീക്ക് ദുസാധ്യമാണ് എന്നതാണ് ചരിത്രം. ദൈവവേലയ്ക്കായി മനുഷ്യരെ വിളിക്കുന്നത് അവരുടെ പ്രായം, ലിംഗം, ധനം ഇവയൊന്നും പരിഗണിച്ചല്ല അത് വ്യക്തിയുടെ സന്നദ്ധതയെ കുരുതിയാവണമെന്ന് നെഗ്രോസ് ദ്വീപിലെ പട്ടക്കാരി റവ.ഗ്രേസ് എം. ബാംഗിസാനുമായി മിനി ആലീസ് നടത്തിയ അഭിമുഖത്തിൽ പറയുന്നതും ശ്രദ്ധേയമാണ്.ഖുർആനിൽ സ്ത്രീയെക്കുറിച്ച് അവതീർണ്ണമായ അവസാനത്തെ സൂക്തത്തിൽ അല്ലാഹുവിന്റെ കണ്ണിൽ സ്ത്രീ-പുരുഷൻന്മാർ തുല്യരാണെന്ന് അസന്നിഗ്ധമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഇസ്ലാമിക ഫെമിനസമെന്ന അസ്ഗർ അലി എഞ്ചിനീയറുടെ പുസ്തകത്തിന്റെ ആമുഖത്തിൽ എ.പി കുഞ്ഞാമു ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇസ്ലാമിലെ വിമോചനാത്മകമായ നൈതിക സത്തയെക്കുറിച്ച് എഴുതുന്ന അസ്ഗർ അലി എന്ന പണ്ഡിതൻ അതിലേക്ക് കടന്നുവരുന്ന അനുഷ്ഠാനപരമായ ബാഹ്യാവരണങ്ങൾകൊണ്ട് ഈ നൈതികയെ ചേർത്തിക്കളയുന്ന പില്ക്കാല മതവ്യാഖ്യാനങ്ങളെയാണ് വിമർശനവിധേയമാക്കുന്നത്. സ്ത്രീക്ക് ദൈവീകപുണ്യപ്രവർത്തികളിലേർപ്പെടാൻ പാടില്ല എന്ന വിലക്ക് എല്ലാമതങ്ങളിലും ഏറിയും കുറഞ്ഞും നില നിൽക്കുന്നുണ്ട് എന്നത് ഇവിടെ ഓർക്കാവുന്നതാണ്. അതുകൊണ്ട് ശരീരത്തെ കേന്ദ്രീകരിച്ചുള്ള പാപബോധവും അതിന്റെ നാനാർത്ഥങ്ങളും ഏതെങ്കിലും പ്രത്യേക മതത്തിന്റെ ആചാരമെന്നതിനാപ്പുറം നിന്ന് പുനഃപരിശോധിക്കേണ്ടിവരുന്നു.

ശബരിമല പ്രശ്നത്തിലേക്കുതന്നെ വരാം. കേരളത്തിലെ ശാസ്താക്ഷേത്രത്തിലെ പല ആചാരങ്ങൾക്കും ബുദ്ധമതാചാരങ്ങളുമായി ബന്ധമുണ്ടെന്ന് ശ്രീധരമേനോനുൾപ്പെടെയുള്ള കേരളചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്. കെട്ടുകാഴ്ചയും

> **ഖുർആനിൽ സ്ത്രീയെക്കുറിച്ച് അവതീർണ്ണമായ അവസാനത്തെ സൂക്തത്തിൽ അല്ലാഹുവിന്റെ കണ്ണിൽ സ്ത്രീ–പുരുഷൻന്മാർ തുല്യരാണെന്ന് അസന്നിഗ്ധമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഇസ്ലാമിക ഫെമിനസമെന്ന അസ്ഗർ അലി എഞ്ചിനീയറുടെ പുസ്തകത്തിന്റെ ആമുഖത്തിൽ എ.പി കുഞ്ഞാമു ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇസ്ലാമിലെ വിമോചനാത്മകമായ നൈതിക സത്തയെക്കുറിച്ച് എഴുതുന്ന അസ്ഗർ അലി എന്ന പണ്ഡിതൻ അതിലേക്ക് കടന്നുവരുന്ന അനുഷ്ഠാനപരമായ ബാഹ്യാവരണങ്ങൾകൊണ്ട് ഈ നൈതികയെ ചേർത്തിക്കളയുന്ന പില്ക്കാല മതവ്യാഖ്യാനങ്ങളെയാണ് വിമർശനവിധേയമാക്കുന്നത്.**

ബുദ്ധമതാചാരവും ഇതിൽ ഒന്നാണ്. കെട്ടുനിറ ചടങ്ങും കെട്ടുകാഴ്ചകൊണ്ടുപോകലും അയ്യപ്പഭക്തിയിൽ പ്രധാനമാണ്. അയ്യപ്പന്മാർ അഹിംസ ശീലമാക്കി സസ്യഭക്ഷണം മാത്രം ശീലിച്ച് സഹിഷ്ണതാപൂർവ്വം പെരുമാറണം. ഇതിലും ഇതിലേറെയും അയ്യപ്പ-ബൗദ്ധബന്ധം പഠിക്കപ്പെട്ടിട്ടുണ്ടല്ലോ. സഹജീവികളോട് കരുണകാട്ടുന്നതിനോ സൗമ്യനാകുന്നതിനോ സ്ത്രീശരീരവുമായി ബന്ധപ്പെടുന്ന പുരുഷന് സാധിക്കില്ല എന്ന നിഗൂഢപാഠമാണ് അഥവാ കാമം ക്രൂരവും പാപപൂർണ്ണവുമാണെന്ന മതചിന്ത ഊട്ടിയുറപ്പിക്കലും കൂടിയാണിത്. അധികാരവും മതങ്ങളും തമ്മിലുള്ള അവിഹിത ബന്ധത്തെ ഉറപ്പിക്കാൻ ശുദ്ധിപരമായ, പുണ്യദർശനപരമായ തലം നല്കിക്കൊണ്ട് ഹൈന്ദവതയെ പരിഷ്ക്കരിക്കുന്ന ഘട്ടത്തിലാവും ഇത്തരം സ്ത്രീവിരുദ്ധ പാഠങ്ങൾ പ്രചരിച്ചത് എന്ന് കരുതിയാൽ തെറ്റാവുമോ?

സൂക്ഷ്മമായാലോചിച്ചാൽ ശബരിമലയിൽ കയറുക എന്നതല്ല മറിച്ച് ഒരു സമൂഹ്യക്രമത്തിനകത്ത് നിലനില്ക്കുന്ന വിലക്കുകളാണ് പ്രശ്നം. വിലക്കുകൾ (ടീഉശമഹ ഠമയീീ) എപ്പോഴും സാമൂഹ്യ ചിന്തയെയും വ്യക്തിയുടെ ബോധരൂപീകരണത്തെയും നിരന്തരം പുനർനിർമ്മിക്കാൻ പ്രേരിപ്പിച്ചുകൊണ്ടരിക്കും. 41 ദിവസം വ്രതമെടുത്ത് ദേഹ

**സ്വന്തം ശരീരത്തിന്റെ ഗർഭപാത്രവും ലൈംഗികശേഷിയും സാമൂഹ്യമായ കുറ്റമായി, അടിമത്തിന്റെ അടയാളമായി മാറുന്ന വിശ്വാസം ഒരു സമൂഹത്തിന്റെ അടിസ്ഥാനപ്രമാണമായി മാറുന്നതുകൊണ്ട് ആർക്ക് ഗുണം? സ്ത്രീക്കുള്ളിൽ സവിശേഷമായി തുടിക്കുന്ന, ജീവനെതേടുന്ന, പേറുന്ന ഗർഭപാത്രവുമായി പെൺകുട്ടികൾ സമൂഹത്തിലേക്ക് അപകർഷതയോടെ ഇരയാക്കപ്പെടുമ്പോൾ ഏതുതരം സ്ത്രീശാക്തീകരണപ്രക്രിയയാണ് നമുക്ക് ഏറ്റെടുത്തു നടത്താൻ കഴിയുക?**

ശുദ്ധിയും മനഃശുദ്ധിയും വരുത്താനുള്ള 'ശേഷി' സ്ത്രീക്ക് ഇല്ല എന്നതാണ് വിലക്കിനടിസ്ഥാനം. ഈ ശേഷിയില്ലായ്മയ്ക്ക് കാരണം മറ്റൊരു 'ശേഷി 'യാണ്. അതായത് ലൈംഗിക-പുനരുത്പാദനകാര്യങ്ങളിലേർപ്പെടാൻ പാകമായ പൂർണവളർച്ചയെത്തിയ ഗർഭപാത്രമുണ്ട് എന്ന ശേഷി. ഇതിനെയാണ് പ്രായപരിധിയിൽ അളന്നു തിട്ടപ്പെടുത്തി പുറത്തുനിർത്തുന്നത്. ഇത്തരത്തിൽ അളന്നു തിട്ടപ്പെടുത്തി മാറ്റിനിർത്തുന്ന ഒരു വ്യവസ്ഥയുടെ പാഠങ്ങൾ ആഴത്തിൽ വേരുറച്ച ഒരു നാട്ടിലാണ് ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നത്.

സാമൂഹ്യബോധരൂപീകരണവും ശരീരകേന്ദ്രിത വിലക്കുകളും ഏത് തരത്തിലുള്ള പ്രതിഫലനങ്ങളാണ് സൃഷ്ടിക്കുന്നത് എന്നതാണ് ഇവിടെ പ്രധാനം. ശബരിമല വ്രതനിഷ്ഠയിലേക്ക് കടക്കുന്ന പുരുഷശരീരം അതുവരെയുള്ള സ്വന്തം ജീവിതക്രമത്തിൽ നിന്ന്, അതിലെ പാപബോധത്തിൽനിന്ന് പുറത്തുകടത്തപ്പെടുന്നു. പുണ്യശരീരമായി അയ്യപ്പഭക്തന്മാർക്ക് സ്ഥാനക്കയറ്റം കിട്ടുന്നു. പൂജാപാത്രങ്ങളും പുകച്ചാർത്തുകളും കാവിയും (കറുപ്പും) മാലയും തുടങ്ങിയ എല്ലാ അലുക്കുകളും അത്തരമൊരു നിർമ്മിതിക്ക് ശക്തിപകരുന്നു. വിശ്വാസഭയമുള്ള സ്ത്രീക്ക് ഈ സ്ഥാനക്കയറ്റത്തിന്റെ അർത്ഥം പിടികിട്ടുന്നത് തന്റെ ശരീരത്തിന്റെ നികൃഷ്ടമായ കീഴാള അടിമത്തത്തിന്റെ തലത്തിലാണ്. പൊതുഇടത്തിന്റെയും കുടുംബത്തിന്റെയും ഒരുക്കങ്ങളെല്ലാം തന്നെ പുരുഷന്റെ പുണ്യശരീരത്തെ കേന്ദ്രത്തിൽ നിർത്തിയാണ്. കേന്ദ്രത്തിനു വെളിയിലെ സ്ത്രീശരീരം നടത്തുന്നതോ തന്റെ ലൈംഗികശേഷിയെയും മാസമുറ രക്തത്തെയും അകറ്റി ഒളിച്ചുവെക്കാനുള്ള തത്രപ്പാടുകളും. അയ്യപ്പഭക്തന്റെ ദിനചര്യകൾ തെറ്റാതിരിക്കാൻ മാസമുറ എന്നുവരുമെന്നോർത്ത് ആദിപൂണ്ട് പെങ്ങന്മാർ അടുത്തുള്ള വീടുകളിലേക്കും ഭാര്യമാർ സ്വന്തം അമ്മാത്തേക്കും സ്ഥാനാന്തരപ്പെടുന്നത് ഒട്ടും ആത്മാഭിമാനത്തോടെയാവില്ല.സ്വന്തം കുട്ടികളെ ശബരിമലയ്ക്കയക്കുകയാണെങ്കിൽപോലും അമ്മമാർ മാസമുറ കാലത്ത് ഈ ചടങ്ങിൽനിന്ന് അശ്രീകരമായി മാറ്റിനിർത്തപ്പെടുന്നത് നാമോർക്കേണ്ടതുണ്ട്. തീർച്ചയായും ഗർഭപാത്രം ആരുടെ പിഴഎന്ന് അവർ ചോദിച്ചുപോകും. സ്വന്തം ബന്ധുവിനാൽ കീഴാളത്വം ഏറ്റുവാങ്ങേണ്ടി വരുന്ന ശരീരവുമായി വളരുന്ന കൗമാര-യൗവ്വനകാല സ്ത്രീമനസ്സിന് എന്ത് തരം ആത്മവിശ്വാസമാണ് ലോകത്തിന് നൽകാനാവുക? സ്ത്രീക്ക് ആർജ്ജിക്കാനാവാത്ത എന്ത് ആത്മവിശ്വാസമാണ് പുരുഷലോകത്തിന് നേടിയെടുക്കാൻ കഴിയുക? സ്വന്തം ശരീരത്തിന്റെ ഗർഭപാത്രവും ലൈംഗികശേഷിയും സാമൂഹ്യമായ കുറ്റമായി, അടിമത്തിന്റെ അടയാളമായി മാറുന്ന വിശ്വാസം ഒരു സമൂഹത്തിന്റെ അടിസ്ഥാനപ്രമാണമായി മാറുന്നതുകൊണ്ട് ആർക്ക് ഗുണം? സ്ത്രീക്കുള്ളിൽ സവിശേഷമായി തുടിക്കുന്ന, ജീവനെ തേടുന്ന, പേറുന്ന ഗർഭപാത്രവുമായി പെൺകുട്ടികൾ സമൂഹത്തിലേക്ക് അപകർഷതയോടെ ഇരയാക്കപ്പെടുമ്പോൾ ഏതുതരം സ്ത്രീശാക്തീകരണപ്രക്രിയയാണ് നമുക്ക് ഏറ്റെടുത്തു നടത്താൻ കഴിയുക?

പണ്ട് അടുക്കളയോട് ചേർന്ന് ചായ്പിൽ കീറപ്പായയിൽ തൊട്ടുകൂടായ്മയോട് സഹകരിച്ച് കഴിഞ്ഞ അതേ കീഴാളത്വത്തിന്റെ നഖങ്ങളാണ് വളർന്ന് പന്തലിക്കുന്നത്. അതിലും പണ്ട് ഓലമറ കെട്ടി മാസമുറയെ വീട്ടിൽനിന്ന് മാറ്റി പ്പാർപ്പിച്ചതായി കേട്ടിട്ടുണ്ട്. സ്വന്തം തൊടിയിലെ കിണറിനടുത്തുപോലും പോയിക്കൂടായിരുന്നു എന്നും. മാസമുറയെ എന്തെന്ന് നിർവ്വചിക്കാൻ പറ്റാതിരുന്ന കാലത്തെ മനുഷ്യർ അതുവലിയ ക്ഷീണമാണെന്നുകണ്ട് വിശ്രമം വിധിച്ചത് പിന്നീട് മതങ്ങൾ ഏറ്റുപിടിച്ചതാണോ?

വീട്ടകങ്ങളിലെ ദാരിദ്രത്തിന്റെ എടുത്താൽ പൊങ്ങാത്ത ഭാരം പങ്കുപറ്റുമ്പോഴെല്ലാം മാസമുറ ദിവസങ്ങളെ ഒളിച്ചുവെക്കുന്ന പഴയ പെൺകുട്ടികൾ ഈ കീഴാളത്വത്തെ പോറ്റിവളർത്താൻ നിർബന്ധിക്കപ്പെട്ടവരാണ്. അതിന് പുതിയ കാലം പുതിയ വാദങ്ങൾ കൊണ്ടുനിരത്തുമ്പോൾ കൂരിരുട്ടത്ത് ആരും കാണാതെ കുഴിച്ചുമൂടപ്പെട്ട രക്തക്കറയുള്ള കീറത്തുണികൾ ഇനിയുമുണ്ടാകും. നമ്മുടെ സ്കൂളുകൾ സുരക്ഷിത നാപ്കിനുകളും ബോധവൽക്കരണ ക്ലാസുകളുമെത്ര നൽകിയാലും വിശ്വാസങ്ങളുടെ പേരിൽ ഇത്തരം പ്രവർത്തന

ങ്ങളെല്ലാം കീഴ്മേൽ മറിയുക തന്നെ ചെയ്യും.ശരീരത്തിന്റെ ആത്മീയ സൗരഭ്യം എഴുത്തിലേക്കാവാഹിച്ചുതന്ന മാധവിക്കുട്ടിയേയും, പെണ്ണ് പൂക്കുന്ന കാലത്തിന്റെ സ്വപ്നങ്ങൾ സമ്മാനിച്ച സാറാ ജോസഫിന്റെയും എഴുത്തുകളെ ഇനിയുമെത്രനാൾ നാം കണ്ടില്ലെന്ന് നടിക്കും. സ്ത്രീയെ കേവല ശരീരമായി കാണുന്ന വ്യവസ്ഥാപിത ചിന്തയ്ക്കെതിരെ സ്ത്രീവാദ സൈദ്ധാന്തികർ മുന്നോട്ട് വെക്കുന്ന 'ഛില ശ േീേ യീൃി, യൗ േയലരീാലെ മ ംീാമി', (ടശാീില ഉല ആലമൗ്ീശൃ എ്യമിരല), 'ഛില ശ േീേ യീൃി മ ണീാമി', (ങീിശൂൗല ണശഴേശേഴ എ്യമിരല) തുടങ്ങിയ വിപ്ളവകരമായ ആശയങ്ങളെ ഇനിയുമെത്ര കാലം ചർച്ചയ്ക്കെടുക്കാതെ നാം മാറ്റിനിർത്തും. പുതിയ അവകാശസമരങ്ങൾ, ഞശഴവ േീ യഹലലറ -പോലുള്ളവ കാണിക്കുന്ന സാമൂഹ്യപരിവർത്തനവീര്യങ്ങളെ ശക്തിപ്പെടുത്താൻ പരമോന്നത നീതിപീഠവും കാരണമാവുകയാണെങ്കിൽ ഇതുപോലുള്ള ആഴത്തിലുള്ള സാമൂഹ്യമുറിവുകളെ (ടീരശമഹ ംീൗിറ)നമുക്ക് തുടച്ചു നീക്കാനാവും.'ഡിഹലലൈ വേല ണീാമി ശി കിറശമ വെശില,ാവല രീൗിേൃ്യ രമിിീ'േ എന്നത് വെറും രാഷ്ട്രീയ മുദ്രാവാക്യം മാത്രമായി ഈ കാലത്തും നില്ക്കുകയാണ്. ഇത്രയും സൂക്ഷ്മതയേറിയ അനുഭവങ്ങൾ പങ്കുപറ്റുന്ന, മാറിവരുന്ന ചിന്തകളെ സ്വാധീനിക്കുന്ന ഒരു വിഷയത്തെ കേവലം സ്ത്രീപ്രവേശനാവകാശം മാത്രമായി കണ്ടുകൂട എന്നാണ് ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത്. അത് ലിംഗനീതി നിഷേധത്തിലേക്ക് നയിക്കുന്ന വിശ്വാസത്തിന്റെ രാഷ്ട്രീയമാണെന്നു തിരിച്ചറിയാൻ കോടതിയുടെ സാന്നിധ്യമല്ല മിറിച്ച്പൊതുബോധത്തിന്റെ ജാഗ്രത തന്നെയാണ് ഏറ്റവും ആദ്യം വേണ്ടത്.സ്ത്രീശരീരം ലൈംഗിക ശരീരം മാത്രമാണെന്ന ഫ്യൂഡൽ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വെമ്പൽകൊള്ളുന്ന അധികാരക്രമത്തെ ചിതറിക്കളയാൻ ഇനിയും നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് നമ്മുടെ നിയമവ്യവസ്ഥയേയും പൊതുബോധത്തേയും ഒരുപേലെ ബഹുദൂരം പിന്നിലേക്ക് നടത്തും.

ചരിത്രത്തെ പുതുക്കിപ്പണിയുക എന്ന ഭാരിച്ച ഉത്തരവാദിത്വം എപ്പോഴും ഭരണകൂട ഉപകരണങ്ങൾക്കുമേൽ അതിരൂക്ഷമായ സമ്മർദ്ധങ്ങൾ സ്രഷ്ടിക്കുന്ന ഒന്നായാണ് മാറാറുള്ളത്. അതിന് പൊതുസ്വീകാര്യത കിട്ടുക അതിലോറെ വിരളവും. എല്ലാത്തിനുമുപരിലോകത്തുള്ള ഏത് ജീവിതക്രമവും ഒരു കൂട്ടായ്മയിൽനിന്ന് മറ്റൊന്നിലേക്ക് സംക്രമിക്കുകയും അതുവഴി നന്മകളെ അരിച്ചെടുത്തുകൊണ്ടുമാണ് മുന്നോട്ടുപോകുന്നത്. മതങ്ങളും അങ്ങനെതന്നെയാവും. അതുകൊണ്ട് ഒരു മതാചാരം പുനർചിന്തയ്ക്കെടുക്കുമ്പോൾ അത് കേട്ടും കണ്ടുമറിയുന്ന സകല മനുഷ്യരുമാണ് നന്മയിലേക്ക് നടന്നടുക്കുന്നത്. ഏകമുഖമായി ജീവിക്കാൻ നിർബന്ധിക്കപ്പെടുന്ന ഈ കാലം പുതിയ മാതൃകകളെ സൂക്ഷ്മമായി തിരയുക കൂടി ചെയ്യുന്നതാണ്.സ്ത്രീക്കും പുരുഷനും ഒരുമിച്ച് പ്രപഞ്ചത്തിലെ എല്ലാ ഇടങ്ങളും സ്വന്തമാക്കാനാവുന്ന മഹത്തായ മാനവികതയെ മനസ്സുകളിലുറപ്പിക്കുന്ന ഒരു വിശ്വാസത്തിന്റെ രാഷ്ട്രീയമായി 'ശബരിമല' പോലുള്ള എല്ലാ ആചാരകേന്ദ്രങ്ങളും മാറുന്നു എന്ന് നമുക്ക് കാണാനാവട്ടെ. അത്തരം വിശാലമായ നോട്ടത്തിൽ തീർച്ചയായും ശബരിമല: ഒരു സ്ത്രീപ്രശ്നമല്ല മറിച്ച്, അത് നമ്മുടെ നാടിന്റെ ആത്മാഭിമാനത്തിന്റെ/ പൊതുബോധത്തിന്റെ ഉയിർപ്പിന്റെ വിഷയമാകുന്നു.

അവലംബം


അസ്ഗർ അലി എഞ്ചിനീയർ, ഇസ്ലാമിക ഫെമിനിസം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്: 2015.

ആലങ്കോട് ലീലാകൃഷ്ണൻ,താത്രിക്കുട്ടിയുടെ സ്മാർത്ഥവിചാരം, മാതൃഭൂമി ബുക്സ്, കോഴിക്കോട്: 2014.

കൊട്ടാരത്തിൽ ശങ്കുണ്ണി, ഐതിഹ്യമാല.

എം ഗോവിന്ദൻ, എം. ഗോവിന്ദന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ.

ജെ. ദേവിക, 'കുലസ്ത്രീയും', 'ചന്തപ്പെണ്ണും' ഉണ്ടായതെങ്ങനെ?കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ: 2015.

പട്ടത്താനം ശ്രീനി, ശബരിമല വിശ്വാസവും യാഥാർത്ഥ്യവും പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്: 2002.

മിനി ആലീസ്, 'മതം ആത്മീയത, സ്ത്രീ', ഭാഷാപോഷിണി ഫെബ്രുവരി, 2016, പുറം, 42.

മ്യൂസ് മേരി ജോർജ്, 'ഈ ലോകം എന്നെ തടവുകാരിയാക്കിയിരിക്കുന്നു'. ഭാഷാപോഷിണി ഫെബ്രുവരി 2016, പുറം, 47.


വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ.

ശ്രീധരമേനോൻ, കേരളചരിത്രം.

സുഗതകുമാരി, 'ശബരിമല: സ്ത്രീപ്രശ്നമല്ല',മാതൃഭൂമി ദിനപത്രം, ഫെബ്രുവരി 11, 2016.



മീന



# ഒരു വയനാടൻ യാത്രയുടെ ഓർമ്മയ്ക്ക്

ഓരോ യാത്രയിലും എന്തെങ്കിലും ഒരു കൊച്ചുകണി എനിയ്ക്കായ് പ്രകൃതി ഒരുക്കി വച്ചിട്ടുണ്ടെന്നു വിശ്വസിക്കാനാണെനിക്കിഷ്ടം. ഈ കഴിഞ്ഞ യാത്രകളിലെല്ലാം അങ്ങനെ ഓരോന്നോരോന്ന്.

ഒരിക്കൽ ഞാനൊരു ബൊഗെയ്ൻവില്ലക്കാട് സ്വപ്നം കണ്ടു. ഒരുപാടുണങ്ങിയ സ്ഥലത്ത് നിന്ന് നീങ്ങുമ്പോൾ വെള്ളവും പാടവും ഒറ്റവീടും പിന്നെ ഈ കാടും. അതൊരുപാടു കാലത്തെ എന്റെ സ്വപ്നമായിരുന്നു. എന്നെങ്കിലുമൊരിക്കൽ... ഏതായാലും ഒരു തിരുവനന്തപുരം യാത്രയിലൊന്നിൽ എന്റെ കണ്ണിലതുവന്നുടക്കി. പിന്നീടൊരിക്കലും ഞാനാവഴി കടന്നുപോയിട്ടില്ല. മറ്റൊരിക്കലാവട്ടെ, ഒരു മൊട്ടക്കുന്നും ഒരൊറ്റ മരവും കുറച്ചു പുല്ലും. എന്നെങ്കിലും ഞാനതു കാണുമെന്നു കരുതിയിരുന്നു. കുടജാദ്രിയിലേക്കുള്ള യാത്രയിൽ കുന്നുകൾക്കിടയിൽ അതാ ഒരൊറ്റമരം. അവിടെ ഇരിക്കണംന്ന് കരുതുമ്പോഴേക്കും സന്തതസഹചാരിയായ ശ്വാസംമുട്ടൽ എന്നെ അവിടെ ഇരുത്തി. മുകളിൽ പോകാതിരുന്നതിന്റെ നഷ്ടബോധം ഈ മരത്തിനു ചുവട്ടിൽ ഒരു മണിക്കൂറോളം ഉള്ള ഇരുപ്പിൽ എനിക്കു തോന്നിച്ചതേയില്ല. കാഴ്ച ഓരോരുത്തർക്കും ഓരോന്നാണെന്നും കാണേണ്ടതെന്ന് നാം കരുതുന്നവയാണ് കാണുന്നതെന്നുമുള്ള അറിവ് വീണ്ടും വീണ്ടും ഇത്തരം കാഴ്ചകൾ എനിക്ക് തന്നുകൊണ്ടേയിരുന്നു.

ഡൽഹി യാത്രക്കൊടുവിലും ഒരു മായക്കാഴ്ച പ്രകൃതി ഒരുക്കിത്തന്നിരുന്നു. നാലു പെലിക്കൻ പക്ഷികൾ പറന്നു വന്ന് നോക്കെത്താ ദൂരത്തിൽ ഗോതമ്പു വയലേലകൾക്കറ്റത്തെ റോഡരികിലുള്ള ഒഴിഞ്ഞ വയലിൽ എനിക്ക് കാണാനുള്ള വിരുന്നൊരുക്കി തന്നത്. എന്റെ കൂടെയുള്ള യാത്രക്കാരെല്ലാം ഉറങ്ങുകയോ, മയങ്ങുകയോ തന്റേതായ ലോകത്തോ ഇരിക്കുമ്പോൾ ജനലരികിലിരുന്ന് സ്വസ്ഥമായ കാഴ്ചയിൽ അങ്ങനെ ഒരു വിസ്മയം. കാഴ്ചബംഗ്ലാവിൽ മാത്രം കണ്ടു പരിചയിച്ച പെലിക്കൻ പക്ഷികളെ അങ്ങനെ സ്വതന്ത്രജീവികളായി കാണുവാൻ അന്നുകഴിഞ്ഞു. ഇതിനെക്കുറിച്ച് യാത്രാപ്രിയനായ ഒരു വികാരിയച്ചനോട് പറഞ്ഞപ്പോൾ അത് ദൈവം ഒരുക്കിവെച്ച ഒരു കാഴ്ചയാണെന്നാണ് പറഞ്ഞത്. ഏതായാലും ആ വിസ്മയം കെടാതെ നിൽക്കുമ്പോഴാണ് ഈ അടുത്ത് ഒരു ചങ്ങനാശ്ശേരി യാത്രയിലും പ്രകൃതിയുടെ മടിത്തട്ടിലേക്ക് പറന്നിറങ്ങുന്ന നീളമുള്ള കറുത്ത കഴുത്തുള്ള കൊക്കുകളെ കണ്ടത്. പാടങ്ങളിൽ കാണുന്ന പലരൂപത്തിലുള്ള കൊക്കുകൾ എനിക്ക് എപ്പോഴും ഒരു കൗതുകമാണ്. എന്നാലും ഇത്തരം പക്ഷികളെ ഇതിനു മുമ്പൊന്നും കണ്ടിട്ടില്ല തന്നെ. ഏതായാലും അച്ചൻ പറഞ്ഞ വാക്കുകൾ ഞാൻ വീണ്ടും ഓർക്കുന്നു.



ഇന്നു രാവിലെ മാത്രം അവസാനിച്ച കുടക് വയനാടൻ യാത്രയിലും പ്രകൃതി ഒരു സമ്മാനം എനിക്ക് കരുതി വെച്ചിരുന്നു. കുടകിലും മറ്റും കണ്ട കാഴ്ചകൾ സന്തോഷകരമായിരുന്നു. ബുദ്ധവിഹാരവും തൂക്കുപാലം കടന്ന് തുരുത്തിൽ പോകലും ബോട്ടുയാത്രയിൽ പങ്കെടുക്കലും എല്ലാം സന്തോഷം തന്നു. കൂട്ടത്തിൽ ശരീരത്തിന്റെ ഭയാനകമായ വേദനയും എന്നെ ശല്യപ്പെടുത്തി. വയനാട്ടിലേക്കായിരുന്നു പിന്നത്തെ യാത്ര. എടയ്ക്കൽ ഗുഹയും സൂചിപ്പാറ വെള്ളച്ചാട്ടവും എല്ലാം കണ്ട് കുറുവാ ദ്വീപിൽ പോകാനായത്. ശരീരത്തിന്റെ കഠിനമായ വേദനകൊണ്ട് ചങ്ങാടം യാത്രയും വേണ്ടെന്നു വെച്ചു. ആദ്യം. പിന്നെയെന്തോ.... 'ദ്വീപ്' എന്നതിന്റെ കൗതുകത്തിലാണ് യാത്രക്കൊരുങ്ങിയത്. മുളകൊണ്ട് കെട്ടിയ ചങ്ങാടം ഒരു പുതിയ കാഴ്ചയായിരുന്നു എനിക്ക്. ഈ ദ്വീപാകട്ടെ കണ്ടൽ വനം കൊണ്ട് സമൃദ്ധമാണ്. കുറുവാ ദ്വീപിലെ പ്രകൃതി സ്നേഹം വിളിച്ചോതുന്ന ബോർഡുകൾ വായിച്ച് പോകുമ്പോഴാണ് കുട്ടികൾ ഉറക്കെ ചിരിച്ചു നടന്നു പോയത്. അവിടത്തെ ഒരു വനപാലകൻ കുട്ടികളെ ശാസിച്ചപ്പോഴാണ് ഞാനതൊക്കെ കേട്ടത് തന്നെ. ഉണങ്ങിയതും അല്ലാത്തതുമായ മുളം കൂട്ടത്തിന്റെ ഞരക്കം ശ്രദ്ധിച്ച് ഞാനും എന്റെ സുഹൃത്തും നടക്കവെ കുറേ ഉണങ്ങിയ ഇലകളുള്ള മരങ്ങൾ ശ്രദ്ധയിൽപ്പെട്ടു. നാലഞ്ചു കുട്ടികൾ ഒഴികെ ബാക്കിയുള്ളവരെല്ലാം വളരെ മുമ്പിലായിരുന്നു. പെട്ടെന്ന് അഞ്ചാറ് തുമ്പികൾ പറന്ന് പോകുന്നത് കണ്ടു. പിന്നെ അത് 10-20 അങ്ങിനെ അങ്ങിനെ നോക്കിയപ്പോഴോ ഒരായിരം ചിത്രശലഭങ്ങൾ ഒന്നിച്ച് തലക്കുമുകളിൽ ചുറ്റിപ്പറന്നങ്ങനെ... അപ്പോഴാണ് ആ മരങ്ങളുടെ ഇലകൾ മുഴുവനും ചിത്രത്തുമ്പികളാണെന്നും ഇലകളോട് പറ്റിപ്പിടിച്ച് മരത്തിനോടു ചേർന്നുപോകുന്നതാണെന്നും തിരിച്ചറിഞ്ഞത്. എന്റെ മുഴുവൻ യാത്രയും പിന്നെ ഈ ഒരു സ്വപ്നകാഴ്ചയിൽ നിറഞ്ഞു നിന്നു. വെള്ളം ഒഴുകി പോകുന്ന അരുവികളും സിനിമയിൽ കാണാറുള്ള പാറകളുമൊക്കെ ആ കാഴ്ചയിൽ മുങ്ങിപ്പോയോ എന്നൊരു സംശയം മാത്രമേ ബാക്കിയുള്ളൂ. ശരീരവേദന വല്ലാതെ അലട്ടുമ്പോഴും യാത്രകൾ വിളിക്കുന്നതിതൊക്കെ എനിക്കു കാണാൻ വേണ്ടിയാകണം. അല്ലേ?





ഡോ.ജാൻസി ജോസ്

# വാസ്തവം

ഈ ഗവൺമെന്റിന്റെ നൂറു ദിവസം എന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ ആയിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ചുദിവസത്തേക്കാൾ നേട്ടമുണ്ടാക്കി എന്നതു നേരുതന്നെ. പക്ഷെ, കേരളത്തിൽ അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാതെ നരഗജീവിതം നയിക്കുന്ന ആളുകളെ ഇപ്പോഴും കാണാതെ പോവുകയാണ്. ഞങ്ങൾക്കിവിടെ കോഴിക്കോട് ഒരു കല്ലുത്താൻകടവ് കോളനിയുണ്ട്. കോഴിക്കോടു സന്ദർശിക്കുന്ന മന്ത്രിമാരോ എം.എൽ.എമാരോ അവിടം സന്ദർശിച്ചു പോവുന്നത് നന്നായിരിക്കും. ഇവിടെയുള്ള എം.എൽ.എമാരും ഉണ്ടായിരുന്ന മന്ത്രിയും കാണാതെ പോയ ഇടമാണത്. കോളനിയുടെ പരിസരത്തു പോലും വീടെടുക്കാൻ തയ്യാറാവാത്ത മാന്യന്മാർ നമ്മുടെ ചുറ്റുമുള്ളത് എന്നറിയാം.

ആംബുലൻസ് വിളിക്കാൻ പണമില്ലാതെ ഭാര്യയുടെ ശവം പേറി നടക്കുന്ന ഭർത്താവിന്റെ മുഖമാണ് ഇന്ത്യൻ രാഷ്ട്രീയത്തിനുള്ളത്. അക്കരപ്പച്ചമാത്രം കാണുന്നവരാണ് നമ്മുടെ നേതാക്കന്മാർ. പ്രധാനമന്ത്രി അടക്കം കേന്ദ്രത്തിലുള്ളവർ വിദേശങ്ങളിലേക്കും കേരളത്തിലുള്ളവർ മറ്റു സംസ്ഥാനങ്ങളിലേക്കും കണ്ണുംനട്ടിരിക്കുകയാണല്ലോ. രാജ്യത്തു നടക്കുന്നതോ സംസ്ഥാനത്തു നടക്കുന്നതോ കാണുവാൻ സാമാജികർക്കൊന്നും കണ്ണില്ല.

നമ്മുടെ നാട്ടിൽ വരുമ്പോൾ വിദേശ രീതികൾ പാലിക്കേണ്ടതില്ല എന്ന് സംസ്കാരസമ്പന്നരായ കേന്ദ്രമന്ത്രിമാർ അഭിപ്രായപ്പെടുന്നു. മന്ത്രിമാരായ മഹേഷ് ശർമ്മ, ഓം പ്രകാശ് സിംഗ് എന്നിവർ എതിർലിംഗത്തിൽപ്പെട്ടവർക്ക് ഹസ്തദാനം ചെയ്യാൻ പാടില്ലെന്നും ചെറിയ പാവാട ധരിക്കാൻ പാടില്ലെന്നും പറയുമ്പോൾ, ഇവിടെ തുണിയില്ലാതെ വിലസുന്ന (ആ)സാമിമാരെ കാണാൻ അവർക്കായില്ല. എല്ലാ സംസ്കാരവും കാത്തുപാലിക്കുന്നത് പെണ്ണുങ്ങളെ മര്യാദപഠിപ്പിക്കാൻ മാത്രമാണ് എന്നത് ഇതിൽ നിന്ന് വ്യക്തമാണ്. എല്ലാം കച്ചവടമാക്കുന്ന കൂട്ടത്തിൽ കുട്ടികളുടെ പരിപാടിയും കച്ചവടമാക്കിയ ഒരു ചാനലിലെ കുട്ടിപ്പട്ടാളം എന്ന പ്രോഗ്രാം ബാലാവകാശകമ്മീഷൻ ഇടപെട്ട് നിർത്തിവെപ്പിച്ചതും സന്തോഷമായി. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നൽകിയ വാഗ്ദാനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ് ഞങ്ങൾ. അഴിമതിയില്ലാത്തതു പോലെ (എന്നു പറയപ്പെടുന്നു) ധൂർത്തും ഒഴിവാക്കി നാടുഭരിച്ചാൽ നന്നാവുന്നതേയുള്ളൂ നമ്മുടെ നാട്. ഇനിയും ദിനങ്ങളുണ്ടല്ലോ കാത്തിരിക്കാം.



എം.ഡി.രാധിക

# ജീവിതത്തിന്റെ നാലാംമാനം




റിൽക്കേ (Rilke) യുടെ 'ഒരു യുവകവിക്കുള്ള കത്തുകളേയും, ല്യോസ (Liosa) യുടെ ഒരു യുവനോവലിസ്റ്റിനുള്ള കത്തുകളേയും രൂപംകൊണ്ട് ഓർമ്മിപ്പിക്കുന്ന കൃതിയാണ്, മനഃശാസ്ത്രത്തിന്റെയും സ്ത്രീപഠനങ്ങളുടേയും പ്രൊഫസർ ആയ, സ്ത്രീവാദസംബന്ധിയായ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഫിലിസ് ചെസ്ലറുടെ (Phyllis chesler) ഒരു യുവഫെമിനിസ്റ്റിനുള്ള കത്തുകൾ.

സ്വന്തം വാദങ്ങൾ സ്ഥാപിക്കാൻ വേണ്ടി സത്യത്തിന്റെ ഒരു മുഖവും മറച്ചുവെക്കാൻ ചെസ്ലർ ശ്രമിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും അടിച്ചമർത്തലിനു വിധേയരാവുന്നുണ്ട്. വംശത്തിന്റെ, ദാരിദ്ര്യത്തിന്റെ, സ്വവർഗപ്രണയത്തിന്റെ ഒക്കെ പേരിൽ. സ്ത്രീ തന്നെ പലപ്പോഴും മറ്റുസ്ത്രീകളെ വെറുക്കുന്നു എന്ന യാഥാർത്ഥ്യത്തെപ്പറ്റി തന്റെ ഫെമിനിസ്റ്റ് തലമുറ വല്ലാതെ മൗനം പാലിച്ചു എന്ന് ചെസ്ലർ ഏറ്റുപറയുന്നു. അസൂയയും മത്സരബുദ്ധിയും ഭയവും ഏതൊരു ദുർബ്ബലസംഘത്തിലുമെന്നപോലെ അവർക്കിടയിലും ഉണ്ടായിരുന്നു. പല സ്ത്രീവാദനേതാക്കളും interpersonality challenged ഉം (മറ്റുള്ളവരോടു കൂട്ടുകൂടാനോ അവർക്കൊപ്പം പണിയെടുക്കാനോ കഴിയാത്തവർ) ആയിരുന്നു. അതുപോലെ, പുരുഷന്മാർ മാത്രമല്ല പുരുഷാധിപത്യത്തിന് ഉത്തരവാദികൾ എന്നും, അവരെ ഗാഢമായി പിന്തുണക്കുന്ന സ്ത്രീകൾക്കും അതിൽ പങ്കുണ്ടെന്നും ചെസ്ലർ ചൂണ്ടിക്കാട്ടുന്നു.

സ്ത്രീവാദദർശനം മനുഷ്യരുടെ ലോകബോധത്തെ പാടേ മാറ്റിമറിച്ചില്ലെങ്കിലും കാര്യമായി വെല്ലുവിളിക്കുകയുണ്ടായി. എന്നാൽ ഇന്നും സ്ത്രീയും പുരുഷനും തുല്യരല്ല. രണ്ടുകൂട്ടരും ഒരേ കാര്യം ചെയ്യുമ്പോഴും അത് വിലയിടുന്നത് രണ്ടുതരത്തിലാണ്. ശിശുവിന്റെ ഡയപർ മാറ്റുന്ന അച്ഛൻ മഹാനും അതേ പ്രവൃത്തി ചെയ്യുന്ന അമ്മ വെറും കടമ നിറവേറ്റുന്നവളും. ഉദ്യോഗത്തിൽ കയറ്റം കിട്ടുന്നവൻ മിടുക്കൻ;  എന്നാൽ പുരുഷാധിപത്യക്രമങ്ങളോടു പൊരുതി അത്തരം ഉയർച്ച കൈവരിക്കുന്നവൾ വെറുക്കപ്പെടേണ്ട ഒരുമ്പെട്ടവൾ. സ്ത്രീപീഡകരായ പുരുഷന്മാർ നാമമാത്രശിക്ഷ ഏറ്റുവാങ്ങി രക്ഷപ്പെടുമ്പോൾ, പുരുഷനെ ആത്മരക്ഷാർത്ഥം ആക്രമിക്കുന്നവൾക്കു പോലും തികഞ്ഞ ശിക്ഷ ഉറപ്പ്. കലയുടെ ലോകത്തുമുണ്ട് ഈ വൈരുദ്ധ്യം. അനുഗ്രഹീതശില്പിയായിരുന്ന കമീയ് ക്ലോദൻ (Camille Claudel) തന്നെ ഉദാഹരണം. ലോകപ്രശസ്ത ഫ്രഞ്ച് ശില്പി റൊദാന്റെ (Rodin) ശി

ഷ്യയും കാമുകിയും പ്രചോദനവും ആയിരുന്നു അവർ. കവി പോൾ ക്ലോദലിന്റെ സഹോദരിയും. എന്നാൽ അമ്മയടക്കം സ്വന്തം കുടുംബമോ, റൊദാനോ അവരിലെ ഉച്ഛതൃംവലയായ കലാകാരിയെ മനസ്സിലാക്കിയില്ല. മുപ്പതുവർഷം നീണ്ട ഭ്രാന്താശുപത്രിവാസത്തിനു ശേഷം അവർ മരിച്ചു. ചികിത്സ കഴിഞ്ഞിട്ടും അവരെ ഏറ്റെടുക്കാൻ ആരുമുണ്ടായിരുന്നില്ല. റൊദാന്റെ എത്രയോ ശില്പനിർമ്മിതികളിൽ പങ്കാളിയായിരുന്നു കമീയ്. എന്നാൽ അവയിലൊന്നും അവരുടെ പേരില്ല. അതുകൊണ്ടുതന്നെ ആ ശില്പങ്ങളിൽ നിന്ന് റൊദാന്റെ പേര് ചുരണ്ടിക്കളഞ്ഞ് അവിടെ അവരുടെ പേർ രേഖപ്പെടുത്താൻ തന്റെ കൈ തരിക്കാറുണ്ടെന്ന് ചെസ്‌ലർ. മെഡ്യൂസയുടെ (Medusa) തലയറുത്ത പേർസ്യൂസിന്റെ (Perseus) പ്രതിമയുടെ തലവെട്ടാനും തനിക്ക് കൊതിയുണ്ട്.

ഒരു വ്യക്തിയുടെ ജീവിതത്തിലെ സർവ്വപ്രധാനമായ കർമ്മം തന്നെത്തന്നെ അന്വേഷിക്കലാണെന്ന കാര്യം ഒരു പെൺകുട്ടിക്ക് ആരും, പ്രായമായ സ്ത്രീകൾ പോലും, പറഞ്ഞുകൊടുക്കുന്നില്ല. ഉത്തമനായ പുരുഷനെ കാത്തിരിക്കാൻ മാത്രമാണ് അവൾ പരിശീലിപ്പിക്കപ്പെടുന്നത്. അവൾ ഒരു പൊതുമുതൽ ആണെന്ന മട്ടിലാണ് പുരുഷന്മാർ അവളെ തുറിച്ചുനോക്കുന്നതും കമന്റടിക്കുന്നതും. എന്നാൽ തെരുവിലെ പൂവാലശല്യം ഒരു പ്രശംസയായിക്കരുതാനാണ് താൻ ശീലിച്ചിരുന്നത് എന്ന് ചെസ്‌ലർ




**ഒരു വ്യക്തിയുടെ ജീവിതത്തിലെ സർവ്വപ്രധാനമായ കർമ്മം തന്നെത്തന്നെ അന്വേഷിക്കലാണെന്ന കാര്യം ഒരു പെൺകുട്ടിക്ക് ആരും പ്രായമായ സ്ത്രീകൾ പോലും, പറഞ്ഞുകൊടുക്കുന്നില്ല. ഉത്തമനായ പുരുഷനെ കാത്തിരിക്കാൻ മാത്രമാണ് അവൾ പരിശീലിപ്പിക്കപ്പെടുന്നത്. അവൾ ഒരു പൊതുമുതൽ ആണെന്ന മട്ടിലാണ് പുരുഷന്മാർ അവളെ തുറിച്ചുനോക്കുന്നതും കമന്റടിക്കുന്നതും. എന്നാൽ തെരുവിലെ പൂവാലശല്യം ഒരു പ്രശംസയായിക്കരുതാനാണ് താൻ ശീലിച്ചിരുന്നത് എന്ന് ചെസ്‌ലർ തുറന്നു പറയുന്നു. അവൻമാർ എല്ലാ പെൺകുട്ടികളോടും ഇത്തരത്തിൽ തന്നെയാണ് പെരുമാറുന്നതെന്നും തനിക്ക് പ്രത്യേകമായൊരഭിനന്ദനവും അതിലില്ലെന്നും തിരിച്ചറിഞ്ഞത് വൈകിയാണ്.**

തുറന്നു പറയുന്നു. അവൻമാർ എല്ലാ പെൺകുട്ടികളോടും ഇത്തരത്തിൽ തന്നെയാണ് പെരുമാറുന്നതെന്നും തനിക്ക് പ്രത്യേകമായൊരഭിനന്ദനവും അതിലില്ലെന്നും തിരിച്ചറിഞ്ഞത് വൈകിയാണ്. സ്ത്രീവാദം കൊണ്ടുവന്ന ഒരു വലിയ മാറ്റം പുരുഷന്റെ അത്തരം പ്രവൃത്തികളിലെ സ്ത്രീവിരുദ്ധത മനസ്സിലാക്കപ്പെടാൻ തുടങ്ങി എന്നതാണ്. മനഃശാസ്ത്രജ്ഞ എന്ന നിലയിൽ താൻ ശ്രദ്ധിച്ച ഒരു സംഗതി, പെൺകുട്ടികളുടെ വസ്തുനിഷ്ഠമായി സ്വയം വിലയിരുത്താനുള്ള കഴിവില്ലായ്മയാണെന്ന് ചെസ്‌ലർ. അവർ തങ്ങളെത്തന്നെ കാണുന്നത് വെറും രൂപമായും അതിന്റെ കുറവുകളായും മാത്രമാണ്. സ്വന്തം ശരീരത്തെ വെറുക്കാനാണ് സംസ്കാരം എന്നുമവരെ പഠിപ്പിച്ചിട്ടുള്ളത്. അതിനാൽ തന്നെ സ്വന്തം ശരീരത്തിൽ നിന്ന് ഇഞ്ചുകൾ എടുത്തുകളയാൻ വേണ്ടി മാത്രമാണ്, ചരിത്രത്തെ ഒരിഞ്ചെങ്കിലും മാറ്റിത്തീർക്കാൻ വേണ്ടിയല്ല, അവർ പൊതുവേ ഊർജ്ജമത്രയും ചെലവഴിക്കുന്നത്.

ഫെമിനിസ്റ്റ് പുസ്തകങ്ങളിലൂടെയാണ് താൻ ബോധവതിയായത് എന്ന് ചെസ്‌ലർ. തന്റെ മുപ്പതുകളിൽ മാത്രമാണ് അത് സംഭവിച്ചത്. കൊണ്ടാടപ്പെട്ട എഴുത്തുകാരായ ഡിക്കൻസും മെൽവിലും ടോൾസ്റ്റോയും ഒക്കെ കടുത്ത സ്ത്രീവിരോധികളായിരുന്നുവെന്ന സത്യം തന്റെ അദ്ധ്യാപകരാരും ഒരിക്കൽ പോലും സൂചിപ്പിച്ചില്ല. ജീനിയസ്സുകളായ പുരുഷന്മാർക്കുപോലും പുരുഷാധിപത്യചിന്താഗതിക്കപ്പുറം പോകാനായില്ലെന്നത് തന്നെ വല്ലാതെ സങ്കടപ്പെടുത്തുന്നു എന്ന് ചെസ്‌ലർ. പുരുഷന്മാരായ പ്രൊഫസർമാരും തൊഴിൽദാതാക്കളും അവരുടെ കീഴിലുള്ള മറ്റു പല പെൺകുട്ടികളേയുമെന്നപോലെ തന്നേയും ലൈംഗികമായി ശല്യം ചെയ്തിട്ടുണ്ട്. അവരുടെ അത്തരം താലപര്യങ്ങൾ തന്നെ ഒരേ സമയം അലോസരപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്തു. അത്തരം അവസ്ഥകളെ ഒരു സ്ത്രീവാദവിശകലനത്തിന് വിധേയമാക്കാനുള്ള കോപ്പൊന്നും അന്ന് തന്റെ കൈവശം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ താനവയെപ്പറ്റി മൗനം പാലിക്കുകയോ മറക്കാൻ ശ്രമിക്കുകയോ അവയുടെ പേരിൽ സ്വയം കുറ്റപ്പെടുത്തുകയോ ഒക്കെയാണ് ചെയ്തത്. എന്നാലിന്ന് ഫെമിനിസം നൽകുന്ന അവബോധം അത്തരം ചൂഷണങ്ങളെ ചെറുക്കാനുള്ള ശക്തി സ്ത്രീകൾക്കു സമ്മാനിക്കുന്നു.

സ്ത്രീവാദം ഇല്ലായിരുന്നെങ്കിൽ തന്റേത് ഒരു 'കുറഞ്ഞ ജീവിതം' (lesser life) ആകുമായിരുന്നു എന്ന് ചെസ്‌ലർ. ഫെമിനിസത്തിലൂടെ തന്റെ ജീവിതത്തിന് ഒരു നാലാം മാനം (fourth dimension) കൈവന്നു. ഫെമിനിസ്റ്റ് ബോധവത്ക്കരണ സംഘങ്ങൾ പുരുഷന്മാർ ചെയ്യുന്ന തൊഴിലുകൾ ചെയ്യാൻ സ്ത്രീകളേയും സജ്ജരാക്കി. അദ്ധ്യാപികയും നേഴ്സും സെക്രട്ടറിയും മാത്രമായിരുന്നവൾ, പോലീസ് ഓഫീസറും അഗ്നിശമനസേനാംഗവും ഇലക്ട്രീഷ്യനും ഇൻവെസ്റ്റ്മെന്റ് ബാങ്കറും ശാസ്ത്രജ്ഞയും വക്കീലും ന്യായാധിപയും പത്രപ്രവർത്തകയുമൊക്കെയാവാൻ തുടങ്ങി. എന്നാലിന്നും ഫെമിനിസ്റ്റ് കൃതികൾ വായിക്കണം എന്ന നിർദേശം സമൂഹത്തിനാകെ നൽകപ്പെടുന്നില്ല. വിമൻസ് സ്റ്റഡീസിന്റെ ഭാഗമായി മാത്രം അത്തരം വായന നടക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ഓരോ അജ്ഞതയും ചരിത്രത്തിലെ തെറ്റുകൾ ആവർത്തിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുന്നു എന്ന സത്യം നാം മനസ്സിലാക്കുന്നില്ല. ഈ ബോധ്യം ഉള്ളതുകൊണ്ടുതന്നെയാവണം, ഫെമിനിസത്തിലെ പ്രധാനരചനകളുടെ ഏറെ ഉപകാരപ്രദമായ ഒരു ഗ്രന്ഥസൂചി തന്റെ പുസ്തകത്തിന്റെ അവസാനം ചെസ്‌ലർ അവതരിപ്പിക്കുന്നത്.

ദൈവം മരിച്ചു, രാജാവ് മരിച്ചു എന്നൊക്കെ പറയുന്ന പോലെ, പുരുഷൻ എന്ന ഭൂമിയിലെ ദൈവത്തിന്റെ മരണം വിളംബരം ചെയ്യുന്നു ഫെമിനിസം. അവബോധവും അന്തസ്സും സ്ത്രീകൾ സമരങ്ങളിലൂടെ ഇത്തിരീശ്ശെയായി നേടിയെടുക്കുകയായിരുന്നു. സ്ത്രീകൾക്കു വേണ്ടതിന്റെ അതിരുകൾ സ്ത്രീവാദം വികസിപ്പിച്ചു. ലൈംഗികസ്വാതന്ത്ര്യവും രാഷ്ട്രീയാധികാരവും ഉന്നതപദവികളും പൂർണമായ നീതിയും അതിലേക്കു കടന്നു വന്നു. കാല്പനിക പ്രണയത്തേക്കാൾ നീതിബോധമാണ് സുന്ദരം എന്ന തിരിച്ചറിവുണ്ടായി. 'നല്ലവൾ' എന്നാൽ പുരുഷാധിപത്യമൂല്യങ്ങൾക്ക് അനുസരണയോടെ വഴങ്ങുന്നവൾ എന്നുമാത്രമാണർത്ഥമെന്ന് ഫെമിനിസ്റ്റ് പദാവലി തിരുത്തിക്കുറിച്ചു. ചില സന്ദർഭങ്ങളിൽ സ്ത്രീവാദികളെ അമ്പരപ്പിച്ചുകൊണ്ട് എതിർഗ്രൂപ്പുകൾ അവരോട് അണിചേരാൻ വന്നേക്കാം. അവരെ തടയേണ്ടതില്ല. പക്ഷേ അപ്പോഴും സ്വന്തം ആദർശങ്ങളിൽ വെള്ളം ചേർക്കാതിരിക്കാൻ, സ്വന്തം അതിരുകൾ കാത്തുസൂക്ഷിക്കാൻ ഫെമിനിസ്റ്റുകൾ അതീവശ്രദ്ധാലുകളായിരിക്കണം.

**ഫെമിനിസം ഒരിക്കലും ലൈംഗികാനന്ദത്തിന് എതിരല്ല. എന്നാൽ പുരുഷാധിപത്യം എന്നും സ്ത്രീയുടെ അത്തരം സാഫല്യങ്ങൾക്ക് തടയിടാനാണ് ശ്രമിച്ചിട്ടുള്ളത്. ഫ്രോയിഡ് അടക്കം പറഞ്ഞിട്ടുണ്ട് നമ്മളെല്ലാവരും സ്ത്രീയും പുരുഷനും ഉഭയലൈംഗികത (bisexuality) ഉള്ളവരാണെന്ന്. ഇതിനർത്ഥം എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കളിക്കുകയാണെന്നല്ല. എന്നാൽ അത്തരമൊരു സാദ്ധ്യത എല്ലാവരിലുമുണ്ടെന്ന വസ്തുത അംഗീകരിച്ചേ പറ്റൂ.**

പലപ്പോഴും സാമ്പത്തികവും നിയമപരവുമായ ആശ്രയീഭാവത്തെയാണ് സ്ത്രീകൾ പ്രണയമായി കാല്പനികവൽക്കരിക്കുന്നത്. പുരുഷനും വരുത്തുന്നുണ്ട് അതേ തെറ്റ്. വീട്ടുജോലി, ലൈംഗികത, പുനരുല്പാദനം എന്നിവയിൽ ലഭിക്കുന്ന സേവനങ്ങളെ കാല്പനികവത്ക്കരിച്ച് അയാൾ പ്രണയമെന്ന് വിളിക്കുന്നു. നിങ്ങളെ നിങ്ങളല്ലാതാവാൻ നിർബന്ധിക്കുന്ന ഒരു സ്നേഹവും യഥാർത്ഥമല്ലെന്ന് തിരിച്ചറിയണം. അങ്ങനെ നോക്കുമ്പോൾ, മക്കളെ സ്നേഹിക്കുന്നുവെന്നവകാശപ്പെടുന്ന പല മാതാപിതാക്കളുടെയും പെരുമാറ്റത്തിൽ അതില്ലെന്നു കാണാം. ചില ദമ്പതിമാർ ഒറ്റപ്പെടലിനെ പേടിച്ചും മക്കളെക്കരുതിയും ഒരുമിച്ചു ജീവിക്കുന്നു. അങ്ങനെ ചെയ്യുന്നത് ഒരു കുറ്റമൊന്നുമല്ലെങ്കിലും, അത്തരം കേവല മാനുഷികസംവിധാനങ്ങളെ സ്വതന്ത്രപ്രണ

യം എന്നു വിളിക്കാനാവില്ല. നിങ്ങൾ കാണാനാഗ്രഹിക്കുന്ന തരത്തിൽ മറ്റുള്ളവരെ കാണലുമല്ല സ്നേഹം. തന്നേയും തന്റെ സ്നേഹഭാജനത്തേയും താന്താങ്ങളുടെ എല്ലാ അനന്യതയിലും ദർശിക്കുന്നിടത്താണ് സ്വതന്ത്രപ്രണയം സംഭവിക്കുന്നത്.

ഫെമിനിസം ഒരിക്കലും ലൈംഗികാനന്ദത്തിന് എതിരല്ല. എന്നാൽ പുരുഷാധിപത്യം എന്നും സ്ത്രീയുടെ അത്തരം സാഫല്യങ്ങൾക്ക് തടയിടാനാണ് ശ്രമിച്ചിട്ടുള്ളത്. ഫ്രോയിഡ് അടക്കം പറഞ്ഞിട്ടുണ്ട് നമ്മളെല്ലാവരും സ്ത്രീയും പുരുഷനും ഉഭയ ലൈംഗികത (bisexuality) ഉള്ളവരാണെന്ന്. ഇതിനർത്ഥം എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കളിക്കുകയാണെന്നല്ല. എന്നാൽ അത്തരമൊരു സാദ്ധ്യത എല്ലാവരിലുമുണ്ടെന്ന വസ്തുത അംഗീകരിച്ചേ പറ്റൂ.

സ്ത്രീപുരുഷന്മാർ കുട്ടികൾ വേണമെന്നുവെക്കുന്നതിലും വേണ്ടെന്നുവെക്കുന്നതിലും താൻ യാതൊരു വ്യത്യാസവും കാണുന്നില്ലെന്ന് ചെസ്‌ലർ. അതൊക്കെ തീർത്തും വ്യക്തിപരമായ തെരഞ്ഞെടുപ്പുകൾ മാത്രം. എന്നാൽ ഉണ്ടാക്കിയ കുട്ടികളെ കൈവിടാതിരിക്കുക എന്നത് പ്രധാനമാണ്. അതുപോലെ, സ്വന്തം  സ്വത്വരൂപീകരണം പൂർത്തിയാവും മുൻപ്. സാമ്പത്തിക സുരക്ഷനേടിയെടുക്കും മുൻപ് കുടുംബം കൊണ്ട് നടത്താൻ എല്ലാതരത്തിലും ത്രാണിയുണ്ടാവുന്നതിന് മുമ്പ് കുട്ടികളെ ജനിപ്പിക്കാതിരിക്കാനും ശ്രദ്ധിക്കണം. വളർത്താൻ സ്വന്തം കുട്ടികൾ തന്നെ വേണമെന്നില്ല. നിങ്ങൾ ഒരു തരത്തിലും അച്ഛനമ്മമാർ ആവുന്നില്ലെങ്കിൽ പോലും അടുത്ത തലമുറയോട് ഉത്തരവാദിത്വമുള്ളവർ ആയിരുന്നേ പറ്റൂ എന്നും ചെസ്‌ലർ ഓർമ്മിപ്പിക്കുന്നു.

ഫെമിനിസ്റ്റുകൾ കുടുംബം എന്ന സ്ഥാപനത്തെ എതിർക്കുന്നവർ ആയാണ് എപ്പോഴും ചിത്രീകരിക്കപ്പെടാറ്. ഇതു  ശരിയല്ല. പുരുഷാധിപത്യ കുടുംബവ്യവസ്ഥയോടു മാത്രമാണ് അവർക്കെതിർപ്പ്. അതിൽ പുരുഷൻ ഭരിക്കുന്നു. എന്നാൽ ചുമതലകൾ മിക്കതും സ്ത്രീയുടേത്. കുറ്റങ്ങൾ ഇത്രയും ഏറ്റുവാങ്ങേണ്ടതും അവൾ. ഫെമിനിസം പലതരം കുടുംബങ്ങൾ സാദ്ധ്യമാണ് എന്നു കരുതുന്നു. ജീവശാസ്ത്രപരമായി നിങ്ങൾക്ക് ബന്ധമില്ലാത്ത കുട്ടികളോടൊപ്പവും നിങ്ങൾക്കൊരു കുടുംബമുണ്ടാക്കാം. സ്വവർഗ്ഗസ്നേഹികൾക്കുമാവാം കുടുംബം. സുഹൃത്തുക്കൾ ഒരുമിച്ചു താമസിച്ചും കുടുംബജീവിതമാസ്വദിക്കാം. മറ്റുള്ളവരുടെ മക്കൾക്ക് മുത്തശ്ശനോ മുത്തശ്ശിയോ ആവാനും നിങ്ങൾക്കു കഴിയും. ഇത്തരം അനൗപചാരിക കുടുംബങ്ങളിൽ പൊതുവെ കൂടുതൽ ജനാധിപത്യം പുലരുന്നതായിക്കാണാം. ആൺപെൺ അധികാരവ്യത്യാസങ്ങളില്ലാതെ, വീട്ടുജോലിയും സമ്പത്തും ഏറെക്കുറേ ന്യായമായി പങ്കുവെച്ചുള്ള തരം ജീവിതമാണത്.

വിവാഹം ഒരു ഫെമിനിസ്റ്റ് സ്ഥാപനമല്ല എന്നാണ് ചെസ്‌ലറുടെ പക്ഷം. ഇതിനർത്ഥം വിവാഹം കഴിക്കാനുള്ള  ഒരാളുടെ അവകാശത്തെ ചോദ്യം ചെയ്യുന്നു എന്നല്ല. എന്നാൽ ഒരിക്കലും അതിലേക്ക് അന്ധമായി പ്രവേശിക്കരുത്. നിങ്ങളുടെ പൂർവ്വികരുടെ ജനിതകാനശ്വരത (genetic immortality) നിലനിർത്താനാണെങ്കിൽ പോലും. വാസ്തവത്തിൽ വിവാഹം സ്ത്രീയെ അവൾ ജനിച്ചു വളർന്ന കുടുംബത്തിൽ നിന്നകറ്റുകയും മറ്റു സ്ത്രീകളിൽ നിന്ന് അടർത്തിയെടുക്കുകയും അവളെ കൂലിയില്ലാത്ത വീട്ടടിമ-ലൈംഗിക അടിമ-പുനരുല്പാദന അടിമ ആക്കുകയുമാണ് ചെയ്യുന്നത്. പരമ്പരാഗത ഭാര്യക്ക് വിശ്രമത്തിനോ പ്രണയത്തിനോ അവകാശമില്ല. എന്നാൽ  അവളുടെ ഭർത്താവിന്റെ പരസ്ത്രീഗമനങ്ങൾക്ക് അവൾ മാപ്പുകൊടുക്കുകയും വേണം. ഒരു കാമുകനേക്കാളും കുട്ടിയേക്കാളും സ്ത്രീക്ക് ആദ്യം വേണ്ടത് സാമ്പത്തികസ്വാതന്ത്ര്യമാണ്.  വിവാഹത്തിലും മാതൃത്വത്തിലും അതവളെ കൂടുതൽ സുരക്ഷിതയാക്കുകയും ചെയ്യുന്നു.

ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ നിങ്ങൾക്ക് കരുത്തുറ്റ സ്വത്വബോധം ഉണ്ടായിരിക്കട്ടെ; അതിന് ഉറപ്പുള്ള അതിരുകൾ ഉണ്ടായിരിക്കട്ടെ; അവ ലംഘിക്കാൻ ആരേയും ഏറ്റവും അടുപ്പമുള്ളവരെപ്പോലും അനുവദിക്കരുത്; അതേ സമയം, മറ്റുള്ളവരുടെ അതിർത്തികളെ ബഹുമാനിക്കാൻ നിങ്ങളും ബാദ്ധ്യസ്ഥരാണ്. ഫിലിസ് ചെസ്‌ലർ തന്റെ പതറാത്ത സ്വരത്തിൽ നമ്മോടു പറയുന്നു.

പുസ്തകത്തിൽ നിന്ന്

*“(മകനേ, ഒരു ഫെമിനിസ്റ്റായ)  നീ, നിന്റെ ആൺസുഹൃത്തുക്കൾ പെണ്ണുങ്ങളെ ലൈംഗികവസ്തുക്കൾ മാത്രമായി ചിത്രീകരിക്കുമ്പോൾ ശക്തമായി പ്രതികരിക്കേണ്ടതുണ്ട്. നിന്റെ പെൺസുഹൃത്തുക്കൾ ഒരു പെണ്ണിനെതിരേ അന്യായമായി സംസാരിക്കുകയോ പ്രവൃത്തിക്കുകയോ ചെയ്യുമ്പോഴും.... നീ ഏറെ അഭിമാനത്തോടെ കാണുന്ന നിന്റെ ഫെമിനിസ്റ്റ് അവബോധം നിനക്ക് വേദനയും നൽകും.... എന്തെന്നാൽ പുരുഷാധിപത്യം  വാഗ്ദാനം ചെയ്യുന്ന പ്രത്യേക അവകാശങ്ങൾ സകലതും തിരസ്ക്കരിച്ചു ‘ഒറ്റക്ക്’  മുന്നോട്ടു പോവേണ്ടി വരും നിനക്ക്” (P. 143)*

Book : Letters to a Young Feminist
Author : Phyllis Chesler
First published : 1997
publisher : Four Walls Eight Windows, New York

# അന്വേഷി കേസ് ഡയറി



സ്മിത

മുംതാസ്. അതാണവളുടെ പേര്.  ഇരുപത്തി ഒമ്പത് വയസ്സായപ്പോഴേക്കും ഒരു ജന്മത്തിലനുഭവിക്കേണ്ടതിലധികം അനുഭവിച്ചവൾ. ഒരു ദിവസം "എന്നെ രക്ഷിക്കണം, വീട്ടിൽ എന്നെ പൂട്ടിയിട്ടിരിക്കുകയാണ്" എന്ന് അവൾ ഒരു ഫോൺകോളിലൂടെ അന്വേഷിയെ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷി അവളുടെ പ്രശ്നത്തിലിടപെടുന്നത്. അന്വേഷിപ്രവർത്തകർ മുംതാസിന്റെ വീട്ടിൽ ചെന്ന് അവളോടും അവളുടെ വീട്ടുകാരോടും സംസാരിക്കുകയും അന്വേഷിയിലേക്ക് വരാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവരാരും വന്നില്ല. മുംതാസിന് അന്വേഷിയിലേക്ക് വരണമെന്നുണ്ടായിരുന്നു. അവൾ വളരെ സമർത്ഥമായി ആരുമറിയാതെ അന്വേഷിയിലെത്തി. പ്ലസ്ടുവും ടീച്ചേർസ് ട്രയിനിംഗും കഴിഞ്ഞ മുസ്ലിം സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടിയായിരുന്നു അവൾ. നല്ല രീതിയിൽ തന്നെയാണ് അവളുടെ വിവാഹം നടന്നത്. അവൾക്കുണ്ടായ ചെറിയൊരസുഖത്തിന്റെ പേരിൽ ഭർതൃവീട്ടുകാർ അവളെ അവളുടെ വീട്ടിൽ കൊണ്ടാക്കി. പിന്നീടങ്ങോട്ട് പ്രശ്നങ്ങൾ തന്നെയായിരുന്നു. അതേത്തുടർന്ന് അയാൾ അവളെ മൊഴിചൊല്ലി. അവളുടെ വീട്ടിലും ബന്ധുവീടുകളിലുമായി അവൾ താമസിച്ചു. അവർക്കെല്ലാം അവളെ ആവശ്യമായിരുന്നു. കാരണം താമസിക്കുന്ന വീട്ടിലെ പണികളെല്ലാം അവൾ നന്നായി ചെയ്യുമെന്നതായിരുന്നു കാരണം.

എന്തെങ്കിലും മാനസിക വിഷമങ്ങൾ ഉണ്ടാകുമ്പോൾ അവൾ ആളാകെ മാറും. അപ്പോൾ അവൾ മറ്റു ഭാഷകളിൽ സംസാരിക്കും. ദേവിയാകും. അങ്ങനെ അവരുടെ സമുദായത്തിന്റെ രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യും അതായിരുന്നു അവളുടെ അസുഖം. സഹികെടുമ്പോൾ വീട്ടുകാർ അവളെ മുറിയിലിട്ടു പൂട്ടും. അവൾക്ക് ബാധ കയറിയതാണെന്ന് വീട്ടുകാർ വിശ്വസിച്ചു. ഇതു ചികിത്സിക്കാൻ വന്ന അവളേക്കാൾ എത്രയോ വയസ്സിന് മൂപ്പുള്ള, വിവാഹിതനായ ഒരാൾക്ക് വീട്ടുകാർ അവളെ കല്യാണം കഴിച്ചു കൊടുത്തു. അതാണ് അവർ ചെയ്ത ചികിത്സ.  അത് പ്രശ്നമായി. അയാളുടെ വീട്ടിൽ നിന്ന് രക്ഷപ്പെട്ട് അവൾ വീണ്ടും സ്വന്തം വീട്ടിലെത്തി. അവിടെ അവൾ ബന്ധനസ്ഥയായി. ഇതാണ് മുംതാസ് പറഞ്ഞ കഥ. അന്വേഷി മുംതാസിന് വൈകാരിക പിന്തുണ നൽകുകയും ഷോർട്ട് സ്റ്റേ ഹോമിൽ താമസസൗകര്യം കൊടുക്കുകയും ചെയ്തു. പിന്നീട് വീട്ടുകാരെ വിവരമറിയിച്ചു.

മുംതാസ് പറഞ്ഞ കഥയുടെ നിജസ്ഥിതി അറിയാനായി അന്വേഷിയുടെ പ്രവർത്തകർ അവരുടെ വീട്ടിലും പരിസരത്തും പോയി വിവരങ്ങൾ ശേഖരിച്ചു. വീട്ടുകാരോട് നിർബന്ധമായും അന്വേഷിയിലേക്ക് വരാൻ പറഞ്ഞു. മുംതാസ് വീടുവിട്ടുപോയതു കൊണ്ട് വീട്ടുകാർക്ക് വരാതെ പറ്റില്ലെന്നായി. അവർ വരികയും കാര്യങ്ങൾ സംസാരിക്കുകയും ചെയ്തപ്പോൾ എല്ലാത്തിന്റേയും അടിസ്ഥാന പ്രശ്നം അവളുടെ അസുഖമാണെന്നു മനസ്സിലായി. വീട്ടുകാർക്ക് അതേ കുറിച്ചു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ബാധ കയറിയതല്ലെന്നും മനസ്സിനെ ബാധിക്കുന്ന ഒരസുഖമാണെന്നും അതു ചികിത്സിക്കേണ്ട ആവശ്യമുണ്ടെന്നും  അവരെ ബോധ്യപ്പെടുത്തി. കാര്യങ്ങൾ മനസ്സിലായപ്പോൾ അവർ ചികിത്സിക്കാൻ തയ്യാറായി. മരുന്നും സൈക്കോതെറാപ്പിയും കൊടുത്തു. അങ്ങനെ അവൾ സാധാരണനിലയിലായി. അവളോട് താല്പര്യം ഉണ്ടായിരുന്ന ഒരു വ്യക്തി അന്വേഷിയിലെത്തുകയും അവളെ വിവാഹം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. ഈ ബന്ധം വീട്ടുകാർ അംഗീകരിക്കുകയില്ല എന്നതിനാൽ അയാൾ അവളുടെ വീടുമായി ബന്ധപ്പെട്ടിരുന്നില്ല. മുംതാസിന് ഈ വിവാഹത്തിന് ഇഷ്ടമായിരുന്നു. അവളെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും അസുഖത്തിന്റേത് ഉൾപ്പെടെ അയാളോട് വിശദമായി പറഞ്ഞു. ചികിത്സ തുടരേണ്ട ആവശ്യവും പറഞ്ഞു കൊടുത്തു. ഒന്നിച്ച് ജീവിക്കാൻ തന്നെയാണ് തീരുമാനമെന്ന് ഇരുകൂട്ടരും അറിയിച്ചതിനെ തുടർന്ന് നിയമപ്രകാരം വിവാഹം ചെയ്യാൻ വേണ്ട സഹായങ്ങൾ അന്വേഷി ചെയ്തു കൊടുത്തു. ഇപ്പോൾ അവർ നന്നായി ജീവിക്കുന്നു എന്നാണ് അറിയുന്നത്.

റിപ്പോർട്ട്
അഡ്വ. ആ സിജ പുല്ലോളിൽ

# മഞ്ചേരിയിൽ നടന്ന ട്രാൻസ്ജെൻ ഡേഴ്സ് ശാക്തീകരണം




സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെന്റേഴ്സിന്റെ ഒരപൂർവ കൂട്ടായ്മ മഞ്ചേരിയിലെ ജില്ലാ കോടതിയിൽ നടന്നു.ഇക്കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലാണ് കൂട്ടായ്മ സംഘടിപ്പിച്ചത്.സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന ഈ വിഭാഗത്തിനുള്ള നിയമസംരക്ഷണങ്ങളെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും അറിവു പകരുന്നതിലുപരിയായി അവരെ സമൂഹത്തോടു് ചേർക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഈ കൂട്ടായ്മ. കേരളത്തിൽത്തന്നെ ആദ്യമായിട്ടാണ് ഒരു കോടതി ട്രാൻസ് ജെന്റേഴ്സിനെ ഈ വിധം ആദരിക്കുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുപതോളം ട്രാൻസ്ജെന്റേഴ്സുകൾ ഇതിൽ ഭാഗഭാക്കായി. ഈ വിഭാഗത്തിലെ ആക്ടിവിസ്റ്റുമാരായ ചാവക്കാടു സ്വദേശിയായ ഡി.ഫൈസൽ, തിരൂരിലെ കെ.വിജി എന്നിവരുടെ നേതൃത്വത്തിലാണ് അവരെത്തിയത്. ജില്ലയിൽ ഇത്തരക്കാർ അറുനൂറോളം പേരുണ്ടെന്നാണ് കണക്ക്.സമൂഹവുമായി ചേരാനുള്ള വൈമുഖ്യം കൊണ്ടാവാം ഇത്തരം കൂട്ടായ്മയിലെത്താത്ത് എന്നാണ് കരുതുന്നത്. ശാക്തീകരണ പരിപാടി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആർ.ടി.പ്രകാശ് ഉദ്ഘാടനം ചെയ്തു.ജില്ലാ ബാർ അസോസിയേഷൻ പ്രസിഡൻറ് ഇ.എം.കൃഷ്ണൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു.ഗവ. പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായ അനസ് വരിക്കോടൻ, കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയംഗം കെ.സി.മുഹമ്മദ് അഷ്റഫ്, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ രാജൻ തട്ടിൽ, ഏറനാട് താലൂക്ക് സെക്രട്ടറി കെ. കൈലാസ് ഭൂഷൺ എന്നിവർ സംസാരിച്ചു. സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആൻറ് എൻവയോൺമെൻറൽ വിസിറ്റിങ് ഫെലോ ഡോ. ടി.കെ.ആനന്ദിയും ജില്ലാ നിർഭയ സമിതിയംഗം അഡ്വ.സുജാത.എസ്.വർമ എന്നിവർ ക്ലാസ്സെടുത്തു. ഒരു വ്യക്തി എങ്ങനെയാണ് ഈ വിഭാഗത്തിലേക്ക് എത്തിപ്പെടുന്നതെന്ന് ദൃശ്യങ്ങളിലൂടെ വളരെ ശാസ്ത്രീയമായിത്തന്നെ ക്ലാസ്സെടുത്തു. ട്രാൻസ്ജെന്റേഴ്സുമായി അടുത്തു പെരുമാറുന്നതിന് മറ്റുള്ളവരെ പ്രേരിപ്പിക്കാൻ ഡോ.ആനന്ദിയുടെ ക്ലാസ് പര്യാപ്തമായി. സമൂഹത്തിന്റെ സഹതാപമല്ല;മറിച്ച് അവരുടെ സ്നേഹവും അംഗീകാരമാണ് തങ്ങൾക്ക് വേണ്ടതെന്ന് ആക്ടിവിസ്റ്റുകളായ ഫൈസലും വിജിയും ആവശ്യപ്പെട്ടു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇവരുടെ തന്നെ പ്രതിനിധികളും മറ്റു വനിതകളുമടങ്ങുന്ന ഒരു വനിതാ കമ്മീഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും അവർ ചൂണ്ടിക്കാട്ടി. പുരുഷൻമാരിൽ നിന്നാണ് പീഡനങ്ങൾ ഏൽക്കേണ്ടി വരുന്നത് എന്നുള്ളതു കൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം വയ്ക്കുന്നതെന്നും അവർ പറഞ്ഞു. അവരുടെ അവകാശങ്ങൾ അനുവദിക്കപ്പെടുമ്പോൾ മാത്രമേ സമുഹത്തിലെ ഒറ്റപ്പെടലിൽ നിന്നും മോചനവും സംരക്ഷണവും ലഭിക്കുകയുള്ളു എന്നാണവരുടെ വാദം.



ശാസ്ത്രം



സീമ ശ്രീലയം

# കാക്കണം തണ്ണീർത്തടങ്ങളെ



പ്രകൃതിക്ക് തണുപ്പും അനേകമനേകം ജീവജാലങ്ങൾക്ക് ജീവന്റെ തണലുമേകുന്ന തണ്ണീർത്തടങ്ങൾ അനുപമമായ ആവാസവ്യവസ്ഥയാണ്. എന്നാൽ യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാമിന്റെ പഠനറിപ്പോർട്ടുകൾ നൽകുന്ന മുന്നറിയിപ്പനുസരിച്ച് ലോകത്തിലെ തണ്ണീർത്തടങ്ങളുടെ അൻപത് ശതമാനത്തോളവും ഇരുപതാം നൂറ്റാണ്ടിൽ നാമാവശേഷമായി ക്കഴിഞ്ഞു. ഭൂമിയുടെ ജലസംഭരണികളും ജൈവവൈവിധ്യത്തിന്റെ കളിത്തൊട്ടിലും അപൂർവ്വ ജീൻ കലവറയുമായ തണ്ണീർത്തടങ്ങളുടെ നാശം എന്നത് നമ്മുടെതന്നെ നാശമാണ്. മാഞ്ഞുപോവുന്ന തണ്ണീർത്തടങ്ങൾ ഒരു വല്ലാത്തകാലത്തിലേക്കുള്ള ചൂണ്ടുപലകയാണ്.തണ്ണീർത്തടങ്ങളെ സംരക്ഷിക്കൽ ,അവയുടെ സുസ്ഥിരത ഉറപ്പുവരുത്തൽ എന്നിവ ലോകശ്രദ്ധയിൽ കൊണ്ടുവരാനായി എല്ലാ വർഷവും ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനമായി ആചരിച്ചു വരുന്നു. 1997 ലാണ് ദിനാചരണത്തിനു തുടക്കമായത്. എന്തുകൊണ്ട് ഫെബ്രുവരി 2 എന്നാണോ ? 1971 ഫെബ്രുവരി 2 നാണ് ഇറാനിൽ കാസ്പിയൻ കടലിന്റെ തീരത്തുള്ള റാംസറിൽ ലോകരാജ്യങ്ങൾ ഒത്തുകൂടി തണ്ണീർത്തട സംരക്ഷണത്തിൽ രാജ്യാന്തര സഹകരണം ഉറപ്പുവരുത്താനായി ഉടമ്പടിയുണ്ടാക്കിയത്. അതുകൊണ്ടാണ് ഫെബ്രുവരി 2 തണ്ണീർത്തട ദിനമായി ആചരിക്കുന്നത്.


വളരെ വിശാലമായ നിർവ്വചനമാണ് തണ്ണീർത്തടങ്ങൾക്ക് റാംസർ കൺവെൻഷൻ നൽകിയിട്ടുള്ളത്. അതനുസരിച്ച് കണ്ടൽക്കാടുകൾ ,ചതുപ്പുകൾ ,കായലുകൾ ,കോൾനിലങ്ങൾ ,പുഴകൾ ,അഴിമുഖങ്ങൾ ,നെൽവയലുകൾ ,ഡെൽറ്റകൾ ,മരുപ്പച്ചകൾ ,മനുഷ്യനിർമ്മിതമായ കുളങ്ങൾ ,ജലസംഭരണികൾ എന്നിവയൊക്കെ തണ്ണീർത്തടങ്ങളിൽപ്പെടുന്നു. സവിശേഷ ശ്രദ്ധ ആവശ്യമുള്ള തണ്ണീർത്തടങ്ങളെ റാംസർ പട്ടികയിൽ പെടുത്തുന്നുണ്ട്. ഇതിനകം തന്നെ രണ്ടായിരത്തിലധികം തണ്ണീർത്തടങ്ങൾ റാംസർ ലിസ്റ്റിൽ ഇടംനേടിക്കഴിഞ്ഞു. ഇതിൽ ഇന്ത്യയിൽ നിന്നുള്ള 26 എണ്ണവും പെടും. കേരളത്തിൽ നിന്നും റാംസർ ലിസ്റ്റിൽ ഇടം നേടിയിട്ടുണ്ട് ചില തണ്ണീർത്തടങ്ങൾ .വേമ്പനാട് കോൾനിലങ്ങളും ശാസ്താംകോട്ടക്കായലും അഷ്ടമുടിക്കായലുമാണവ.

ജൈവസമ്പത്തിന്റെ ഈറ്റില്ലമാണ് ഓരോ

തണ്ണീർത്തടവും. വിവിധതരം നീർപ്പക്ഷികൾ ,മത്സ്യങ്ങൾ ,സസ്തനികൾ ,സസ്യങ്ങൾ ,ഉരഗങ്ങൾ ,സൂക്ഷ്മജീവികൾ എന്നിങ്ങനെ വിസ്മയിപ്പിക്കുന്ന വൈവിധ്യമാണ് ജൈവജാലത്തിന് .തണ്ണീർത്തടങ്ങളുടെ കൂട്ടത്തിൽ സുപ്രധാനമായ ഒന്നാണ് കണ്ടൽക്കാടുകൾ .പുഴയും കടലും തമ്മിൽച്ചേരുന്ന ഉപ്പുകലർന്ന വെള്ളത്തിലും ചതുപ്പുനിലങ്ങളിലും
അഴിമുഖങ്ങളിലുമൊക്കെയാണ് കണ്ടൽച്ചെടികൾ സാധാരണ കാണപ്പെടുന്നത് .പ്രാന്തൻ കണ്ടൽ ,കുറ്റിക്കണ്ടൽ ,ഉപ്പട്ടി ,ചെറിയ കണ്ടൽ ,വള്ളിക്കണ്ടൽ എന്നിങ്ങനെ പലതരത്തിലുണ്ട് കണ്ടലുകൾ .തടി ,വിറക്, ഔഷധങ്ങൾ ,തേൻ ,മത്സ്യം, ഞണ്ട്, കാലിത്തീറ്റ തുടങ്ങിയ വിഭവങ്ങളുടെ അക്ഷയഖനിയാണ് കണ്ടൽക്കാടുകൾ .കണ്ണിനു കുളിർമ്മയേകുന്ന കാഴ്ച കൂടിയാണിത്. തീരപ്രദേശങ്ങളെ വെള്ളപ്പൊക്കം ,കൊടുങ്കാറ്റ് ,കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ നിന്നും ഒരു പരിധിവരെ സുനാമിത്തിരകളിൽ നിന്നും രക്ഷിക്കാനുള്ള കഴിവുണ്ട് കണ്ടൽക്കാടുകൾക്ക്. ജലസംഭരണം ,ജലശുദ്ധീകരണം ,മണ്ണൊലിപ്പ് തടയൽ ,പോഷകങ്ങൾ ആഗിരണം ചെയ്യൽ തുടങ്ങി തണ്ണീർത്തടങ്ങൾ നൽകുന്ന സേവനങ്ങൾക്ക് കൈയും കണക്കുമില്ല.

വിവേചനരഹിതമായ വികസന പ്രവർത്തനങ്ങൾ ,ഗുരുതരമായ മലിനീകരണം ,കൈയേറ്റങ്ങൾ ,അമിത ജലചൂഷണം തുടങ്ങി തണ്ണീർത്തടങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കടലോളമുണ്ട്. കായൽഭൂമി നികത്തുന്നതും അശാസ്ത്രീയമായ നഗരവികസനവും നിർമ്മാണപ്രവർത്തനങ്ങളും തുറമുഖ വികസനവും ചെമ്മീൻ കൃഷിയും ബണ്ടുകളും ഖരമാലിന്യ നിക്ഷേപവുമൊക്കെ കായലിനു ഭീഷണിയാണ് .വേമ്പനാട്ട് കായലിന്റെ വിസ്തൃതി ചുരുങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നു. ശാസ്താംകോട്ടക്കായലും അഷ്ടമുടിക്കായലുമൊക്കെ നാശത്തിന്റെ വക്കിൽത്തന്നെ. തണ്ണീർത്തടങ്ങൾ നശിപ്പിക്കുമ്പോൾ ഇരിക്കും കൊമ്പ് തന്നെയാണ് മുറിക്കുന്നതെന്ന സത്യം നാമിനി എന്നാണു തിരിച്ചറിയുക?

## കാർട്ടൂൺ




# അവസരങ്ങളിലേക്കുള്ള വഴി

**വിവേചനപരമായ നിയമങ്ങൾ**
**വിവേചനപരമായ സ്വഭാവരീതികൾ**
**വിവേചനപരമായ മാനദണ്ഡങ്ങൾ**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# റാണി ഝായുടെ സ്ത്രീചിത്രങ്ങൾ





She Gazes at the Moon



Two Women



Changing Women



## സോണി സോറി

ചത്തിസ്ഖഡിലെ ആദിവാസിമേഖലയിലെ അദ്ധ്യാപിക മാത്രമല്ല സോണി സോറി. ഭരണകൂടം വമ്പൻ മുതലാളിമാർക്ക് ഒത്താശചെയ്തു ആദിവാസികളെ വേട്ടയാടുന്നതിനെതിരെയുള്ള പോരാട്ടങ്ങളിൽ മുൻനിര നായികയാണവർ. കൂട്ടബലാൽസംഗത്തിനും ആസിഡ് ആക്രമണത്തിനും ഇരയായിട്ടും സധൈര്യം മുന്നേറുന്ന പോരാളി.




## റോബിൻ ചൗരസ്യ

ഒരു ലെസ്ബിയൻ ആയതിന്റെ പേരിൽ അമേരിക്കൻ എയർഫോഴ്സ് ലെഫ്റ്റനന്റ് പദവിയും ഉദ്യോഗവും ഉപേക്ഷിക്കേണ്ടി വന്ന റോബിൻ വേശ്യകളാക്കപ്പെട്ടവരുടേയും ട്രാഫിക്കിങ്ങിനിരയായവരുടേയും മക്കളെ വിദ്യ അഭ്യസിപ്പിക്കാൻ 2011 ൽ മുംബൈയിൽ ക്രാന്തി എന്നൊരു സ്കൂൾ സ്ഥാപിച്ചു.



## സോനൽ കപൂർ

ഇരുപത്തിമൂന്നാം വയസ്സിൽ മൈക്രോബയോളജിസ്റ്റിന്റെ ജോലിയുപേക്ഷിച്ച് ലൈംഗികപീഡനങ്ങൾക്കു വിധേയരായവരും മയക്കുമരുന്നിന് അടിമപ്പെട്ടുപോയവരും ആയ തെരുവുകുട്ടികൾക്കും അമ്മമാർക്കും വേണ്ടി സിനിമ, ഫോട്ടോഗ്രാഫി, കല എന്നിവയിലൂടെ പ്രതിരോധവും ജീവിതായോധനവും പഠിപ്പിക്കാൻ പ്രോത്സാഹൻ എന്ന സംഘടനരൂപീകരിച്ച് നേതൃത്വം നൽകുന്നു.

# അദ്ധ്യാപക മുഖങ്ങൾ



## തെരേസ മുർമു

ഝാർക്കണ്ടിലെ സോനസന്താൾ സമാജ് സമിതി യിലെ അദ്ധ്യാപിക.'സമൂഹം ഞങ്ങളോട് പെരുമാറുന്ന രീതി മാറ്റാനാണ് ഞാൻ ശ്രമിക്കുന്നത്. സന്താളി വിദ്യാഭ്യാസം വെറും പരീക്ഷ ജയിക്കലല്ല, അതൊരു ജീവിതരീതിയുടെ കൈമാറ്റം കൂടിയാണ്.

## സുനന്ദ മാനേ

ലെൻട് എ ഹേൻട് എന്ന സംഘടനയുടെ സ്ഥാപകയായ സുനന്ദ, മഹാരാഷ്ട്രയുടെ ഗ്രാമീണ മേഖലയിലെ അറുപതിലധികം സ്കൂളുകളിലെ കുട്ടികളെ ഗ്രാമീണ ജീവനരീതികളുമായി ബന്ധപ്പെടുത്തിയുള്ള തൊഴിലുകൾക്കും ചെറുവ്യവസായങ്ങൾക്കും സജ്ജരാക്കാൻ സഹായിച്ചു പോരുന്നു.





## റാണി ഝാ

പെൺകുട്ടികളെ വിദ്യ അഭ്യസിക്കാൻ അനുവദിക്കാതിരുന്ന കുടുംബസാഹചര്യങ്ങളെ മറികടന്ന് മിഥിലയിലെ ചിത്രകലയെക്കുറിച്ച് ഗവേഷണബിരുദം വരെ നേടിയ ശേഷം മിഥില ആർട്ട് ഇൻസ്റ്റിട്ട്യൂട്ടിൽ പഠിപ്പിക്കുകയും മധുബനി ചിത്രശൈലിയിൽ സ്ത്രീ കലാപാരമ്പര്യങ്ങളെയും പ്രതിരോധങ്ങളെയും വിദ്യാർത്ഥികളിലേക്ക് പകരുകയാണ് റാണി ഝാ.

With Love.
SINCE 1939

# A LOT HAS CHANGED OVER THE PAST 77 YEARS

WE'VE WON NUMEROUS PRESTIGIOUS AWARDS,
ADDED EXCITING NEW CUISINES TO OUR MENU,
MULTIPLIED OUR CHAIN ACROSS REGIONS,
GROWN OUR LIST OF SUBSIDIARIES.

# EXCEPT THE LEGENDARY TASTE OF OUR FOOD.

Salkara Once upon a time in Malabar... PARAGON GROUP
M GRILL GRILLS & MULTICUISINE
Paragon's brown town
SINCE PARAGON RESTAURANT & CATERING 1939
The Taste Destination

Karama 04 335 8700 Al Nahda 04 251 2545 calicutparagon www.paragonrestaurant.net